

2018-2019

**DEVA MATHA COLLEGE**

Affiliated to Mahathma Gandhi University, Kottayam

NAAC Accredited with A-Grade

# വഴുതനപ്പള്ളിൽ ജ്യൂവൽസ്








Vazhuthanappallil Building,
Opp:Bus Terminal, Kuravilangad
Ph: 0482 2231666

# വഴുതനപ്പള്ളിൽ
## ദന്താശുപത്രി

Vazhuthanappallil Building,
Opp:Bus Terminal, Kuravilangad
Ph: 0482 2231843

*Clinic Time*
*(Mon-Fri)*
*9.00am to 1.00pm*
*3.00pm to 5.30pm*
*Saturday*
*8.30am to 1.00pm*
*Sunday Holiday*

Dr.JOHNY THOMAS
Dr. RAKHEE CYRIAC



കൊഴിഞ്ഞ വസന്തത്തിനും തളിർത്ത നാമ്പുകൾക്കും...

അർപ്പിതം

# മനസ്സിൽ മായാതെ...

## തോമസ് സർ;





"അർദ്ധവിരാമം
പ്രത്യാശയുടെ പ്രതീകമാണ്.
കഥകളൊന്നും ഇവിടെ
അവസാനിക്കുന്നില്ല
എന്ന പ്രത്യാശ...
ഒടുങ്ങിത്തീരുന്നതിനു പകരം
പൊരുതാൻ തീരുമാനിച്ചവർക്ക്
[illegible] പ്രത്യാശ..."




| | | | |
|---|---|---|---|
| Publisher | : Dr. JOJO K JOSEPH | Student Editor | : SWETHA PV |
| General Editor | : Dr. CIBY KURIAN | Sub Editors | : DHANYA SUNNY |
| Staff Editors | : Dr. JOBIN JOSE | | EMIL TOM MANUEL |
| | : Dr. Sr. FANCY PAUL | | DEV JAYAKUMAR |
| | : Mrs. DEEPA THOMAS | Design | : REMYA NIYA |
| | | Printed at | : NIYA STUDIOS, & EVENTS KURUPPANTHARA, MOB: 9544550974 |


Declaration about Ownership of Deva Matha College Annual 2018-19 (see form IV Rule 8)

| | |
|---|---|
| Place of Publication | : KURAVILANGAD |
| Periodity of Publication | : ANNUAL |
| Publisher's Name | : Dr. JOJO K JOSEPH |
| Address | : PRINCIPAL, DEVA MATHA COLLEGE, K[illegible]VILANGAD |

I, Dr. Jojo K Joseph, hereby declare that the particulars given above are [illegible] the best of my knowledge and belief

Dr. JOJO K JOSEPH
Principal

# Management



**MAR. JOSEPH KALLARANGATT**
(Patron)



**REV. DR JOSEPH THADATHIL**
(Manager)



**DR. JOJO K. JOSEPH**
(Principal)



**FR. DINOY KAVALAMMACKAL**
(Vice Principal)



**FR. KURIAKOSE VELLACHALIL**
(Bursar)

# സന്ദേശം...



വളരെ നന്നായിരിക്കുന്നു...........

ഈ വർഷത്തെ നമ്മുടെ കോളേജ് മാഗസിന്റെ താളുകളിലൂടെ കടന്നുപോയപ്പോൾ തോന്നിയ അഭിപ്രായമാണിത്. വിദ്യാർത്ഥികളുടെ സാഹിത്യാഭിരുചികളെ തൊട്ടുണർത്തി വളർത്തുവാനുള്ള ഒരു വേദിയായി കാലങ്ങൾക്കു മുൻപ് ആരംഭിച്ച 'കോളേജ് മാഗസിൻ'പ്രസിദ്ധീകരണ സമ്പ്രദായം നവ സാമൂഹ്യ മാദ്ധ്യമങ്ങളുടെ തിരത്തള്ളലിന്റെ ഈ കാലഘട്ടത്തിലും അടിപതറാതെ തുടരുന്നുവെന്നത് ശുഭോദർക്കം തന്നെ. ഈ മാഗസിൻ നമുക്ക് അനുഭവവേദ്യമാക്കുന്നതുപോലെ ഇത്ര മനോഹരമായി ഇതിനെ അണിയിച്ചൊരുക്കുന്നതിന് പിന്നിൽ തങ്ങളുടെ സമയവും സർഗ്ഗശേഷിയും അർപ്പിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ എല്ലാ അദ്ധ്യാപക സുഹൃത്തുക്കളുടെയും സന്മനസ്സിനെ നന്ദിയോടെ അനുസ്മരിക്കുന്നു. ഇതിലെ ഉള്ളടക്കങ്ങൾക്കാധാരമായ കലാസൃഷ്ടികൾ വിദ്യാർത്ഥികളിൽ നിന്ന് ശേഖരിച്ച്, പ്രസിദ്ധീകരണ യോഗ്യമായവ തിരഞ്ഞെടുത്ത്, ഇതിനുവേണ്ടുന്ന സാമ്പത്തിക ചിലവുകളിൽ ഒരു ഭാഗം വഹിക്കുവാൻ തയ്യാറുള്ള പരസ്യദാതാക്കളെ കണ്ടുപിടിച്ച് ഈ മാഗസിൻ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി അക്ഷീണം പരിശ്രമിച്ച കോളേജ് യൂണിയനിലേയും എഡിറ്റോറിയൽ ബോർഡിലേയും വിദ്യാർത്ഥി പ്രതിനിധികളെ ഹാർദ്ദമായി അനുമോദിക്കുന്നു. ചിത്രങ്ങൾ വരച്ച്, കഥകളും കവിതകളും രചിച്ച് ഈ മാഗസിനെ സമ്പന്നമാക്കിയ കൊച്ചു കലാകാരൻമാർക്കും, കലാകാരികൾക്കും വരും കാലത്ത് കല[illegible] ഉയരങ്ങൾ കീഴടക്കുവാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. ഒരു പേരിൽ എന്തിരിക്കുന്നു [illegible]ാൻ ഷേക്സ്പിയറിന്റെ ചോദ്യത്തെ ഓർമ്മപ്പെടുത്തുംവിധം പ്രത്യേക പേരു[illegible] ഒരു അർദ്ധവിരാമചിഹ്നം കൊണ്ട് വളരെ അർത്ഥവത്തായ ആശയങ്ങൾ ദ്യോതി[illegible]ട്ട ദേവമാതായുടെ 2018 – 19 വർഷത്തെ ഈ കോളേജ് മാഗസിൻ വായനക്കാർക്കു [illegible] സമർപ്പിക്കുന്നു!

പ്രിൻസിപ്പാൾ

# College Union 2018-2019



SACHIN S

(Chairman)



THRISHA RAJ

(Vice Chairman)



ABHISHEK SHINE

(General Secretary)



ARAVIND R

(Arts Club Secretary)



SWETHA P V

(Magazine Editor)



PRADHEESH PRADEEP

(University Union Councillor)



MELBIN MATHEW P.B

(University Union Councillor)



MEHANA SAJAN

(Lady Representative)



ANIT GRACE THOMAS

(Lady Representative)



BASIL [illegible]

(III DC Represen[illegible]



BIBI SHAJU

(II DC Representative)



SIRAJUNNISA N A

(I DC Representative)



JOEL SUNNY

(II PG Representative)



RINTO SABU

(I PG Representative)



BEN BABU

(Sports Secretary)

# Editorial Board


DR. CIBY KURIAN
(General Editor)


SWETHA P V
(Student Editor)


DR. JOBIN JOSE
(Staff Editor)


MRS. DEEPA THOMAS
(Staff Editor)


DR. SR. FANCY PAUL
(Staff Editor)


EMIL TOM MANUEL
(Sub Editor)


DHANYA S
(Sub Editor


AKUMAR
(Sub Editor)

# എഡിറ്റോറിയൽ



നീലക്കടലിന്റെ അപാരതയിൽ നിന്നും ഉദിച്ച്
ഭ്രംശമർദ്ദത്തിന്റെ ചിറകിൽ
പ്രചണ്ഡമാരുതിയായി പരശുരാമക്ഷേത്രത്തെ
തല്ലിത്തകർത്ത ഓഖി താണ്ഡവം..........
മേഘസ്ഫോടനം ഉന്മാദനൃത്തമാടിയ
പ്രളയകാലം.......
പൂർവ്വേഷ്യയിൽ നിന്നും മായ ചിറകിൽ
നമ്മുടെ
സിരകളിലേക്ക് ചേക്കേറിയ മരണത്തിന്റെ
നിറമുള്ള നിപ വൈറസ്...
എല്ലാം നമ്മുടെ ചരിത്രഗതിയിലെ ഓരോ
ആകുലതകളാണ്, ഓർമ്മപ്പെടുത്തലുകളാണ്,
കാലഗതിയിലെ ഓരോ അർദ്ധവിരാമങ്ങളാണ്,
ഒന്നും അവസാനിക്കുന്നില്ല...
കാലം അനുസ്യൂതം ഒഴുകുമ്പോൾ ഈ
കലാലയത്തിൽ നാം ഒത്തുകൂടിയ നിമിഷങ്ങൾ
വരച്ചിടുന്നതും ഒരു അർദ്ധവിരാമമാണ്.
സാന്ദ്രമായ ഈ നിമിഷങ്ങൾ
ഉതിർത്ത ചിന്തകളും വരകളും വർണ്ണങ്ങളും
ഈ താളുകളിൽ സമർപ്പിക്കട്ടെ.......

ശ്വേത പി.വി
എഡിറ്റർ


"We are what we repeatedly do. Excellence, therefore, is not an act, but a habit."
Aristotle
BRITISH SCHOOL
OF IELTS, OET, PTE
COLLEGE Jn., KURAVILANGAD
Ph: 94479 09954, 80782 46871
ADMISSION ONGOING
Admission only for 15 students in each batch
IELTS ONGOING REGULAR & WEEKEND BATCHES.
EVENING BATCH WILL COMMENCE SOON.
OET 3/2 MONTHS REGULAR BATCH IS ON PROGRESS.
PTE : CLASS WILL COMMENCE SOON.
Our Distinguishing Features
* EXPERIENCED AND TALENTED TEACHERS LEADING THE CLASSES FOR IELTS & OET.
* A/C, SMART CLASSES.
* SYLLABUS AND STUDY MATERIALS PREPARED BY OUR EXPERT TEACHERS AND TRAINERS.
* A REFERENCE LIBRARY WITH ADVANCED ENGLISH BOOKS.
* MOCK TEST AT REGULAR INTERVALS TO ASS LEVEL OF EACH STUDENT.
* RESTRICTED ADMISSION FOR EACH BATCH TO TENTION AND QUALITY DELIVERANCE
* SPECIAL GRAMMAR SESSIONS OF EXPERIENCE
Benny Joseph
(Director)
OUR SISTER CONCERN : DILIGENCE ACADEMY OF IELTS, OET, THODUPUZHA

യാത്രകളിലെ ലക്ഷ്യങ്ങൾ പാടുള്ളൂ...


ജീവിതവിജയങ്ങളിൽ


ലക്ഷ്യങ്ങളിൽ

എത്തുന്ന ഇടത്തിൽ നിന്നും

വീണ്ടും ആരംഭിക്കണം

വിജയാശംസകൾ...






@alendevrvishnu



# തണുപ്പ്

എൻ മാനസതാരിൽ
വിടർന്ന നീർമാതളപ്പൂവിനു-
ള്ളമാരാലും കാണാനായില്ല
പ്രിയനാഥനറിയാതിരിക്കാനിന്നും
എന്നും, അതാ പൂവിനുള്ളിൽ
ഒരിളം മഞ്ഞുകണമായി മൂടപ്പെട്ടു.

മഞ്ഞിൻ നനുത്ത തണുപ്പായ്,
അവനെന്നുമെന്റെ ഹൃത്തിനുള്ളിൽ
സ്പർശനമായുണരുന്നു
ഞാൻ മാത്രമറിയുന്ന തണുപ്പ്


ഓരോ നിമിഷവും
കൂടിവരുന്ന ആ തണുപ്പ്
എന്റെ വിരലുകൾ തണുത്തുറയുന്നതു-
വരെ എന്നിലുണ്ടാവും.



അമല റോസ് ബെന്നി

# മഴയല്ല, മഴവില്ല്

ലോകത്തേറ്റവും കൂടുതൽ ആളുകൾ ആരാധിക്കുന്ന ഹാസ്യതാരം ഒരു സ്ത്രീയാണ്.' റഫീക്കിന്റെ ആ പ്രസ്താവനയിൽ ഞാൻ അത്ഭുതപ്പെട്ടു. 'സ്ത്രീയോ! എനിക്കറിയാം എലൻ അല്ലേ!?' ഗിലിയുടെ മറുപടി കേട്ടപ്പോൾ, ആരാണത്? എന്നു ചോദിക്കാൻ പൊളിച്ച വായ് ഞാനടച്ചു. പക്ഷേ, മുഖത്തു മായാതെ നിന്നിരുന്ന ആ ചോദ്യത്തിനുത്തരമായി റഫീക്ക് ഒരു വിദ്വാൻഭാവം അണിഞ്ഞു. 'അതേ, എലൻ ഡീജെനറസ്. എത്രയോവട്ടം ഓസ്കാർ ഹോസ്റ്റ് ചെയ്തിരിക്കുന്നു അവർ. പതിനേഴു വർഷമായിട്ട് 'Ellen show' നടത്തിക്കൊണ്ടുപോകുന്നു. അസാമാന്യ പ്രതിഭ. പക്ഷേ, ആള് ലെസ്ബിയനാ!' 'അവിടെ അങ്ങനൊരു 'പക്ഷേ' വേണമായിരുന്നോ റഫീക്കേ?' എന്നു ചോദിക്കണമെന്നുണ്ടായിരുന്നു. ചോദിച്ചില്ല. സമയം നോക്കി കൂടുതലവിടെ ഇരിക്കാതെ ബാഗുമെടുത്ത് ഇറങ്ങി. ഇറങ്ങിയപ്പോൾ ചെറിയ മഴയുണ്ടായിരുന്നു. കുടയെടുത്തിട്ടില്ല. സാരമില്ല. നനയാം. കുറച്ചു ദൂരമല്ലേ ഹോസ്റ്റലിലേക്കുള്ളൂ. എൻ ഐ സിയിൽ ജോലികിട്ടി ജോയിൻ ചെയ്യാൻ വേണ്ടി പോകുമ്പോൾ ഉടുക്കാൻ സാരി വാങ്ങാനിറങ്ങിയപ്പോൾ അമ്മ പറഞ്ഞത് ഇപ്പോഴും കാതിൽ മുഴങ്ങുന്നുണ്ട്. 'നല്ലൊരു ചെക്കനെ കിട്ടാൻ സർക്കാരുദ്യോഗം വേണമെടീ.' നഗരത്തിനിടയിൽ അടിഞ്ഞ ചെളികിളളിക്കൊണ്ട് ഞാനതു കേട്ടിരുന്നു. 2001 ലാണ് സംഭവം. ദീപമേത്തയാണ് പ്രധാന കക്ഷി 'ഫയർ' സിനിമയ്ക്ക് സെൻസർ ബോർഡ് അനുമതി നിഷേധിച്ചു. മനോരമയിലെ വാർത്ത കണ്ട എട്ടാം ക്ലാസുകാരിക്ക് കാര്യം മനസ്സിലായില്ല. 2006, സെന്റ് തെരേസാസ് കോളേജ്, വിമൻസ് ഹോസ്റ്റൽ ആദ്യദിനം നിരന്നു നിൽക്കുന്ന പെൺകുട്ടികളോടായി വാർഡൻ ശക്തമായ സ്വരത്തിൽ പറഞ്ഞു. മറ്റൊരാളുടെ കട്ടിലിൽ കിടക്കുകയോ, ഇരിക്കുകയോ വേണ്ട എന്ന്, ഒരാൾക്കു മാത്രം കിടക്കാനാവുന്ന കട്ടിൽ കണ്ടപ്പോൾ തോന്നിയ അത്ഭുതം രണ്ടാം പ്രസ്താവന കേട്ടപ്പോൾ വീണ്ടും തോന്നി. 'രണ്ടു പേർ ഒന്നിച്ചു കിടക്കരുത്.' മഴ കൂടി വരുകയാണല്ലോ! അതെ, അനുഭവങ്ങളുടെ നെരിപ്പോട് ശക്തമായി എരിയുന്നുണ്ടല്ലോ, പെയ്യാതെങ്ങനെ... എപ്പോഴാണ് ഷിബു വരുന്നത്? ക്ലാസ്മെയ്റ്റ് നന്ദിനിയുടെ കല്യാണത്തിനു ശേഷമാണ്. എന്തായാലും. എന്തു പറഞ്ഞു അയാളോട്? അതും മറന്നിരിക്കുന്നു. 'എനിക്കങ്ങനെ ഒന്നില്ല' എന്നാലും പറഞ്ഞിരിക്കുക. അമ്മയോടെന്തു പറഞ്ഞു. വിവാഹമില്ലെന്നു തന്നെ പറഞ്ഞു ഒരുപാടു ബഹളം വെച്ച് അമ്മ അതിന് പിന്നെ നയത്തിൽ ഉപദേശിച്ചു. ലിറ്ററേച്ചർ ക്ലാസിൽ കേട്ട സാഫോയാണ് അപ്പോൾ ഓർമയിൽ നിറഞ്ഞത്. മഴപെയ്യട്ടെ, പെയ്തൊഴിയട്ടെ... ഹോസ്റ്റൽ റൂമിലെ ജനാലയിലൂടെ എനിക്കീ മഴ ആസ്വദിക്കണം. ഉള്ളിലെ മഴ പെയ്തൊഴിഞ്ഞുവെന്ന് ആ കുളിരുകൊണ്ട് പറഞ്ഞുറപ്പിക്കണം. മാനത്തുയരുന്ന ഏഴഴകുള്ള മഴവില്ല് നോക്കി എനിക്ക് പുഞ്ചിരിക്കണം.



അക്ഷര വി.

# Water Colour



M.S Malvika




Aswathy Raveendran


PERFECT MOBILES
Sales & Services
KURAVILANGAD
+91- 8714333050
EMI AVAILABLE
തവണ വ്യവസ്ഥയിൽ
എല്ലാ വിധ മൊബൈൽ ഫോൺ
സർവ്വീസ്സ് ഉായിരിക്കുന്നതാണ്
vivo
oppo
mi
micromax
LAVA
NOKIA
Jio
honor
SAMSUNG


RONI
BOUTIQUE
EMBROIDERY & STICHING UNIT
Central Jn. Kuruppanthara
Tel.: 9497100238
Fabrics, Salwar Material, Saree's Jewelery, Chapels
Bags, Ladies Accessories Laces, Wedding Decorations &
Bridal Materiels, Available for rent Wholesale


Matha Glass House
മാതാ ഗ്ലാസ്സ് ഹൗസ്
വൈക്കം റോഡ്, കുറവിലങ്ങാട്
ഫോൺ: 9400663279, 9846169741
GLASS · GLASS WORK · PLYWOOD · MDF · MULTI WOOD · LOCKS · HINGES
HANDLES · MODULAR KITCHEN ITEMS · GENERAL HARDWARES


BOOT & BAG
കുറവിലങ്ങാട്
KURAVILANGAD
Mob : 9605769197
RS / BELT / RAIN COAT
TLE BAT / TROLLY BAGS



# Maya Was Right The Caged Bird Does Sing.

For a student like me to write about something if asked for or not, wouldn't be expected a task, but this I'm doing as I believe is essential. As the title suggests, this isn't a manifesto for a feminist paradise that I dream of everyday, nor a political write-up for an anti-man utopia, this isn't a crying out of a woke, communist teenager against any Big Brother oligarchy (or could be), academically some would call this a polemic, an announcement or even a bunch of words from a stoned wannabe hippie, whatever they call it, I'm all yours, to be titled, to be labelled, to be named, to be shamed, to be left under a pile of dusty chipping paper stacks.


It has been over a year since I've become a part of the growing youth power in my country, for old men in moustaches to call 'shining light of the future India' but I refuse to shine in your world as I believe my light is for other worlds, worlds that are deemed unworldly, worlds that are offered no voice, no love, worlds that have no fear in failing. A college student is much more than you'd expect, considering the power dispensation can be an epidemic anytime, now. So I'll make this a pamphlet dedicated to all my peers, student or not, to read about what I think we should and shouldn't be doing, why it's important to think and most importantly why to act, why the tongue and the pen should elongate as a weapon that sheds wisdom and not blood. I'm writing this as a student of 'life', as a 19 year old hopeful about the world I live in. And my world is not a chilly shaped coastal land stretched towards the sea, nor a divided peninsula, part of three quarrelling siblings. For me the world is the air, the love, the language and the idea to stay and understand the complexities of life around us. I refuse to see things in one independent format as the establishment has put out for me, I refuse to separate a predatorial behaviour to a godly ideal. College for me began as a blank paper printed in with invisible ink, slowly its showing, not so scary, not so lovely but complex.

We're entering a new era, a new kind of life, books have been replaced by Instagram stories, dusty newspaper stacks replaced by, well, clear, glossy newspaper stacks spewed with hate and lies. As a student of both literature and journalism, both important ways of storytelling, it brings ache to my imagined DNA, to know we have lost the power to think. Independent news services are now corporate owned and when being someone who even looks like a threat is shot and mockingly given a state gun salute. It is in this time, when WE matter, the students matter. Arts and Science students are cornered in the most tactical ways by the power and left begging for jobs we never wanted. Doctors and engineers made to believe that AC cubicles are the only world. That is when we, the caged birds should sing.

Hate politics and religious institutionalism has made us narrow poster boys and poster girls for a rotten system. We have embraced our toxic privileges and forgotten our world. And I would never blame our parents or our teachers for any of what has happened to us, as a people, for the last couple of years, but the system. I often quote from Woolf's Room of One's Own every time, even though it refers to women, it is also any marginalised soul that deserves a room of her own. But we, as students are given that room, only without windows, without air to breathe or mind to think.

I first noticed this when I met older people who've been extremely political and vocal in their student life in the 80s and 70s, when they passionately speak about student power and anti-establishment ideas, I listened like a curious convert in an evangelical camp. But I did realise soon after that it was more than that, it was important for us to understand that patiently, in a humble way.

We don't live in an India where it is possible for man to ride in with a sword on a horse-top to Delhi and claim the throne, but why does it seem so. As Ms. Roy puts it, this country has stopped being a country and starting to be an empire. Academically speaking, there is a strong decay of civil society in this country since the wake of the 21st century. We are forced to manufacture an excuse for every thing, we are forced to depend and are forced to be thankful to a government that we pay for. Isn't it funny that a forensic team comes to a murder scene, tests everything but the murder itself, when judiciary loses its hold over dispensing justice, when parliament discussions become family feuds, when writers become celebrities, when celebrities become torch bearers for fascists and when mothers of raped daughters and 'encountered' sons go on hunger strike in front of fortresses of Mps and MLAs. But civil society isn't devoid of us, us students,





we aren't a different category of spices locked away in a different shelf of mason. It is we that has to say, "Maybe not, let's find a different way" to the authorities. When economic totalitarianism has stolen the rights of local farmers and small businesses and has transferred its power to suit wearing arms dealers and their rich wine drinking wives in chiffon sarees, there is something we can do, it is to resist. And how to resist is the key question, do we still have to have a romanticised Gandhian virtue in us that turns us into dolls of a yoga ashram or do we have to find different ways of educating ourselves abut problems of the common world.

They've told us our job is either going for further studies and finally finding a place in a richly arranged cubicle in the metropolis of Bengaluru or Chennai, or our job is to find no job at all and give up dreaming forever and wait for our small dreams to be bulldozed by our own Vaishya masters.

We aren't told what's happening a few kilometres away from these cities, about the sky, air, soil, water, the flora and fauna dying of hunger the same way the poorest meat butcher has no healthy meat to slice up. When vegan evangelists funded by the richest corporations march to close down meat shops (only the ones owned by the poor), we forget a million farmers marching not for the right to wealth or the right to education, but the most fundamental right, the right to live, to breathe and to smell atleast once in 6 months.

I was recently present in a few literary events around Kerala and found out that artists in general have lost their ability to see reality. It's like those romantic notions of the drunk, opium addict artist unable to see the world in its real form has been re-established by our publishing houses and art agents. It is better to smoke up in the 14th floor of a Grand hyatt than walk around in the real muddy streets. But I'm not here to spread any kind of communist guilt. I'm here to ask, let's take a minute to not see things in forms of good and evil, by binaries of black and white, and let's see it in the



most authentic form possible, which isn't hard if you're free from a little bit of WhatsApp mess.

Even I or you could be one of the millions of graduates walking around jobless in India today, even PhD holders are manufactured like cheap condoms by paid thesis makers.

The word education has become a silly addition to our lives. Should we allow them to mock us in this way, to let them hand cuff and mind cuff us from asking the questions that has to be asked, to let us feel ashamed of the way we look, what clothes we wear and what books we read, what food we eat, what kind of footwear we possess and if our nails have little dirt in them, the dirt of displeasure and despair. Why do definitions matter in a world where defining something is easy – whether it's profitable or not. Today thoughts are plastic wrapped and shelved in supermarkets.

They don't want us reading, or writing or even spending a little while talking about things that matter. Is a student speaking up that big of a threat, is a 19 year old writing that big of a threat, then be it, the art of threatenism can be made useful for gaining microphones for our voices.

I, as a student want to appeal to those deliberately silent, comfort seekers of the planet that you haven't been much useful for us, but them. You may learn to be silent so efficiently but you have to realise that silence is equal to fascism, it is what they want us to be, silent. Taking sides isn't a crime in my world. We don't want patriarchy to make us dress and speak in a certain way, we don't want religion to make us love in a certain way, we don't want textbooks that make us think in a certain way, all we want is truth, and all we want to speak is truth. Ofcourse they're afraid.



They? Who am I referring to, are they among us? Or are they watching us from afar? Maybe the former is more correct. Politically correct, as I'd like to put it. But students shouldn't be afraid, yes we're different, some of us want to favour the Big Brother and it isn't surprising. Let them fall for the propaganda machines. Atleast some of us can co-exist with the help of love. As Berger likes to put it, it is the way of seeing that makes us unique individuals. We chose what to see, how to see and when to see it, and even not to see. It isn't surprising when a nun was raped, 13 times by a man in power and we had people openly supporting him or finding fault in the nun, we had religious pigs garlanding the accused bishop and mocking the survivor. When a little tribal girl was raped by a group of men in Kashmir, we had MPs marching in support of rapists, we refused to speak about Kashmir when it happened. When Adivasi families are driven out of their homeland by the courts and when Muslims and Dalits are flogged and lynched on the streets, it is our time to get out and resist in whatever way we can, with art, with marches, on the internet, in the sun, wherever, however. These things are political, when did word 'politics' become a bad one, we have to be political in a society that wants us to be apolitical rats waiting to die away and be buried in unmarked corners. Weekend marches and demonstrations has its own flaws like every other social justice movements but that doesn't mean they're aimless. We



have to understand flogged and lynched on the streets, it is our time to get out and resist in whatever way we can, with art, with marches, on the internet, in the sun, wherever, however. These things are political, when did word 'politics' become a bad one, we have to be political in a society that wants us to be apolitical rats waiting to die away and be buried in unmarked corners. Weekend marches and demonstrations has its own flaws like every other social justice movements but mean they're aimless. We have to understand that LGBTQI+ rights and women's rights are both human rights, that the discourse on climate change needs to be given attention as much as elections, we have to realise that racism and casteism is a staunch reality in India and we have tried to get away with it all these years.

These injustices can only be brought to light if the voices emerge from civil society and not from MNC funded newsrooms. In several parts of the world teachers and students are holding hands for climate change, we have women standing us against sexual violence and we have journalists risking their lives for bringing out the truth in places like Iraq, Yemen, Kashmir, Palestine and even, the Vatican. A student can have a life outside the real world, in his/her textbooks, in the four concrete walls of the classrooms but the real world is not outside the student's life, it encompasses his/her ideals.





We shouldn't let our thoughts be commoditized, our life be marketed and our love for things be defined by any 'body of power' or 'concerned authority'. Yes, 2019 is an important year. Not only for Indians alone, but for everyone desperately trying to voice their opinions in an intolerant, unwelcoming world, where people are afraid to stand together, where black people are shot down, where Muslims are used as scapegoats and where refugees are played around with during policy making.

I want to appeal to everyone reading this that we have to close our cosmopolitans and pulp fiction and read about the missing parts in history, we have to understand the ignored facts, and as Indians we have to know what our Constitution says and what our politicians want us to believe, we have to know about rights and about the rich history of anti-establishment resistance.

As I have many minority identities within me, I also want to say that it is important to have an intersectional way of thought for an inclusive world. To see the power structures that try to defend toxic ideals and notions and destroy them from their roots. And for that, if we have to be dangerous people, be it. It is important to be radical, to be loud and clear about justice.



Akmal Ahmed

# Secret



JISHNU K S

It was a starry night
She was feeding him
She kissed him on the forehead....
He smiled as she did
She said if you finish this
I'll tell you a secret....

But as a kid he had his doubts..
What is secret..!
What difference does it make from other things...!
He asked...

She smiled n said
Have you ever seen someone's soul...!
U can't see it unless the person shows it to you...
You know what is soul
It is who we are..
A secret is a piece of soul
You can get somebodys only when that person
believes you and loves you

But when somebody gives you piece of their soul
You must keep it hidden from others for ever

Why would we do that..!?
He asked

Cause they gave it to you because you won
their heart with love and trust
and everybody can't do that
Only few can
Only few gets secrets
So you must keep it away from others....
Hidden...

They shared a lot
He remembered everything clearly as it was...

He looked up to the sky
Amongst the stars he saw her...
I am not going to tell anyone 'which one is you'
I'll keep the secret like you said
promise...





literaryarcher
**ARUN RAMDAS**

Who are we, but mere sapiens
who dwell the earth seeking
means to outlive our famish.
Who are we, but savages who
kill and rape for our
hoggish joys.
Who are we, but arrogant
hounds who see the cities for
help as bliss.
Who are we, but sapiens who
are responsible for mother
nature's agony.

O Catherine!
O Catherine! My dearest,
fill my heart
With your divine verses
About how it all unfurled,
from the start
To here, where we wait our
hearses
Sing to me of the time we
let
Our hearts kiss, like how
Your bittersweet lips had
met
Mine, tell me those stories
now
For our time here is almost
done
Speak about the time we
fell
From our apex, for when we
were twenty-one
Today was not something we
could foretell
As the sand in the glass
runs out, my life with
You looks as if it was
merely a myth

22,814 views
ARUN RAMDAS
#instawriter #writersofinsta #lovequeen
#life #microtales



merlin_joy
MERLIN JOY

"എന്തെങ്കിലും
പറയാനുണ്ടോ"
അസ്തമയസൂര്യൻ
കടലിനോട് ചോദിച്ചു
കരഞ്ഞുകലങ്ങിയ
കണ്ണുമായി കടൽ
പറഞ്ഞു "നമുക്കു
വിടപറയാം...."
നിൻ
പ്രഭാകിരണങ്ങൾ
തൻ തലോടൽ
ഏറ്റുവാങ്ങി,
കൈകൾകോർത്ത്
ആകാശ
നീലിമയിലേക്ക്
പൊങ്ങി
കുതിക്കുവാൻ.
നിന്നുടൽ ചൂടാൽ
പൊങ്ങി മറിഞ്ഞ്
മെല്ലെ നിന്നെ
ആലിംഗനം
ചെയ്യുവാൻ.
ചുവന്ന പരവതാനി
കീഴിൽ എല്ലാം
മറന്നു
ചുംബിക്കുവാൻ
പ്രിയതമാ
അടുത്ത
പ്രഭാതത്തിനായി
ഞാൻ കാത്തിരിക്കാം,
ഇപ്പോൾ നമുക്ക്
വിടപറയാം.

22,814 views
MERLIN JOY
#instamalayalam #writersofinsta #sunsetlove
#life #microtales



**paradigm_parallaxes**

**COLLIN JOHNSON**

**She was a**

**lightning**

**That came out of**

**nowhere...**

**Lightened my**

**life, buried in**

**dark...**

**But that lasted**

**just seconds...**

**And after all,**

**That was just a**

**dream, that**

**slept a night with**

**me...**

**"With my moon**

**gone dark...**

**I've seen how**

**many stars I**

**had..."**

**Eclipse teaches**

**one thing...**

**THERE'S**

**SOMETHING IN**

**STORE FOR YOU TO**

**BE ALWAYS HAPPY**

22,814 views

COLLIN JOHNSON

#writergram #writersofinsta #writersoul
#life #scribbles



nourin
**NOURIN FATHIMA KHAN**

"ഇരുട്ടിനെയാണ് ഞാൻ പ്രണയിച്ചത്
വെളിച്ചവുമായി എന്നിലേക്ക് കടന്നുവന്നവനാണ് നീ
ഇന്ന് നീ എന്നിൽ നിന്നും അകന്നു പോയിരിക്കുന്നു
വീണ്ടും ഇരുട്ടിലേക്ക് ഞാൻ ചേക്കേറുന്നു
പക്ഷേ ഇരുട്ടിനും ഇന്ന് ഞാൻ ഒരു ബാധ്യതയാകുന്നു
ഇന്ന് ഇരുട്ടും എന്നെ ഒറ്റപ്പെടുത്തുന്നു.
എന്നാൽ ആ ഒറ്റപ്പെടലിൽ ഞാൻ സന്തോഷിക്കുന്നു.."

"ഈ യാത്ര എന്റേതുമാത്രമാണ്
അതിനായി ഞാൻ തിരഞ്ഞെടുക്കുന്ന
പാതയും എന്റെ ഇഷ്ടത്തിനനുസരിച്ചാണ്
മുന്നിൽ വരുന്ന തടസ്സങ്ങൾ അതും എന്റേതാണ്
ഞാനാണ് അതിനെ തരണം ചെയ്യേണ്ടത്
ഞാൻ മാത്രം..."

22,814 views
NOURIN FATHIMA KHAN
#instamalayalam #writersofinsta #wildchild
#life #microtales



_k.a.l.y.a.n.i_
**KALYANI NAIR**

**I lost the grip of time when the ink in**
**me started**
**Inking itself through my pen...**
**Filled itself on its own and made me**
**lose all senses**
**Of pros and cones...**
**Seconds passed onto minutes and**
**hours kept**
**Passing by...**
**Meanwhile I lost all senses of time**
**and kept**
**Writing...queer tales of mine!**

**Every time I tried to let out the flame**
**in me...**
**Desperately I failed...**
**Couldn't raise my voice high enough**
**to let out the burning chaos...**
**Held in me all that I held**
**Bombarding in my mind...**
**Reeking my soul...**
**Exploding in my head...**
**Little did I know myself until when...**
**It was time for me to raise my pen...**

22,814 views
KALYANI NAIR
#instawriter #writersofinsta #writergram
#life #microtales



# SHINE

**MAKEUP STUDIO & FAMILY SALON**

9961820643
9744275780
9048117030

പ്രവർത്തന സമയം: 9.00 am - 9.00 pm

## അഴകിനു മിഴിവേകിയ ഒന്നരപ്പതിറ്റാണ്ട്...
## മുഖസൗന്ദര്യത്തിന് ഒരു തിലകക്കുറി..

*(for Brides, Grooms + Families)*

**'നവവധുവിനെ അണിയിച്ചൊരുക്കുവാൻ പുരുഷകേസരികളെ ഗന്ധർവ്വസമാനരാക്കാൻ ചടങ്ങ് ഏതുമാകട്ടെ താരം നിങ്ങളാണ്.'**

അഭിമാനാർഹമായ 16 വർഷങ്ങൾക്ക് ശേഷം പുതിയ രൂപത്തിലും ഭാവത്തിലും അത്യാധുനിക സൗകര്യങ്ങളോടെ SHINE MAKEUP STUDIO & FAMILY SALON ദേവമാതാ കോളേജിന് എതിർവശം പരിയാനിക്കൽ ബിൽഡിംഗ്, കുറവിലങ്ങാട്. നിങ്ങളുടെ സൗന്ദര്യത്തിനു മാറ്റുകൂട്ടുവാൻ അഭിമാനപൂർവ്വം സ്വാഗതം ചെയ്യുന്നു.

സ്നേഹപൂർവ്വം
ഷൈനി മാത്യു പാലമറ്റം

**Specialities**

Groom & Bridal Makeup
(HD, Glazz, Air Brush makeup)
Nail Art, Permanent Tattooing,
Hair Styling & Cutting,
Mehandi Design, Ear Stud & Ear Lobe
Car Decoration & Bridal Bouquet



**Other Works**

*All types of Hair & Skin Treatments, Hair Colouring, Cutting, Straighting, Smoothening, Kerating Treatment, Facials, Waxing, Pedicure & Manicure*

## Call Booking

**ബുക്കിംഗ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്**


NSS












# NCC










SANTHOSH KUMAR S.

MOB : 9497664946



S&S

TOURS & TRAVELS

KOTHANALLOOR, KOTTAYAM

49, 35, 27, 17, 12 SEAT A/C & NON A/C COACH

WE UNDERTAKE OF ALL TYPES OF PACKAGE TOURS

LA OPALA

തനിമ

സൂപ്പർമാർക്കറ്റ്

പള്ളിക്കവല, കുറവിലങ്ങാട്

ഫോൺ-04822 - 231790, 9656775000

എല്ലാവിധ ചെറുകടികളും 6 രൂപ
നിരക്കിൽ ലഭിക്കപ്പെടും
ടീ പാർട്ടി ഓർഡറുകൾ
മിതമായ നിരക്കിൽ സ്വീകരിക്കുന്നു.

ഫ്രഷ് പോത്ത്, പന്നി, കോഴി, താറാവ്
മുയൽ, ആട്, എല്ലാ വിധ കടൽ,
കായൽ മത്സ്യങ്ങളും എല്ലാ ദിവസവും
ഡ്രസ് ചെയ്ത് കൊടുക്കപ്പെടുന്നു

പന്നി ഇറച്ചി - 240/-
പോത്ത് ഇറച്ചി - 320/-
രൂപ നിരക്കിൽ ദിവസവും ലഭ്യമാണ്

ഇതാ നിങ്ങൾക്കായി വമ്പിച്ച വിലക്കുറവുകളുമായി
എല്ലാ ആഴ്ചകളിലും ചൊവ്വാഴ്ച ചന്ത ഉണ്ടായിരിക്കുന്നതാണ്

GEORGE STEPHEN
Managing Director
9605518837
9605518836
9747544357

RILIN TITTO
Manager
9656811257

CASINO

FAMILY RESTAURANT

Indian Cuisine
PALLIKAVALA, KURAVILANGAD

UTSAV

FAMILY RESTAURANT

Indian Cuisine
KOZHA, KURAVILANGAD
(Near Block Office)



# ജീസസ്സ് യൂത്ത്

## ദേവമാതാ കോളേജ്

കുറവിലങ്ങാട് ദേവമാതാ കോളേജ് ജീസസ്സ് യൂത്തിന്റെ ആനിമേറ്റർ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപിക ഡോ. സി. ഫാൻസി പോൾ ആണ്. ഒപ്പം അതേ ഡിപ്പാർട്ട്മെന്റിലെ ജെൻസി മിസ്സും, ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലെ ജിതിൻ പീറ്ററിന്റെ നേതൃത്വത്തിൽ 8 പേരടങ്ങുന്ന കോർ ടീം ആണ് കോളേജിലെ ജീസസ് യൂത്തിനെ കഴിഞ്ഞ വർഷം നയിച്ചത്. എല്ലാ തിങ്കളാഴ്ചയും കോർ മീറ്റിംങ്ങും, ബുധനാഴ്ചകളിൽ വൈകിട്ട് 3.15 മുതൽ 4.00 വരെ ചാപ്പലിൽ വച്ച് പ്രെയർ മീറ്റിങ്ങും നടത്തപ്പെടുന്നു. ജീസസ്സ് യൂത്തിന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് 12.30 മുതൽ 1.00 വരെ കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ ദേവാലയത്തിൽ വച്ച് ജപമാല പ്രാർത്ഥന നടത്തപ്പെടുന്നു. ഓരോ മാസവും കോളേജ് ചാപ്പലിലെ വി. കുർബാനയും, ആരാധനയും ജീസസ്സ് യൂത്തിനെ പരിപോഷിപ്പിക്കുന്നു. കഴിഞ്ഞ ഓണക്കാലത്ത് കേരളത്തെ മുഴുവൻ ബാധിച്ച പ്രളയ ദുരിതത്തിൽപ്പെട്ടവർക്ക് ഒരു സഹായമാകുവാൻ ദേവമാതാ കോളേജിലെ ജീസസ്സ് യൂത്തിന് സാധിച്ചു. കേരള ജീസസ്സ് യൂത്ത് പ്രോജക്ടായ 'നല്ല അയൽക്കാരൻ' പദ്ധതിയുടെ ഭാഗമായി ദുരിതാശ്വാസ ക്യാമ്പ് സന്ദർശിക്കുവാനും പ്രളയബാധിത പ്രദേശങ്ങളിലെ വീടുകളും സ്ഥാപനങ്ങളും വൃത്തിയാക്കുവാനും കഴിഞ്ഞത്, വ്യത്യസ്തമായ അനുഭവമായിരുന്നു. അതോടൊപ്പം കോളേജിലെ വിദ്യാർത്ഥികളിൽ നിന്നും ശേഖരിച്ച ബുക്കുകളും, പേനകളും പ്രളയബാധിത പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുവാനും സാധിച്ചു. കഴിഞ്ഞ വർഷം ജീസസ്സ് യൂത്തിന്റെ സഹകരണത്തോടെ ഒരു പ്രോലൈഫ് എക്സിബിഷനും നടത്തപ്പെട്ടു. 2019 ജൂലൈയിൽ നടക്കുവാൻ പോകുന്ന Jesus youth one day programme 'FOG' ലൂടെ, ദേവമാതാ കേളേജിലെ ജീസസ്സ് യൂത്ത് കുടുംബത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

# ഒരു തുമ്പി മാറ്റിയെഴുതിയ ജീവിതം....





ഒരു വെള്ളിടിയേറ്റപോലെ ഞാൻ എന്റെ മയക്കത്തിൽ നിന്നും ഉണർന്നു.
കത്തിജ്ജ്വലിക്കുന്ന സൂര്യപ്രകാശം എന്നെ ചുറ്റുമുള്ളത് കാണുന്നതിൽ നിന്നും വിലക്കുന്നതായി തോന്നി.
എങ്ങനെയൊക്കെയോ എന്റെ കണ്ണുകൾ ഞാൻ തുറന്നു. വായിച്ചു പകുതി തീർത്ത നോവൽ ഇപ്പോഴും എന്റെ നെഞ്ചിൽ ചൂടുപറ്റി കിടക്കുന്നു. വായനയിൽ മുഴുകി മയങ്ങിയതാണ്. എപ്പോഴെന്നറിയില്ല..

"നാടിനും വീടിനും ഭാരമായി എന്തിനാണ് നീ ജീവിക്കുന്നത്? എന്റെ ദൈവമേ, ഇങ്ങനെയൊരു സന്തതിയാണല്ലോ എന്റെ വയറ്റിൽ പിറന്നത്.." താൻ ഏറെ സ്നേഹിച്ച തന്റെ അമ്മയുടെ ഈ വാക്കുകൾ അവളെ ഏറെ നോവിച്ചു. അറിയാതെതന്നെ മിഴികൾ കണ്ണുനീർ പൊഴിച്ചു.
നോവൽ കഥാപാത്രത്തിൽ ഞാൻ എന്നെ തന്നെ കണ്ടു. എന്റെ ജീവിതകണികകൾ എവിടെയൊക്കെയോ ദൃശ്യമാകുന്നപോലെ. ആർക്കും വേണ്ടപ്പെടാത്ത ജീവിതമാണ് എന്ന എന്റെ നിരന്തര തോന്നൽ, ജീവിതത്തോടുള്ള വെറുപ്പ്..
എങ്ങനെയൊക്കെയോ ആ കഥാപാത്രം എന്റെ പ്രതിനിധിയായി മാറി. ഈ ചിന്തകളിലൂടെ കടന്നുപോകുമ്പോഴാകാം മയക്കം എന്നെ തലോടിയത്.
ഉറക്കം എണീറ്റുവന്നപ്പോൾ എന്നെ സ്വാഗതം ചെയ്ത ആ കാഴ്ചയാണ് എന്റെ ചിന്തയെ മാറ്റിമറിച്ചത്. പരവതാനിപോലെ വിരിഞ്ഞു കിടക്കുന്ന ആകാശത്തിൽ പാറിപറന്നു നടക്കുന്ന തുമ്പികൾ....

ഞാൻ അവയെ കുറെയേറെ നേരം നോക്കികണ്ടു. സുന്ദരമീ ലോകത്ത് അവയുടെ ജീവിതം വെറും അഞ്ചോ ആറോ ദിനങ്ങൾ.. അതിലൊതുങ്ങുന്ന അവയുടെ ജീവിതം, ആനന്ദത്തിൽ അവർ ജീവിച്ചുതീർക്കുന്നു.
പരിഭവങ്ങളില്ല.. പരാതികളില്ല..
ഒരു നിമിഷം ആ തുമ്പി ഞാനായിരുന്നെങ്കിൽ എന്നാഗ്രഹിച്ചുപോയി.
എവിടെനിന്നോ ജീവിക്കുവാനുള്ള ആവേശം എന്നിൽ കുടിയേറി. കഴിഞ്ഞുപോയതിനെ തിരിഞ്ഞുനോക്കാതെ, വരാനിരിക്കുന്നവയെ ഭയപ്പെടാതെ, ഇപ്പോൾ, ഈ നിമിഷം ജീവിക്കാനുള്ള ആവേശം...
ദുഃഖങ്ങൾ മറന്നു, പ്രയാസങ്ങൾ മറന്നു, ഞാൻ തിരിച്ചറിയുന്നു ഞാൻ ഇപ്പോൾ സന്തോഷവതിയാണ്.
ഒരു തുമ്പി മാറ്റിയെഴുതിയ ജീവിതം...



റോസ് തോമസ്

# BANJARAN



MEDHA SAGARI

"We are all born within a cocoon,
And yet meant to fly"
Then fly...travel the world,
Walk off the beaten path
To get rid of the clock and
Live by the rising sun...
To build your own roads
Today because tomorrow,
The ground is too uncertain for
plans and
Futures have a way of falling in the
mid-flight....
Worship the moon and
Fall in love with everyone you meet
Collect stories to tell
Follow your bliss and
Free your gypsy soul.



# സൗഹൃദം

മിഴിനീർത്തുള്ളി മഴയായലിയും
കണ്ണുകളിൽ ചെറുരാഗം നിറുന്നു
നീലവിതാനത്തിൽ വിരിയും
വാർമഴവില്ലിൻ നിറമിന്നു ഞാൻ
കാണുന്നു നിന്നിലെ ജീവനിൽ
നിനക്കായ് കുറിക്കാൻ ഒരുങ്ങുമെൻ
വരികളിൽ വിരിയുന്നു നിൻദളം
നിൻ മൃദുലഹരി നിറയുമെൻ
ആത്മാവിൻ അധോമുഖത്തിൽ
നീവരും വഴിയേ ഞാൻ
കാത്തിരിക്കും കാലമേറെ
ആരാരും കാണാതെ നീ തന്ന നന്മ
ഹൃത്തിൽ കനിയായ് കാത്തിടുന്നു
ഞാനായി നീയായി നാം കണ്ട
സ്വപ്നത്തേരുകൾ അകന്നിടുന്നു
ഓർമ്മതൻ തിരത്ത് കാത്തിരിക്കും
നമ്മിൽ ആരോ തനിച്ചാകും വരെ
പറയാൻ ഏറെ കരുതിവയ്ക്കും
പങ്കുവയ്ക്കാനൊത്തിരി കുറിച്ചിടും
എൻ ആത്മാവും ജീവനും
തളർന്നിടുന്നു ശോകാർദ്രമായ്
ഒരു നാൾ എന്നെ കേൾക്കാൻ
എൻ ചാരെ വരുമോ നീ
എൻ പ്രിയ വാക്കുകൾ ചേർത്തുവെച്ചിടാം
സൗഹൃദത്തിനായി ഉണരുമെൻ
മനോമുഖം: വിടർത്തും സ്വപ്നം
ഇനിയും നമ്മെ പുണർന്നിടട്ടെ...



സി. ജനീറ്റ ജെയ്സൺ



# *The Master of Strings...*





# Memories Never Die

Memories.." That caught her eyes the most when she opened the book. "Memories are always alive and vivid. Huefully everlasting and sparkling lively, never ending. Like a river, flowing, shimmering shine and beautifully cast- Memories. They are there within, all the noise, chaos, rhythm, charms, letters, rains, clouds, sunsets, dusks and dawns and much more captured in their beautiful essence. Memories flitting away abundant with life, like butterflies, so naive and beautifully colourful. And yes, memories.. well they never die"

She sat ready, to capture and cast what he had to say into words written and documented. For a moment, she closed her eyes, caught the air around her. Something within her struggled, and the air felt good.

"Hey" his voice jerked her out of her momentary meditation. The sight from the balcony where they were seated, was not new to her but each time she came and saw, it had something breathtakingly beautiful and different to offer.

Mountains covered in dusty white snow and the mist that shrouded the giants from the human view. Shades of white, green, brown and gold, and the happy blue of the skies above made the scenery all the more welcoming, a pure joy to the eyes

and heart "Why me" he broke the silence once again as the breeze kept on surrounding them."I am someone lost in the pages of history and news of better days" she did not reply. All she did was smile. How could she describe the inner urge that pushed her to make this move and answer him.. She couldn't and she didn't. May be this was what she was destined to be. This was prewritten in her golden fate.

Each moment she spent with him made her see more deeper into him. Another world reflected in his eyes, a world more young and bright. Two years older than her, he was handsome and tall. His muffled hair moved playfully with the breeze and his brown eyes captured the golden reflections of the sun beautifully. Bright, brilliant, well educated and multifaceted individual in his yester years, now sat confined to the wheel-chair that carried him around.

An accident had turned his world upside down. He thought he lost everything, but God wasn't done with him, not yet. God bestowed on him more talents to cover his disabilities. Orphaned at a young age, he was lucky to have people who made him who he was with immense love and care. The orphanage by the valley was his home and whenever he felt lost he came back here. It was here that they met.

Her amusement at a life that was so full of glory suddenly lost into the dooming darkness made her close to him. He was a victim of the world that gave him fame only to rip it back from him, before he could soak in its pleasures. He now soared like a beautiful butterfly, in his magical world of memories.

The world had forgotten him and it was time. It was indeed time, that they saw what had happened to him. She believed in the fate changing magic of the universe and this was where it had led her. She wanted the world to remember him as a hero.

Holding the hardbound copy of her first published work addressed "To my hero, with love..," she once again climbed the stairs that led to him, this time to surprise him. The joy in his eyes was a cover for the pain in his heart. He opened the book and read aloud: "memories flutter around like a colourful butterfly. Memories, never die."



NEETHA ANNA BINOY

# The Chairy Tale



"And they sat happily ever after" എന്ന വാചകത്തോടെ അവസാനിക്കുന്ന ഹ്രസ്വചിത്രമായ 'The Chairy Tale' വ്യവസായിക വിപ്ലവത്തെയും ലോകമഹായുദ്ധങ്ങളെയും ആക്ഷേപിച്ച ചാർളി ചാപ്ലിൻ ചിത്രങ്ങളെ അനുസ്മരിപ്പിച്ചു. ഒരു വേദിയിൽ ഒരു മോണോആക്ട് പ്രകടനം കണ്ടപോലെ തോന്നി ചിത്രം കണ്ടപ്പോൾ.

കനേഡിയൻ ബോർഡ് ഓഫ് ഫിലിംസിന്റെ ബാനറിൽ നോർമൻ നിർമ്മിച്ചവതരിപ്പിച്ച ഈ ചിത്രത്തിലെ കഥാപാത്രങ്ങൾ ഒരു യുവാവും അദ്ദേഹത്തിന്റെ കസേരയുമാണ്. കയ്യിൽ പുസ്തകവുമായി കസേരയിൽ വന്നിരിക്കാൻ ശ്രമിക്കുന്ന നായകന് അതിന് സാധിക്കാതെ വരുന്നതും

കഠിന പ്രയത്നത്തിനൊടുവിൽ അവസാനം തന്റെ ലക്ഷ്യം നേടിയെടുക്കുന്നതും കഥയിൽ അവതരിപ്പിക്കുന്നു. ആദ്യ രംഗത്ത് കസേരയിൽ ഇരിക്കാൻ ശ്രമിക്കുന്ന നായകന് തന്നിൽ നിന്നും അകന്നുമാറുന്ന കസേര കണ്ടപ്പോൾ ഭയമാണ് തോന്നിയത്. പതിയെ പതിയെ ഈ ഭയത്തെ അയാൾ മറികടക്കുന്നതും കസേരയുമായുള്ള ഈ മത്സരം അയാളിൽ കൗതുകം ഉണർത്തുന്നതായും കാണുന്നു.

ആദ്യ പകുതിയിൽ നിന്നും രണ്ടാം ഭാഗത്തെത്തുമ്പോൾ ഏതുവിധേനയും കസേരയെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്ന അയാൾ ഒടുവിൽ പിന്മാറുന്നു. എന്നാൽ പിന്നീട് മൃദുവായ സമീപനത്താൽ കസേര സ്വീകരിക്കുവാനും ഒടുവിൽ അയാൾക്ക് അതിൽ ഇരിക്കുവാനും സാധിക്കുന്നു. ശുഭപര്യവസായിയായി കഥ മേൽപ്പറഞ്ഞ വാചകത്തോടെ ഇവിടെ അവസാനിക്കുന്നു. കേവലം ഒരു ക്യാമറമാത്രം ഉപയോഗിച്ച് മുന്നിൽ നിന്നും മാത്രം ഷോട്ടുകൾ പകർത്തി രവി ശങ്കർ നൽകിയ സംഗീതത്തോടൊപ്പം വളരെ ചുരുങ്ങിയ സമയം കൊണ്ട് തന്റെ ആശയം പങ്കുവയ്ക്കുന്നതിൽ സംവിധായകൻ വിജയിച്ചോ എന്ന ചോദ്യം പ്രേക്ഷകരിൽ തങ്ങി നിൽക്കുന്നു. സിതാർ, വയലിൻ, തബല, വീണ തുടങ്ങിയ ഇന്ത്യൻ വാദ്യോപകരണങ്ങളാവാം സംഗീതം നൽകാൻ അദ്ദേഹം ഉപയോഗിച്ചത്. ആശ്ചര്യം എന്ന വികാരം കൗതുകമാകുന്നതും കൗതുകം വാശിയായി മാറുന്നതും വാശി

പിന്നീട് സന്തൃപ്തിയായി കലാശിക്കുന്നതുമെല്ലാം നായകൻ വേദിയിൽ മികവോടെ അവതരിപ്പിക്കുമ്പോൾ അവസരോചിതമായി ചടുലമാവുകയും പിന്നീട് വേഗത കുറയുകയും ചെയ്യുന്ന പശ്ചാത്തല സംഗീതം പ്രശംസനീയം തന്നെ.

ഒരുപകരണമായി മനുഷ്യൻ കാണുന്ന വസ്തുവാണ് കസേര. തന്റെ യജമാനൻ അദ്ദേഹത്തിന്റെ ശുഭ്രവസ്ത്രത്തിൽ പൊടി പറ്റാതെ കൈലേസുകൊണ്ട് കൊട്ടി ഇരിക്കാൻ തുടങ്ങുമ്പോൾ അത് അയാളിൽ നിന്നും തെന്നി മാറുന്നു. ഒരു പക്ഷെ വളരെ ഭംഗിയോടെ കിടന്നതിന്റെ മുകളിൽ ചെളിയുണ്ടെന്ന് മുൻവിധിയോടെ പിന്നെയും വൃത്തിയാക്കുന്ന യജമാനനോടുള്ള പ്രതിഷേധമാകണം ഈ ഒഴിവാകൽ. തന്നെ കീഴ്പ്പെടുത്തുവാൻ വാശിയോടെ ശ്രമിക്കുന്ന അയാൾക്ക് കീഴടങ്ങാതിരിക്കാനുള്ള ചെറുത്തുനില്പാവാം പിന്നെ കണ്ടത്. ഒടുവിൽ തന്റെ വിധേയം സ്വയം പ്രഖ്യാപിച്ച് കസേര അയാളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. വ്യക്തിത്വത്തിന്റെ മേൽ വീണ കറ തുടച്ചുമാറ്റിയ നിർവൃതിയോടെ യജമാനന്റെ സേവകനായി സന്തോഷത്തോടെ കസേര തുടരുന്നു.

ഏകാങ്കനാടകങ്ങളിലെ പ്രകടനം എന്ന പോലെ വേദി കീഴടക്കിയ നായകൻ തീർച്ചയായും പ്രശംസ അർഹിക്കുന്നു. ചെറിയ ചെറിയ ആംഗ്യങ്ങൾ കൊണ്ടുപോലും ആശയം കൈമാറാൻ അയാൾക്ക് സാധിക്കുന്നു. ഹാസ്യം, ദേഷ്യം, നിരാശ തുടങ്ങി വ്യത്യസ്ത മുഖഭാവങ്ങളിലൂടെ പ്രേക്ഷകരെ അദ്ദേഹം കഥയോടടുപ്പിക്കുന്നു. എന്നാൽ ഏതുപ്രായക്കാർക്കും ഒരുപോലെ ആസ്വാദ്യകരമായ ചിത്രമാണോ ഇതെന്ന കാര്യത്തിൽ സംശയം നിലനിൽക്കുന്നു.



അഭിഷേക് ഷൈൻ





എല്ലാവരും ഈ കുറിപ്പ് വായിക്കണം എന്നെനിക്കാഗ്രഹമുണ്ട്: കുറഞ്ഞത് ദേവമാതായിലെ കുട്ടികളെങ്കിലും ആ മനുഷ്യനെ കുറിച്ചു ഇനിയും നിങ്ങളെല്ലാവരും അറിയുവാനുണ്ട്. കെ.ജി.റ്റി എന്നു ഞങ്ങൾ വിദ്യാർത്ഥികൾ വിളിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട കുഴിവേലിൽ ജോർജ് തോമസ് മാഷിനെ പറ്റി.

**ടീച്ചറെക്കാളേറെ, ഒരച്ഛനെപ്പോലെ...**

"മലയാളം നേരാം വണ്ണം അറിയാത്ത ഒരു മണ്ടനാണ് നിങ്ങളെ പഠിപ്പിക്കാൻ വന്നിരിക്കുന്നത് അതുകൊണ്ടു ഞാൻ വല്ല പൊട്ടത്തരവും വിളിച്ചു പറഞ്ഞാൽ നിങ്ങള് വേണം എന്നെ തിരുത്താൻ" (വാട്സ്ആപ്പിൽ ഒരു വിദ്യാർത്ഥിനി സാറിനെ കുറിച്ചു പങ്കുവച്ച ഓർമ്മക്കുറിപ്പാണിത്).

എപ്പോഴും തലകുനിച്ചു നടക്കുന്ന ശാന്തപ്രകൃതക്കാരനായ ഒരു നല്ല മനുഷ്യൻ അങ്ങോട്ട് ഗുഡ്മോർണിംഗ് പറഞ്ഞാൽ ഇങ്ങോട്ടും തെല്ലു ഗ്യാരണ്ടിയാണ്. പക്ഷെ ഞങ്ങളെ അത്ഭുതപ്പെടുത്തിയിരുന്ന കാര്യമെന്താണ് വെച്ചാ പലപ്പോഴും കെ.ജി.റ്റി ആയിരുന്നു ആദ്യം ഇങ്ങോട്ടു ഗുഡ് മോർണിംഗ് തന്നിരുന്നത്. അത്രത്തോളമായിരുന്നു സാറിന്റെ എളിമ. സർ ഞങ്ങൾക്ക് തന്നിരുന്ന ഞങ്ങളർഹിക്കാതിരുന്ന റെസ്പെക്ട്. ക്ലാസ്സിനുള്ളിൽ കെ.ജി.റ്റി ഒരു ജെന്റർ ആയിരുന്നു, സർ എപ്പോഴും കുട്ടികളെ അഭിസംബോധന ചെയ്തിരുന്നത് 'My Children' എന്നായിരുന്നു. ഒട്ടും അതിശയോക്തി ചേർക്കാതെ തന്നെ പറയട്ടെ തന്റെ സ്വന്തം മക്കളെ എന്നവണ്ണം പോലെ ശിഷ്യരെ സ്നേഹിച്ചിരുന്ന നിസ്വാർത്ഥമായ വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. നിഷ്കളങ്കമായ പുഞ്ചിരിയോടെ ക്ലാസ്സിൽ വന്നിരുന്ന കെ.ജി.റ്റി മുഖം കനപ്പിച്ചു ഇന്നേ വരെ കണ്ടിട്ടില്ല. ഒരിക്കൽ തന്റെ ക്ലാസ്സിനിടയിൽ സംസാരിച്ചതിനു പുറത്തിറക്കേണ്ടി വന്ന ഒരു കുട്ടിയോട് ക്ഷമ ചോദിച്ചു തിരികെ ക്ലാസ്സിൽ കൊണ്ടുവന്നിരുത്തിയ കെ.ജി.റ്റി ഞങ്ങൾക്ക് മുൻപിൽ അധ്യാപക നന്മയുടെ മറ്റൊരു മുഖം തുറന്നു കാണിക്കുകയാണ് ചെയ്തത്. കെ.ജി.റ്റി ക്ക് പേർസണൽ ആയി ഒന്നും തന്നെയില്ലായിരുന്നു. ചെറുതും വലുതുമായ എന്തു കാര്യവും കുട്ടികളോടും അധ്യാപകരോടും മറ്റു സ്റ്റാഫ്സിനോടും പങ്കു വെച്ചിരുന്ന ആളായിരുന്നു അദ്ദേഹം. ഇത്രയും നാളത്തെ പരിചയത്തിൽ എല്ലാവർക്കും ഒരേ സ്വരത്തിൽ സാറിനെക്കുറിച്ചു പറയുവാനുള്ള ഒരു കാര്യം തന്റെ അമ്മയോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും ബഹുമാനവുമാണ്. അമ്മയെക്കുറിച്ച് കെ.ജി.റ്റി പറയാത്ത ക്ലാസ്സ് ഇല്ലെന്നു തന്നെ വേണം പറയുവാൻ. അത്രത്തോളം ആ അമ്മ ഈ മകനിൽ സ്വാധീനം ചെലുത്തിയിരുന്നു. "എന്റെ അമ്മ ഇങ്ങനെ പറഞ്ഞു..." "അമ്മയോട് ഞാൻ ഇങ്ങനെ പറയും ..." എന്നിങ്ങനെ പലതും അമ്മയുമായി ബന്ധപ്പെടുത്തി പറയാറുണ്ടായിരുന്നു. കെ.ജി.റ്റി മാതൃസ്നേഹത്തിന്റെ പരമരൂപം ഞങ്ങൾക്കു മുമ്പിൽ തുറന്ന് കാണിക്കുകയായിരുന്നു. സാഹിത്യത്തെയും ഭാഷ

ങ്ങളെയും വളരെ അധികം സ്നേഹിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു കെ.ജിറ്റി. ഫസ്റ്റ് ഇയറിൽ വച്ചു ടെഡി സർ ഇങ്ങനെ പറഞ്ഞിരുന്നു. "He is someone who knows to speak English in an unbelievable fluency and simplicity. Quality of his English is similar to European accents". ഭാഷ ഉപയോഗിക്കേണ്ടത് മറ്റുള്ളവർക്ക് മനസ്സിലാവണം എന്ന ചിന്താഗതി പുലർത്തിയ കെ.ജിറ്റി എപ്പോഴും തന്റെ ഭാഷ ലളിതമായി ഉപയോഗിച്ചിരുന്നു. "എനിക്കേറ്റവും ഇഷ്ടപ്പെട്ട പുസ്തകം The Old Man and the Sea ആണ്. ആ പുസ്തകം എപ്പോ കിട്ടിയാലും അതു മൊത്തം ആദ്യമായി വായിക്കുന്ന ആവേശത്തോടെ വായിച്ചു തീർക്കും." ഒരിക്കൽ സർ പറഞ്ഞ വാക്കുകളാണിവ. അയാളുടെ കൈകളുടെ ഒരു മാതൃക കിട്ടിയാൽ അതു തന്റെ വീട്ടിലെ ഷോകേസിൽ സൂക്ഷിച്ചു വെക്കുമെന്നു സ്റ്റീഫൻ ദേവസിയെ കുറിച്ചു കെ.ജിറ്റി പറഞ്ഞിട്ടുണ്ട്. സാഹിത്യത്തെയും കലയെയും ഒരുപോലെ സ്നേഹിച്ച വ്യക്തിയായിരുന്നു കെ.ജിറ്റി. നല്ല കവിതയെഴുതിയിരുന്ന ആളായിരുന്നു അദ്ദേഹം എസ്.ബി കോളേജിൽ പഠിച്ചിരുന്ന കാലത്തിൽ 3 വർഷവും കവിതയിൽ അദ്ദേഹമായിരുന്നു ഒന്നാമത്. വേറൊന്നും കൊണ്ടല്ല തന്റെ കവിതകളിൽ അനായാസമായി പ്രാസമുപയോഗിക്കാൻ കെ.ജിറ്റി ക്കു കഴിഞ്ഞിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. ഒട്ടേറെ വായിക്കുമായിരുന്നു കെ.ജിറ്റി. സിനിമകളെക്കുറിച്ചും നല്ല അറിവുണ്ടായിരുന്നു. നല്ല പുസ്തകങ്ങൾ കുട്ടികൾക്ക് നിർദ്ദേശിച്ചു കൊടുക്കുകയും ചെയ്യുമായിരുന്നു. തികഞ്ഞ ദൈവവിശ്വാസിയായിരുന്ന കെ.ജിറ്റി ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി.

"ഒരിക്കലും ദൈവമില്ലായെന്നു മാത്രം പറയരുത്. ഒരിക്കലും..." ആവശ്യമുള്ളത് മാത്രമേ കെ.ജിറ്റി പഠിപ്പിച്ചിരുന്നുള്ളൂ. മറ്റുള്ളവ സ്കിപ് ചെയ്ത കെ.ജിറ്റി സ്റ്റുഡന്റ്സ് ഫ്രണ്ട്‌ലി സമീപനം ആണ് സ്വീകരിച്ചിരുന്നത്. കോളേജിലെ സാറിനെ അടുത്തറിയാവുന്ന എല്ലാവരിലും നിന്നു അറിയാൻ കഴിഞ്ഞത് എല്ലാവരോടും അദ്ദേഹം മികച്ച സൗഹൃദം പുലർത്തിയിരുന്നുവെന്നാണ്. അത്രക്കും ഇഷ്ടമായിരുന്നു സാറിനെല്ലാവരെയും. സാറിനെയും. അതിന്റെ തെളിവാണ് അന്ന് ഞങ്ങൾ കണ്ട അനേകം നനഞ്ഞ മിഴികൾ. അതു തുടച്ച കൈകൾ. വിശ്വസിക്കാനാവാതെ ഹൃദയമിടിപ്പ് നിലച്ച് കുറച്ചു നിമിഷങ്ങൾ.. ഞങ്ങൾക്ക് നിങ്ങളെന്തൊക്കെയോ ആയിരുന്നു. ഞങ്ങളുടെ മെന്ററായിരുന്നു.. ഒരു കുട്ടി പറഞ്ഞതുപോലെ ഒരു പാഠപുസ്തകം ആയിരുന്നു.. അങ്ങനെ പലതുമായിരുന്നു. ഇപ്പോഴും സാറിന്റെ ആ സാന്നിധ്യം ഫീൽ ചെയ്യുന്നുണ്ട്. അത്രത്തോളം താങ്കൾ നിരന്തരമായി ഞങ്ങളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ആ നിഷ്കളങ്കമായ ചിരി എന്നും ഞങ്ങൾക്കുള്ളിലുണ്ടാവും. പകരം ഇങ്ങോട്ടു തന്നിരുന്ന ആ ഗുഡ്മോർണിംഗ്.. അതിനൊരു മറുപടിക്കായി ഞങ്ങളുടെ നാവ് ഇനിയും മിടിക്കും. കെ.ജിറ്റി ഒരു ടീച്ചർ മാത്രമല്ലായിരുന്നു. മാതാ പിതാ ഗുരു ദൈവം എന്ന സങ്കല്പത്തെ ചേർത്തു നിർത്തിയ ഒരു നല്ല മനുഷ്യനായിരുന്നു. വിദ്യാർത്ഥികൾക്ക് വാത്സല്യം തുളുമ്പുന്ന മാതാവായും കുട്ടികൾക്ക് സംരക്ഷണം നൽകുന്ന പിതാവായും ശിഷ്യർക്ക് ഒരു ഉത്തമ ഗുരുവായും വർത്തിച്ച താങ്കൾ ഒരു കാണപ്പെട്ട ദൈവം തന്നെയായിരുന്നു. അതുകൊണ്ടുതന്നെ ഞങ്ങൾ ഒരേ സ്വരത്തിൽ പറയും.

"ടീച്ചറെക്കാളേറെ,
ഒരച്ഛനെ പോലെ"



ആനന്ദ് ബെന്നി

# From a December to a November

It was a December morning that I met Thomas sir (whom I call Tomichan) at St. Mary's forane church Kuravilangad. We were total strangers. He welcomed me with a smile and introduced himself, and asked me about my family and education. The familiarity and the warmth of his talk made me close to him. This was how he dealt with every person he met. He was a great conversationalist and human being. People who have met him once will never forget the warmth of his smile and the love of his heart. He encouraged everyone to go higher and found happiness in them getting good in life.

He delved into the rich archive of literature. The sophisticated literary language was his best friend. Whenever we had discussion (those were mostly on literature and films) he showcased his talent and knowledge in the subject. He was a voracious reader. He had a big library at his home. Almost all the bookstalls were familiar to him. Whenever we went to bookshops together, the booksellers would be talking about the books that Thomas sir has bought earlier. His relationship with his students was so warm. He used to address them as 'my children'. For his students, he was a fatherly figure. He was like an open book to the students. When the students needed some extra notes or books they would personally approach 'Kuzhivelil sir' and get what they wanted. I remember how he has given simple notes to the student who approached him by saying that 'sir I find it difficult to pass my English exam'. He had a lot of friends from academic and non academic community. Everybody was shocked to hear the news of his demise. People from different corners of the state arrived at the funeral. The tears that had shed on the day shows how he was dear to everyone.

One thing that he always wanted to cherish was his prayer and his love of God. He was a devotee of Mother Mary. He was very happy that he was appointed in Deva Matha College. He used to say "Mother Mary will protect me". He loved his mother and his family very much.

There wasn't a day when he did not talk about his mother or family in the department.



He couldn't control his emotions. He showed his inside to everyone. There was no subtle deception of emotions for him. He was a simple man who lived with his principles of life. English department was his family and he stays here always protecting us and taking care of us. He did not wait to celebrate the anniversary of our appointment in December, he got into the stars in November. " November is the cruelest month.....". A Genuine, simple, loving, caring, affectionate, compassionate, diligent, frank, generous....adjectives wouldn't be enough to describe him. He was very dear to me, so is for everyone. Sir, we all miss you.



**SUBIN VARGHESE**



Emil Tom Manuel

# For My Sweet Rose



Roses are red,
Violets are blue,
Efforts are generous
And so are you.

Orchids are white
Ghost ones are rare.
The night is black
And so is your hair.

Magnolia grows,
With buds like eggs,
Your functioning is smooth
And so are your legs.

Sunflowers reach
Up to the skies,
Transfers are kind
And so are your eyes.

Foxgloves in hedges,
Surround the farms,
A thread in slender,
And so are your arms.

Daisies are pretty,
Daffies have style,
Discussion is illuminating
And so is your smile.

Rose is beautiful
Just like you.

നിനച്ചിരിക്കാത്ത നേരത്ത് പെയ്യണ
മഴകളുണ്ട്...
പാതിവഴില് പൊടിമൂടി,
കാഴ്ചമങ്ങി നിക്കുമ്പോ,
കണ്ണിന്റെ മേളില്
തുള്ളി തുള്ളിയായിട്ട് വീഴണ
നനുത്ത ഒരു കുളിര്...
വലുതല്ലെങ്കിലും,
ന്റെ തീരത്ത് ഞാനുണ്ടാക്കിയ
മണൽക്കൂടാരങ്ങളൊക്കെ
പറയാണ്ട് വന്ന് പൊളിച്ചു
കൂടെ കൊണ്ടോണ...
എരിയണ
കനൽ കനവുകളൊക്കെ കെടുത്തി
കരിക്കട്ടയാക്കി
ഒലിച്ചിറങ്ങി പെയ്യണ...
അങ്ങ് മേളീന്ന് അതിരുകളിലാണ്ട് വന്ന്
ഉമ്മറവരാന്തേല് കുടിച്ചു വെച്ച
കട്ടൻ കാപ്പിടെ ചില്ല് ഗ്ലാസ്സ് കൂട്ടിലേക്ക്
സ്വയം ചാടണ...
പെയ്തിറങ്ങിടും,
ഇലഞ്ഞിയിടങ്ങളിൽ ഒളിച്ചിരുന്ന്
ഞാൻ ചോട്ടിലെത്തുമ്പോ
മരംപെയ്ത്തായ് തുള്ളി ചാടണ മഴകൾ...
നാലും.....
തോരാക്കയാലും...
ഇക്കിഷ്ടം കാത്തിരുന്ന് വരണ
മഴനോണ്..
നോക്കിരിക്കുമ്പോ കാറ്കെട്ടി കൊതിപ്പിച്ച്...
പിന്നേം കാത്തിരിക്കുമ്പോ തുള്ളി തന്ന് കളിപ്പിച്ച്...
ഒടുക്കം,
മൂവന്തി നേരത്ത്,
പന്ത്രണ്ടാമത്തെ പടിമ്മേ നിക്കുമ്പോ,
ദൂരെന്നേ ഒച്ചേണ്ടാക്കി കാതിനെ
തരിപ്പിച്ച്..
അകത്തും പൊറത്തും പുതുമണം നെറച്ച് വരണ...
ആദ്യം കാലിന്റെ ചെറുവിരൽതുമ്പ് നനച്ച്.
പിന്നെ ന്റെ തലേല് തലോടി,
കണ്ണുമ്മെ ചുംബിച്ച്...
നെഞ്ചിൽ തല ചേർത്ത്,
നനെ മുഴോനായിട്ട് അങ്ങ്
വാരിപ്പുണരണ
മഴ...

വടിവൊപ്പിച്ച് ചേർത്ത
കൈമടക്കുകളും-
കുപ്പായപ്പാതികളും തുളച്ചു കേറണ..
പുറം മറകളൊക്കെ കടന്ന്...
ഉള്ളുടയാടവേലികൾ താണ്ടി,
ന്റെ അകച്ചൂടറകളെ
തണുപ്പിൽ പൊതിഞ്ഞ്..
ബന്ധബന്ധനങ്ങളൊക്കെ പൊട്ടിച്ച് എന്നിലെ
ക്കൊഴുകി-
യെന്നെയൊഴുക്കുന്നവൾ...
ഈ ശരൽക്കാല കൊയ്ത്തിന്റെ കാത്തിരിപ്പില്..
പ്രതീക്ഷിക്കെ തന്നെ, വന്ന്
എന്നാഴങ്ങളില് നനവ് ബാക്കിയാക്കി പോണ..
ആ മഴനോണ്
നിക്കെന്നും ഇഷ്ടം...





അലക്സാണ്ടർ ജോയി

# പെരുത്ത പ്രതിബിംബങ്ങൾ

എനിക്കൊരു കലൈഡോസ്കോപ്പാവണം
ഒടുങ്ങാത്ത പ്രതിഫലങ്ങളെ ഉള്ളിലൊതുക്കിയ...
കാണാക്കാലത്തിന്റെ കൺകെട്ട് ലഹരിയിൽ മതിഭ്രഷ്ടനായ..
ചാരുകളെക്കാൾ അരം മുറുങ്ങിയ
വജ്രപാശ വേലികളാൽ
(പുറം)ലോക കാഴ്ചകളന്യമായ...
ആർജിക്കുന്നതൊന്നും തിരികെയെറിയാത്ത,
ഉൾക്കൊള്ളുന്ന വെള്ള വെളിച്ചത്തിൽ
വെള്ളിയോടാത്ത പോലും
വിളറി ഭഞ്ജിപ്പിക്കുന്ന..
പ്രഹരമേകുന്ന ശിലാശകലങ്ങളെ കിറുക്കു പിടിച്ച സ്ഫടിക മേനിയിൽ വിതാനിക്കുന്ന
കനവുകളെ തളയ്ക്കാത്ത,
പാല പൊഴിയ്ക്കുന്ന കാമ്പാഴ് തിളയ്ക്കുന്ന..
എത്ര തിരിച്ചാലും തിരികെയാകാത്ത,
എത്ര തിരിഞ്ഞാലും മിനുസമൊടുങ്ങാത്ത...
ജ്വലനങ്ങളിലേൽക്കുന്ന പോറലുകളെവം
സുഭഗ മാംശലങ്ങളാക്കുന്ന...
മൂന്ന് ദിക്കും മുമ്മൂന്നാറകളും അതിലേറെ
ഉറവകളുമുള്ളൊരു കലൈഡോസ്കോപ്പ്..
ഉള്ളിലേക്കെറിയുന്ന തീപ്പൊരിയ്ക്ക് ഗതിയൊതി പുല തീണ്ടി
ആയിരം സൗരയൂഥപ്രതിബലങ്ങളാക്കി
നിന്റെ കണ്ണിന് തന്നെ നൽകുന്നവൻ..

# പെയ്തൊഴിഞ്ഞ മഴയ്ക്ക് പറയാനേറെയുണ്ടായിരുന്നു...



ഇരുണ്ട മേഘങ്ങൾ ആ കുഴിമാടത്തിലേക്ക് എത്തി നോക്കുന്നുണ്ടായിരുന്നു. പടിഞ്ഞാറെപ്പുറത്ത് അടക്കിയുണക്കാനിട്ടിരുന്ന കാക്കി കുപ്പായത്തിലേക്ക് ആദ്യം ഒരു തുള്ളി വീണു. പിന്നീടത് നിമിഷക്കുരുക്കിന്റെ അവ്യവസ്ഥിതം പോലെ പെയ്ത് താഴ്ന്നു. ആ 'പോലീസുകാരന്റെ' മുഖം വിളറിയിരുന്നു. മഴത്തുള്ളി പറഞ്ഞു കൊണ്ടിരുന്നതൊന്നും തന്നെ അയാൾ കേട്ടില്ല തന്റെ കാതുകളും അയാൾ ആ കുഴിയിൽ മണ്ണിട്ട് മൂടിയിരുന്നു. പെരുമഴയത്ത് തന്റെ കണ്ണിൽ നിന്നും വീണ ഒരു തുള്ളി കണ്ണീർ ഒഴുകി ഇന്നലെകളിലേക്ക് ചെന്നു ചാടി.

നല്ല തിരക്കുള്ള സായാഹ്നം. കടൽ തീരത്ത് അസംഖ്യം ആളുകളുണ്ട്. സൂര്യൻ മുറുക്കിതുപ്പിയ മണൽ തരികളിൽ വിശ്രമം കുടിച്ചിരിക്കുന്നവരും നഷ്ട പ്രണയം കോറിക്കുന്നവരും കഴിഞ്ഞകാലത്തിന്റെ മധുരം കടലിൽ നിന്ന് തപ്പിയെടുക്കുന്ന ജീവിത സായാഹ്നയാത്രികരും, 'ലിപ്സ്റ്റിക്കിന്റെ' മധുരം പങ്കിടുന്നവരും, കടൽക്കാറ്റ് കൊണ്ട് അർധനഗ്നരായി ഉലാത്തുന്നവരുമുണ്ടായിരുന്നു.

ജോലിസമയം കഴിഞ്ഞ ആ പോലീസുകാരന്റെ ആഢംബര കാർ ബീച്ചിന്റെ പുറത്ത് വന്നു നിന്നു. കണ്ണടക്കുന്ന ഒരു ദിനത്തിനൊടുവിൽ കണ്ണുതുറക്കുന്ന വഴിവിളക്കുകൾക്ക് താഴെ പതിനെട്ട് ഓണമുണ്ണാത്ത ചിലരുടെ ചുണ്ടിൽ ഒരു മുറിബീഡി കത്തിനിന്നു. ഔദ്യോഗിക വേഷത്തിൽ അയാളെ കണ്ടവർ നൈസർഗികമായ ഒരു ബഹുമാനം എടുത്ത് കഴുത്തിലിട്ടു. ബീഡിപ്പുക കാലിനടിയിൽ ചവിട്ടിയരക്കപ്പെട്ടു. എന്നാൽ ആ പോലീസുകാരന്റെ ശ്രദ്ധ അവിടെങ്ങുമായിരുന്നില്ല. കടലിനഭിമുഖമായി കിടന്ന ഒരു ചെറുവള്ളത്തിനരികിൽ ഒരു മുക്കുവൻ തന്റെ മൂർച്ചയുള്ള കഠാരകൊണ്ട് ആഞ്ഞ് വെട്ടുന്നു.. ജീവന്റെ തുടിപ്പ് അയാൾ കണ്ടുനിന്നു. വെട്ടുകൊണ്ട ആ മുറിപ്പാടിലൂടെ വിരസിയമായ ചോരപൊടിപ്പുകൾ പുറത്തേക്ക് വന്നു. രണ്ടു പിടച്ചിലിനൊടുവിൽ ആ ശരീരത്തിൽ നിന്ന് ജീവൻ വേർപെട്ടിരുന്നു.

പോലീസുകാരൻ ആ കൊലപാതകം കണ്ടു നിൽക്കുകയായിരുന്നു. ചോരപൊടിഞ്ഞ മണൽ തരികളിൽ ചവിട്ടി പത്തിൽ കുറയാത്ത ആളുകളും നിൽക്കുന്നുണ്ടായിരുന്നു. ഒരു സാധാരണക്കാരന്റെ മൂല്യബോധം വിട്ട് അയാൾ സ്വയം ചിന്തിച്ചു.

'എനിക്ക് ഭ്രാന്താണോ.. ഒരു മീൻ വെട്ടണെന്ന് ഞാനെന്നാത്തിനാ ഇത്ര വിഷമിക്കണെ! വല്ലോ മനുഷ്യമാരുടെ കൊല ആണേൽ കേസെടുത്താ പോരെ..' അതെ ഓരോ ഭ്രാന്ത്'

രണ്ടു ദിവസമായി, പൂർണ്ണ ഗർഭിണിയായ തന്റെ ഭാര്യക്ക് നെയ്മീൻ വേണമെന്ന് മോഹം തോന്നി തുടങ്ങിയിട്ട്. വെള്ളപ്പൊക്കമായതിനാൽ അവധി എടുക്കരുതെന്ന മേലധികാരിയുടെ ഉത്തരവിനെ മറികടന്നൊരു ഭാര്യ സ്നേഹം അയാൾക്കുണ്ടായിരുന്നില്ല. രണ്ടു ദിവസമായി സ്റ്റേഷനിൽ തന്നെയാണ് താമസവും. ഇന്നെന്തായാലും വീട്ടിൽ പോകണം എന്ന് തീർച്ചപ്പെടുത്തിയ അദ്ദേഹം തന്റെ ഭാര്യയുടെ ആഗ്രഹം പൂർത്തീകരിച്ചിട്ട് വീടെത്താമെന്ന ധാരണയിലാണ്. 'നെയ്മീൻ' വാങ്ങിക്കാൻ അവിടെയെത്തിയത്.

"നെയ്മീനെന്താ വെല" അയാൾ ചോദിച്ചു?

"രണ്ട് കിലോ അഞ്ഞൂറ്"

"രണ്ട് കിലോ അഞ്ഞൂറുരൂപായോ?"

"സാറെ, സാറായത് കൊണ്ട് നുമ്മ ഒരു നാനൂറ്റമ്പതിന് തരാം.."

"നല്ല മീനാണോ ഇത്?"

"ഒ സാറെ പെടക്കണതാണ്, മൊട്ടയൊള്ള മീനാണ്. വീട്ടിൽ പിള്ളേർക്കൊക്കെ ഇഷ്ടാവണ മീനാണ്."



ഹ്രസ്വമായൊരു വിലപേശലിനൊടുവിൽ ആ കാക്കിക്കുപ്പായം 100 രൂപക്ക് അയാൾക്ക് ആ മീൻ വാങ്ങിക്കൊടുത്തു.

അയാൾ തിരിച്ച് കാറിനടുത്തേക്ക് നടന്നു.. തന്റെ കൈയ്യിലിരുന്ന കറുത്ത കൂട്ടിൽ നിന്നൊരു പിടച്ചിൽ അയാളെ ഒരു നിമിഷം സ്തബ്ധനാക്കി. കടലിലെ കാറ്റിന് ഭ്രാന്ത് ഏറി വന്നു. അത് ചങ്ങലപൊട്ടിച്ച് ആഞ്ഞുവീശി, കണ്ണു നിറ ആകാശം കരഞ്ഞു തീർത്തു. അയാൾ തന്റെ കറുത്ത കുട വിടർത്തി കാറിലേക്ക് കയറി.

എല്ലാം കറുപ്പായി തോന്നുന്നു.. സന്ധ്യയുടെ കറുപ്പ് വിഴുങ്ങിയ ആ കടലോരത്തെ ഒരു കോണിലിരുന്ന അയാൾ ഓർത്തു.. കറുത്ത കുട, കറുത്ത ആകാശം, കറുത്ത കാർ സർവ്വവും കറുപ്പ്. ആ കറുപ്പിന്റെ ലഹരി അയാളുടെ തലച്ചോറിന്റെ ചുളുവുകളിൽ കുരുങ്ങിപ്പോയി. ഒരു നിമിഷം തന്റെ കാറിന്റെ 'സ്റ്റീറിങ്ങിൽ' തലവച്ചു കിടന്ന അയാൾ വീട്ടിലേക്ക് മടങ്ങി.

"പ്രകൃതി സംരക്ഷിക്കുക... ജീവൻ സുരക്ഷിതമാക്കുക" എന്നൊരു ബോർഡ് അയാളുടെ വഴി മധ്യേ വീണു കിടക്കുന്നുണ്ടായിരുന്നു. ഒരു നിമിഷം ഒരു തത്വജ്ഞാനിയുടെ ഏച്ചുകെട്ടലോടെ അയാൾ ചിന്തിച്ചു. എന്താണ് ചുറ്റും നടക്കുന്നത്..

പെരുമഴ, കൊടുങ്കാറ്റ് പണ്ട് എപ്പഴോ വായിച്ച കവിതയിലെന്നപോലെ 'സർവത്ര വെള്ളം.' ഒരു പക്ഷെ ഇനി താൻ എന്തെങ്കിലും ചെയ്തതു കൊണ്ടാവുമോ എന്ന് അയാൾ ചിന്തിച്ചുകൂട്ടി.

ചിന്തകൾ തീരും മുൻപ് കാർ വീട്ടിലെത്തിയിരുന്നു. പതിവിനു വിരുദ്ധമായി വീടിന്റെ വാതിൽ മലർക്കെ തുറന്നു കിടന്നു. അയാൾ നനഞ്ഞ കുട വീടിന്റെ നീളൻ തിണ്ണയിൽ വച്ചിട്ട് അകത്തേക്ക് കയറി..

'മിനി..

.......... മിനി '

തന്റെ ഭാര്യയെ നീട്ടി വിളിച്ചു, ആ വിളിക്ക് ഒരു മറുപടി വരാത്തത് അയാളെ പരിഭ്രാന്തനാക്കി. സ്വതെ അല്പം ഭ്രമമുള്ള അയാൾ ഒരു മുഴു ഭ്രാന്തനായി മാറി.

ഒറ്റത്തു നിന്നാൽ മറ്റെയറ്റം കാണാത്തത്ര വലുപ്പമുള്ള തന്റെ വീടിന്റെ മുകളിലെ വലതത്തെ അറ്റത്തുള്ള മുറിയുടെ വാതിൽ അയാൾ തള്ളി തുറന്നു. നാളിനാളബോധം വേർപെടാത്ത ഒരു പാപിള്ളയും പേറി തന്റെ ഭാര്യ കട്ടിൽ മലർന്നു കിടക്കുന്നു. തുറന്നിട്ട് ജനലിലൂടെ മഴയുടെ ചാറ്റൽ അകത്തേയ്ക്ക് കയറി വന്നുകൊണ്ടിരുന്നു. അവളുടെ മരവിച്ച കൈകളിൽ മഴ അനേകം തവണ തൊട്ടിട്ടുപോയ പാടുകൾ അയാൾ കണ്ടു. അവളുടെ പ്രസവം അല്പം പ്രശ്നമാണെന്ന് ഡോക്ടർ വിധിയെഴുതിയതായിരുന്നെങ്കിലും അയാൾ അത് ഗൗനിച്ചിരുന്നില്ല. മഴ വന്നു തൊട്ട ജനലഴികിലേക്ക് അയാൾ അടുത്തു നിന്നു. തന്റെ ഭാര്യയെ ഒടുവിൽ ഉറക്കിയത് ആ മഴയായിരുന്നു. അവൾ എപ്പോൾ, എങ്ങനെ ഉറങ്ങിയെന്ന് അറിയാവുന്നതും പെയ്ത് തോരാത്ത ആ മഴയ്ക്ക് മാത്രമാണ്.

മഴ പറഞ്ഞതനുസരിച്ച് തന്റെ വളർത്തുനായ കറുത്ത മീൻകൂടുമായി വീടിന്റെ ഉമ്മറപ്പടിക്കലേക്ക് ഓടി. അത് അവിടെ വിരിച്ചിട്ടു. നായ മുകളിലേക്ക് നോക്കി... ബാക്കി ഇനി മഴ പറയും... പറയട്ടെ!



ദേവജിത്ത് റജി



അനഘ എസ്

# നീ എനിക്കാര്

സ്വാഗതം എന്നോട് ചൊന്ന മാത്രമുതൽ
നിദ്ര എന്തെന്നു നീ മറന്നു
എൻ വളർച്ചയിൽ കാതോർത്തു നിന്ന നീ
ജീവൻ എനിക്കായി മാറ്റി വച്ചു
എൻ ചെറു പുഞ്ചിരിയിൽ നീ അലിഞ്ഞപ്പോൾ
എൻ ചെറു തേങ്ങലിൽ നീ തളർന്നു
എൻ ചെറു കണ്ണുനീർത്തുള്ളി നിന്നിൽ
സാഗരത്തിൻ തിരയുണർത്തിയെന്നു ഞാൻ അറിയുന്നു
എങ്ങു നിന്നോ വന്ന കൊടുങ്കാറ്റിനെപ്പോലും
ഇളക്കിമാറ്റി നീ എന്നിലേക്ക്
വട്ടമിടും കണ്ണുകൾ എൻമേൽ വീഴാതെ
നിൻ ചിറകടികളിൽ മുറുകെ പിടിച്ചു നീ
എനിക്കാരെന്ന ചോദ്യത്തിനുത്തരം
വാത്സല്യം ചാലിച്ച നിൻ സ്നേഹത്തിൻ
ജലകണം പേമാരിയായി പെയ്തപ്പോൾ
അറിയാതെ സ്വയം നനഞ്ഞുപോയി ഞാൻ
എൻ ഉൾത്തുടിപ്പുകൾ ശ്രുതിമീട്ടുവോളം
നൽകാനാകുമോ നിൻ സ്ഥാനം ആർക്കും
അവസാനശ്വാസം ഉടലെടുക്കുവോളം
എൻ അധരം തേടുന്ന മന്ത്രം
അമ്മതൻ... അമ്മ...



**ഇതൊരു വർത്തമാനമാണ്... വർത്തമാനകാലത്തിൽ സന്ധിക്കുന്ന രണ്ട് കാലത്തിന്റെ.. അല്ല രണ്ട് പതിറ്റാണ്ടോളം വരുന്ന കാലഭേദങ്ങളുടെയും കാലാന്തരങ്ങളുടെയും കൂടിക്കാഴ്ചയിൽ ഉരുത്തിരിഞ്ഞ വർത്തമാനങ്ങൾ.. ഇന്ന് ദേവമാതായെന്നാൽ നമ്മളാണ്. നമ്മുടെ ചിന്തകളാണ്... നമ്മുടെ ചിന്തകളിൽ നിന്ന് ഉറവു തേടുന്ന പ്രവർത്തികളാണ്. നമ്മെ നയിക്കുന്ന വെളിച്ചമാണ്. നാം ആർജ്ജിക്കുന്ന അനുഭവങ്ങളും, അറിവും സ്വാതന്ത്ര്യവും സ്വാതന്ത്ര്യമില്ലായ്മയുമാണ്...**

എന്നാൽ 27 വർഷങ്ങൾ മുൻപ്.. കൃത്യമായി പറഞ്ഞാൽ 1987-1992 കാലഘട്ടത്തിൽ ഈ ക്യാമ്പസിൽ ജീവിച്ചിരുന്ന, ഇന്ന് സിനിമാ മേഖലയിൽ തന്റെ പകരം വയ്ക്കാനാവാത്ത വ്യക്തിമുദ്ര പതിപ്പിച്ചു ജൈത്രയാത്ര തുടരുന്ന ശ്രീ. ശ്രീകാന്ത് മുരളിയും, സഹധർമ്മിണി ശ്രീമതി സംഗീതയുമായി ഇന്ന് ഇവിടെ പഠിക്കുന്നവർ ഏർപ്പെട്ട സ്നേഹഭാഷണമാണിത്... ഒരു തലമുറയുടെ ആനന്ദവും, ആർപ്പുവിളികളും, പ്രതീക്ഷകളും കാലാന്തരത്തിൽ മറ്റൊരു തലമുറയിൽ എപ്രകാരം ഒരാതിഫലനം സൃഷ്ടിക്കുന്നു എന്നതിന്റെ നേർചിത്രം കൂടിയാണിത്.. ഇവിടെ പ്രതീക്ഷകളും.. ആകുലതകളും ആശങ്കകളും.. പരിശ്രമത്തിന്റെ അധ്യാനവും... വിജയിയുടെ ആഹ്ലാദവും.. കോടയിലേക്കിറങ്ങുന്ന ഒരു തുടക്കക്കാരന്റെ ആകാംഷയും എല്ലാം മാറി മറയുന്നു.. ഒരു ഡി എം സിയൻ ആയിരിക്കെ, ഏറ്റവും സന്തോഷത്തോടും അതുപോലെ തന്നെ തെല്ല് പേടിയോടും കൂടിയാണ് ശ്രീ. ശ്രീകാന്തിനെയും ഭാര്യ ശ്രീമതി. സംഗീതയെയും ഇന്റർവ്യൂ ചെയ്യുക, എന്ന ഉദ്ദേശത്തോടു കൂടി ഞങ്ങൾ കുറവിലങ്ങാട് ബസ്സ് കയറുന്നത്.... അവർ താമസിക്കുന്ന അപ്പാർട്ട്മെന്റിന്റെ റസ്റ്ററന്റിൽ കാത്തിരിക്കുമ്പോൾ ഞങ്ങൾ ഏഴു പേരുടെയും ഹൃദയം ഒരേ ആവൃത്തിയിൽ മിടിക്കുകയായിരുന്നു. എന്നാൽ അവിടെ ചിലവഴിച്ച ഓരോ നിമിഷവും... ഞങ്ങൾ കൂടുതൽ കംഫർട്ടബിൾ ആയിക്കൊണ്ടിരുന്നു. ദേവമാതായിൽ നിന്നാണെന്ന് പറഞ്ഞപ്പോൾ "നമ്മുടെ സ്വന്തം കുട്ടികളാണ്" എന്നാണ് ശ്രീകാന്ത് സർ ഭാര്യയോട് പറഞ്ഞത്. ഒട്ടും തന്നെ ഔപചാരികമല്ലാതെ, ചോദ്യങ്ങൾ ചോദിക്കും മുൻപ് തന്നെ ഞങ്ങൾ പ്രതീക്ഷിക്കുന്നതിനെക്കാളേറെ ഹൃദയത്തിൽ നിന്ന് അവർ പറഞ്ഞുകൊണ്ടെയിരുന്നു.. അര മണിക്കൂറായി മുൻകൂട്ടി നിശ്ചയിച്ചിരുന്ന അഭിമുഖം അങ്ങനെ ഏകദേശം രണ്ടു മണിക്കൂറോളം നീണ്ട സൗഹൃദ സംഭാഷണമായി...



**ഏതു കാലയളവിൽ ആണ് ദേവമാതയിൽ പഠിച്ചത്?**

ശ്രീകാന്ത്: 1987 മുതൽ 1992 വരെ അഞ്ചു വർഷം. പ്രീ ഡിഗ്രി മുതൽ ദേവമാതയിൽ ആണ് പഠിച്ചത്. ഡിഗ്രി ബി.എസ്.ഇ. കെമിസ്ട്രി ആയിരുന്നു. കാലാലയ ജീവിതം എന്നു പറയാനും ഓർമ്മിക്കാനും എനിക്ക് ഡി.എം.സി മാത്രമെയുള്ളൂ..

**ചെറുപ്പം മുതലേ ഫിലിം ഫീൽഡിൽ താല്പര്യം ഉണ്ടായിരുന്നോ?**

പിന്നെ... സിനിമ എന്നത് എല്ലാവർക്കും ഒരു സ്വപ്നം ആണല്ലോ... പിന്നെ എല്ലാ ഫീൽഡ് പോലെയുള്ള സ്ട്രഗിൾസ് ഇവിടെയും ഉണ്ട്. അതിപ്പോ ഏതാഗ്രഹത്തെയും പിന്തുടരാൻ ഒരു പാട് സ്ട്രഗിൾ ചെയ്യേണ്ടിവരും.

**ഈ കാലഘട്ടത്തെ സിനിമയും പഴയകാല സിനിമകളും തമ്മിലുള്ള വ്യത്യാസം എന്തൊക്കെയാണ്?**

ഒരുപാട് വ്യത്യാസങ്ങൾ ഉണ്ട്. പഴയകാലത്തിൽ നിന്നും വ്യത്യസ്തമായി ടെക്നോളജിയിൽ ഒരുപാട് മാറ്റങ്ങൾ ഉണ്ടായി. ഐ.റ്റി. വിപ്ലവം നടന്നുകൊണ്ടിരിക്കുന്ന ഒരു കാലമാണിത്. എന്റെ ഭാഗ്യം എന്താണെന്നു വച്ചാൽ ഈ രണ്ടു കാലവും അനുഭവിച്ചിട്ടുണ്ട് എന്നതാണ്. ഞാൻ പശുവിനെ കറന്നും പാല് കുടിച്ചിട്ടുണ്ട്, പാക്കറ്റ് പാലും കുടിച്ചിട്ടുണ്ട്. അശോക തീയറ്ററിൽ ഇടിച്ചു നിന്നു ടിക്കറ്റ് എടുത്ത് പടം കണ്ടിട്ടുണ്ട്, ന്യൂക്ക് മൈ ഷോയിൽ ഓൺലൈൻ ടിക്കറ്റ് എടുത്തും പടം കണ്ടിട്ടുണ്ട്. ഈ രണ്ടു കാലഘട്ടത്തിന്റെ മാറ്റത്തെ വളരെയധികം കൗതുകത്തോടെ കണ്ടുനിന്ന് അനുഭവിച്ച ആളാണ് ഞാൻ. സിനിമയിലാണെങ്കിൽ ഒരു പെൺകുട്ടി അല്ലെങ്കിൽ ആൺകുട്ടിയെ കാസ്റ്റ് ചെയ്യണമെങ്കിൽ തന്നെ ഒരുപാട് റിസർച്ച് ചെയ്യണം. കാരണം നമ്മുടെ മനസ്സിലുള്ള കഥാപാത്രത്തിന്റെ രൂപഭേദമുള്ള ഒരാളെ കണ്ടുപിടിക്കണം. ഇപ്പോൾ കഴിവുള്ള ഒരാളെ കിട്ടിയാൽ അയാളെ മനസ്സിലുദ്ദേശിക്കുന്ന ആളാക്കി മാറ്റാം. ഇതൊരു ചെറിയ ഉദാഹരണം മാത്രമാണ്. ഇതുപോലെ ഒരുപാട് ഒരുപാട് മാറ്റങ്ങൾ...

## ഡി.എം.സി. യെക്കുറിച്ചുള്ള ഓർമ്മകൾ?

ഒരുപാടുണ്ട്... പറഞ്ഞാൽ തീരാത്ത അത്രയും ഓർമ്മകൾ.... എനിക്ക് കലാലയ ഓർമകൾ എന്നു പറയാൻ ദേവമാതാ കോളേജ് മാത്രമെയുള്ളൂ.. ഞാൻ കോളേജ് യൂണിയൻ അംഗമായിരുന്നു. 1991ൽ ആർട്സ് ക്ലബ്ബ് സെക്രട്ടറിയായിരുന്നു. അന്ന് കോളേജിൽ രാഷ്ട്രീയമൊക്കെ ഭയങ്കര സ്ട്രോങ്ങ് ആയിരുന്നു. അതുകൊണ്ടുതന്നെ നല്ല ശക്തമായി കൂട്ടുകെട്ടുകളും ബന്ധങ്ങളുമൊക്കെയുണ്ടായിരുന്നു. വാകമരത്തിന്റെ ചോട്ടിൽ നിന്നുള്ള ചോറൂണും ചെറിയ കോളേജ് രാഷ്ട്രീയവുമൊക്കെയാണ് മനസ്സിലേക്ക് ഓടിവരുന്ന എന്റെ ഓർമ്മകൾ.

**കുട്ടിക്കാലത്തു ഒരിക്കലെങ്കിലും പറക്കണമെന്നു ആഗ്രഹിക്കാത്തവർ ഉണ്ടാവില്ല. എല്ലാവരും ചെറുപ്പത്തിൽ പറക്കണമെന്നു ആഗ്രഹിച്ചവരാണ് എബി എന്ന പടം കണ്ടിറങ്ങിയപ്പോൾ ഞങ്ങൾക്കും തോന്നി ഒന്ന് പറക്കണമെന്ന്...**

ഞാൻ അങ്ങനെ പറന്നിട്ടുള്ള ഒരാളാണ്. ഒരു പക്ഷേ നിങ്ങൾക്കൊന്നും കിട്ടാത്ത ഒരു ഭാഗ്യം. അന്നൊക്കെ നെൽവയലുകളിൽ കൊയ്ത്തൊക്കെ കഴിഞ്ഞു കറ്റ കെട്ടി അടുക്കി വക്കും. ഒരു പന്തൽ അടി പൊക്കമൊക്കെ കാണും ഈ അടുക്കി വച്ചിരിക്കുന്ന കറ്റ കെട്ടുകൾക്ക്. ഇതിന്റെ മുകൾഭാഗം മെത്ത പോലെയാണ് . അന്ന് ഞങ്ങൾ കുട്ടികൾക്കെല്ലാം ഒരു കറ്റ കെട്ടിൽ നിന്നു മറ്റൊരു കെട്ടിലേക്കു ചാടി കളിക്കുന്നത് ആണ് ഹോബി. ആരാണ് ഏറ്റവും നീളത്തിൽ ചാടുന്നത് എന്നാണ് മത്സരം. ഞാനിരുള്ളവരെ സംബന്ധിച്ചു ഒരു ചാട്ടം മാത്രമാണത്. പക്ഷേ എന്നെ സംബന്ധിച്ച് അതൊരു പറക്കൽ ആയിരുന്നു. അതെയോ ആറോ സെക്കന്റ് മാത്രം നീളുന്ന ഒരു പറക്കൽ.. ശരിക്കും ഈ പറക്കലാണ് ആ സിനിമയുടെ കാതൽ. സന്തോഷ് എച്ചിക്കാനം എബിയുടെ ത്രെഡ് ലൈൻ പറഞ്ഞപ്പോൾ ഏറ്റവും റിലേറ്റ് ചെയ്യാൻ പറ്റിയത് എനിക്കാണ്.

**വേറെ എന്തൊക്കെ കുട്ടിക്കാല അനുഭവങ്ങളാണ് എബി എന്ന ചിത്രത്തിലേക്ക് വഴി ഒരുക്കിയത്.**

ഒരുപാടുണ്ട്.. പോച്ചേരി കുളത്തിലെ കുളിയാണ് വേറൊന്ന്. 24 അടിയോളംതാഴ്ചയുള്ള ഈ കുളത്തിലേക്കുള്ള ചാട്ടവും എന്നെ സംബന്ധിച്ച് ഒരു പറക്കൽ ആയിരുന്നു. പിന്നെ മുറം പുറകിൽ ചിറകുപോലെ കെട്ടിവച്ചു ഓടിക്കളിച്ചിട്ടുണ്ട്, പിന്നെ എല്ലാവരെയുംപോലെ സ്വപ്നത്തിൽ ഒരുപാടു തവണ പറന്നിട്ടുണ്ട്.





**ശ്രീകാന്ത് സർ ഒരു ആക്ടർ ആണ്, ഡയറക്ടർ ആണ്, ആഡ് ഫിലിം ഡയറക്ടർ ആണ്, ഒരുപാട് സിനിമകളിൽ അസിസ്റ്റന്റ് ഡയറക്ടർ ആയി വർക്ക് ചെയ്തിട്ടുമുണ്ട്. ഏതാണ് കംഫർട്ടബിൾ..?**

ശരിക്കും പറഞ്ഞാൽ ഇതൊന്നും തന്നെ കംഫർട്ട ബിൾ അല്ല. ഒട്ടും ഈസിയും അല്ല. ഞാൻ ഒരുപാട് ബ്രാൻഡുകളുടെ പരസ്യചിത്രം എടുത്തിട്ടുണ്ട്, ആക്ഷൻ ഹീറോ ബിജുവിലും വൈറസ്സിലും ലൂക്കാ യിലും ഒക്കെ അഭിനയിച്ചിട്ടുണ്ട്. 13 ഓളം പ്രിയദർശൻ ഫിലിം അസ്സിസ്റ്റ് ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെ പറയാം നമുക്ക് എത്ര അറിയാവുന്ന അനുഭവ സമ്പത്തുള്ള കാര്യമാണെങ്കിലപം നമ്മുടെ കഴിവിന്റെ പരമാവധി എത്തിക്കുക എന്നത് വളരെ ചലഞ്ചിംഗ് ആണ്.

**ആക്ടർ ശ്രീകാന്ത് വളരെ റിയലിസ്റ്റിക് ആണ്**

അങ്ങനെ കേൾക്കുന്നത് വളരെയധികം സന്തോഷം നൽകുന്ന കാര്യമാണ്. പക്ഷെ അതിന്റെ ഫുൾ ക്രെഡിറ്റ് എനിക്കുള്ളതല്ല. ആ ക്യാരക്റ്ററിനെ മെനഞ്ഞെടുത്ത, അത്തരം കഥാപാത്രങ്ങളെ എന്റെ കയ്യിൽ വിശ്വസിച്ചു ഏൽപ്പിച്ചുതന്നവരോടാണ് എനിക്ക് നന്ദി പറയാനുള്ളത്.

**കലോത്സവ ഓർമ്മകൾ എന്തൊക്കെയാണ്?**

ഞാൻ സ്കൂൾ പഠനകാലം മുതലേ കലോത്സവത്തിൽ ഒക്കെ സജീവമാണ്. അന്നൊക്കെ ഹിന്ദി പദ്യപാരാ യണം, മലയാളം പദ്യപാരായണം, പടംവരയൊക്കെ ആയിരുന്നു എന്റെ ഐറ്റംസ്.

**മഹേഷിന്റെ പ്രതികാരത്തിൽ മരണവീട്ടിലെ പ്രണയത്തെ ഒട്ടും അസ്വാഭാവികതയി ല്ലാതെ അവതരിപ്പിക്കാൻ സാധിച്ചത് 'തെളിവെയിൽ' എന്ന പാട്ടിലൂടെയാണ്.**

**സംഗീത മാം :** അതേ, ബിജിപാൽ ആണ് ആ പാട്ടിന്റെ സംഗീതസംവിധായകൻ. അദ്ദേഹം എന്നോട് സിറ്റ്വേഷൻ പോലും പറഞ്ഞിട്ടുണ്ടായില്ല. ആകെ പറഞ്ഞത് പറ്റാവുന്ന അത്രേയും സ്വീറ്റ് ആയി പാടാനാണ്, ബാക്കിയുള്ളതെല്ലാം ദിലീഷ് പോത്തൻ, റഫീഖ് അഹമ്മദ് എന്നിവരുടെ ബ്രില്ലിയൻസ് ആണ്. ശരിക്കും അതൊരു ടീം വർക്കിന്റെ ഫലമാണ്.

**സംഗീത ശ്രീകാന്ത് എന്ന പാട്ടുകാരിയെ എല്ലാവരും തിരിച്ചറിയുന്നത് തന്നെ അരി കിൽ പതിയെ എന്ന പാട്ടിലൂടെയാണ്...**

ഒട്ടും പ്രതീക്ഷിക്കാതെ കിട്ടിയ ഒരു അവസരം ആയി രുന്നു അത്. "ഒരു മുറൈവന്തു പാർത്തായ" എന്ന സിനിമയിൽ സോളോ പാടാൻ പോയ ആളാണ്



ഞാൻ, റെക്കോർഡിങ് ഒക്കെ കഴിഞ്ഞു സ്റ്റുഡിയോ ക്ലോസ് ചെയ്യാൻ തുടങ്ങുമ്പോഴാണ് മ്യൂസിക് ഡയറക്ടർ ഒരു പാട്ടിലെ ചെറിയ പോർഷൻ കൂടി പാടാമോ എന്നു ചോദിക്കുന്നത്. അദ്ദേഹം നാലുവരി പാടിയപ്പോ തന്നെ എനിക്ക് സ്ട്രൈക്ക് ചെയ്തു. അവസാന നിമിഷം അങ്ങനെ നന്നായി പാടി, പാട്ട് ഹിറ്റ് ആവുകയും ചെയ്തു.

## ഫിലിം ഫീൽഡിൽ പിടിച്ചു നിൽക്കാൻ ഏറ്റവും അത്യാവശ്യമായത് എന്താണ്?

**ശ്രീകാന്ത്:** ആദ്യമായി പാഷൻ ഉണ്ടാകുക. പിന്നെ കാലമനുസരിച്ച് അപ്ഡേറ്റ് ചെയ്തുകൊണ്ടേയിരിക്കുക.

## അന്നത്തെ കാലത്ത് സ്വന്തം പാഷനെ പിന്തുടരുന്നവരാണ് നിങ്ങൾ പുതിയ തലമുറയോട് എന്താണ് പറയാനുള്ളത്.?

ആദ്യം ഒരു ജോലിയും ഡിഗ്രിയും ഒക്കെ ഉറപ്പാക്കുക. നിങ്ങളുടെ ജീവിതം സ്റ്റേബിൾ ആക്കുക. സിനിമയ്ക്ക് Uncertainties ഉണ്ട്. അതുകൊണ്ട് തന്നെ പ്രാക്ടിക്കൽ ആയി ചിന്തിക്കുക. ഫിലിമിലേക്കുള്ള വാതിലുകൾ എപ്പോഴും തുറന്നിരിക്കുകയാണ്. പിന്നെ ഫിലിം ചെയ്യാൻ ഒരു Basic Qualification നും വേണ്ട. അതുകൊണ്ടുതന്നെ നല്ല പാഷൻ ഉണ്ടെങ്കിൽ നമുക്ക് എപ്പോഴായാലും സിനിമയിൽ കേറിപ്പറ്റാം.



# തിരിച്ചറിവ്

"മോനേ ഒരു നൂറു രൂപാ തരുമോ?" ശാരദ വാതിലിൽ ചാരിനിന്നു ശിവൻകുട്ടിയോട് ചോദിച്ചു. "അമ്മക്കെന്തിനാ നൂറു രൂപ? എന്തെങ്കിലും വേണമെങ്കിൽ ഞാൻ വാങ്ങിച്ചു തരാം. വയ്യാത്ത കാലുംവച്ച് കടയിൽ പോകണോ?" ശിവൻകുട്ടി ഗൗരവത്തിൽ പറഞ്ഞുനിർത്തി. ശാരദ ശബ്ദം താഴ്ത്തി പറഞ്ഞു. "അത് നിനക്ക് വാങ്ങാൻ പറ്റില്ല. ഞാൻ തന്നെ പോകണം. ഇപ്പോൾ എനിക്കൊരു നൂറുരൂപ താ". അമ്മയുടെ വാശിക്കുമുൻപിൽ ശിവൻകുട്ടി കീഴടങ്ങി. അവൻ പോക്കറ്റിൽ നിന്ന് ഒരു നൂറു രൂപയെടുത്ത് അമ്മയ്ക്ക് നേരെ നീട്ടി. അവർ ഒരു മങ്ങിയ ചിരിയോടെ അതി വാങ്ങി പതുക്കെ പതുക്കെ തന്റെ മുറിയിലേയ്ക്ക് നടന്നു. കുറച്ചുസമയം കഴിഞ്ഞ് ശാരദ പുതിയ സെറ്റുടുത്ത് പുറത്തേക്കിറങ്ങി. അപ്പോൾ ലത വിളിച്ചു ചോദിച്ചു. "അമ്മ ഇതെവിടെപ്പോകുവാ?" "ഞാനിപ്പോൾ വരാം. അത്യാവശ്യമായി ഒരിടം വരെ പോകുന്നു. നിങ്ങൾ ഊണു കഴിച്ചോളൂ.. ഞാൻ ഉടനെ തിരിച്ചുവരും". ഇത്രയും പറഞ്ഞ് ശാരദ മുറ്റത്തേക്കിറങ്ങി. ആ നാട്ടിലെ വഴികളെല്ലാം ശാരദക്ക് നല്ല നിശ്ചയമാണ്. പക്ഷേ പുതിയ കടകളൊന്നും പരിചയമില്ല. ഒരു കട ലക്ഷ്യമാക്കി അവർ നടന്നു. ഉച്ചയ്ക്ക് ശേഷം ശാരദ മടങ്ങിയെത്തി. വെയിലിന്റെ കാഠിന്യം അവരെ തളർത്തിയിരുന്നു. ചോറുണ്ണാനുള്ള വിശപ്പില്ലായിരുന്നു. ജഗ്ഗിൽനിന്നും അല്പം വെള്ളം കുടിച്ച് ദാഹമകറ്റി. തന്റെ മുറിയിൽ കയറി വാതിലടച്ചു. ഫാൻ ഓണാക്കി കട്ടിലിൽ കിടന്നപ്പോഴേയ്ക്കും കണ്ണുകൾ നിദ്രാഭാരത്താൽ അടഞ്ഞുപോയി. കണ്ണുതുറന്നപ്പോൾ ആറ് മണിയായിരുന്നു. വേഗം തന്നെ മേശപ്പുറത്തിരുന്ന വെള്ളക്കടലാസ്സും പേനയും എടുത്തു. കഴിഞ്ഞ ദിവസം മാളൂട്ടിയുടെ കൈയ്യിൽനിന്നും വാങ്ങിയതാണത്. ശിവൻകുട്ടിയുടെ മകളാണ് മാളവിക. ശാരദ ആ കടലാസിൽ എന്തൊക്കെയോ കുത്തിക്കുറിച്ചു.



എന്നിട്ട് ഒരു കവറിലാക്കി ശിവൻകുട്ടിയുടെ മുറിയിലേക്ക് നടന്നു. അയാൾ ഓഫീസിൽനിന്ന് വരുന്നതേയുള്ളൂ. അയാളുടെ വളരെ പ്രധാനപ്പെട്ട ഒരു ഫയൽ തുറന്ന് തന്റെ കൈവശമുള്ള കത്ത് അതിൽ വച്ചു. ശിവൻകുട്ടി വരുന്നതിനുമുൻപ് അവർ ആ മുറിയിൽനിന്ന് ഇറങ്ങി. പതുക്കെ നടന്ന് തന്റെ മുറിയിൽ കയറി വാതിലടച്ചു. അല്പം കഴിഞ്ഞപ്പോൾ ശിവൻകുട്ടിയുടെ കാറിന്റെ വെളിച്ചം ജനൽപാളികൾക്കിടയിലൂടെ ശാരദയുടെ മുറിയിലേക്ക് കയറി. ലത വാതിൽ തുറക്കുന്ന ശബ്ദവും, ശിവൻകുട്ടി കാറിന്റെ ഡോറ് അടയ്ക്കുന്ന ശബ്ദവും കേട്ടു. അത്താഴം മേശപ്പുറത്ത് വിളമ്പിവെച്ചിരുന്നു. കൈയ്യും മുഖവും കഴുകി അയാൾ ഭക്ഷണത്തിനിരുന്നു. "അമ്മ കഴിച്ചായിരുന്നോ?" അയാൾ ഭാര്യയോട്; "ഇല്ല അമ്മയ്ക്ക് കുറച്ച് കഴിഞ്ഞത് മതിയെന്ന്" ലത മറുപടി പറഞ്ഞു. അത്താഴത്തിനുശേഷം അയാൾ മുറിയിലേക്ക് ചെന്നു. കുറേ നേരം ഫോണിൽ ചിലവഴിച്ചു. പിന്നീട് ഫയലുകൾ ഓരോന്നായി പരിശോധിക്കാൻ തുടങ്ങി. അപ്പോഴാണ് അതിൽ ഒരു കത്ത് അയാൾ ശ്രദ്ധിച്ചത്. അയാൾ സാവധാനം പുറത്തെടുത്തു. വായിക്കാൻ തുടങ്ങി.

"മോനെ ശിവൻകുട്ടി. അമ്മയ്ക്ക് തീരെ സുഖമുല്ല. ഇനി എത്രനാൾ നിങ്ങളുടെ കൂടെ എന്നറിയില്ല. ഇടയ്ക്കിടെ നിന്റെ അച്ഛൻ വന്ന് വിളിക്കുന്നതുപോലെ തോന്നും. മാളൂട്ടിക്ക് എന്നെ അറിയാം. പക്ഷേ നിങ്ങൾക്കിനി ഒരു കുട്ടികൂടിയായാൽ ഇതായിരുന്നു മോനേ നിന്റെ അമ്മൂമ്മ എന്ന് കാണിച്ചുകൊടുക്കാൻ എന്റെ ഒരു ഫോട്ടോ പോലും നിന്റെ കൈയ്യിൽ ഇല്ലല്ലോ. മാളൂട്ടിയുടെ ഒന്നാം പിറന്നാളിന് നീയും ലതയും കൂട്ടുകാരും ചേർന്ന് ഒരുപാട് ഫോട്ടോകൾ എടുത്തു. അതിനെന്താ പറയുക.... ആ സെൽഫി. അതിൽ അമ്മയ്ക്ക് പരിഭവമൊന്നുമില്ല. നിനക്കിപ്പോൾ ഒരു കുടുംബമായി. അതിന്റെ തിരക്കുകളും. അതിനിടയിൽ ഈ അമ്മയെ മറക്കുന്നതിൽ അത്ഭുതമില്ല. എന്തായാലും ഞാനീ കത്തിനൊപ്പം എന്റെ ഒരു ഫോട്ടോകൂടി വച്ചു. ഇന്ന് രാവിലെ ചോദിച്ച നൂറുരൂപ ഈ ഫോട്ടോ എടുക്കുന്നതിനായിരുന്നു; മരിച്ചുകഴിയുമ്പോൾ പത്രത്തിൽ കൊടുക്കാൻ അമ്മയുടെ ഒരു ഫോട്ടോക്കായി മോൻ അലയരുത്. ഞാൻ അധികം എഴുതി ബുദ്ധിമുട്ടിപ്പിക്കുന്നില്ല.

എറെ
സ്നേഹത്തോടും
വാത്സല്യത്തോടും നിന്റെ അമ്മ."



ആൻ മെർവിൻ

# പ്രണയം



പ്രണയമായിരുന്നു നിന്നോട്
ഒരുപാട് ഒരുപാട് ഇഷ്ടമായിരുന്നു നിന്നെ
മാമ്പഴത്തിൻ മണമുയരുന്ന വേനൽദിനങ്ങൾ പോലെ
മഴക്കാലത്ത് തീർത്ത കടലാസ്സുതോണികൾ പോലെ
നിറമുള്ള ഓർമ്മകൾ സമ്മാനിച്ചു.
ആ പ്രണയദിനങ്ങൾ എങ്ങോ പോയി
ബാല്യത്തിന്റെ നിഷ്കളങ്കതയോടും
യൗവനത്തിന്റെ തുടിപ്പുകളോടുംകൂടി
ഒരിക്കൽ നിന്നെ ഞാൻ സ്നേഹിച്ചിരുന്നു ഒരുപാട്.
കാണുമ്പോൾ ഉള്ളിൽ ഉയർന്നിരുന്ന നെഞ്ചിടിപ്പുകൾ
കണ്ണുകൾ കൊണ്ട് പറഞ്ഞുതീർത്ത കിനാവുകൾ
രാത്രിയിലെ പൂർണ്ണചന്ദ്രനെ നോക്കി
പറഞ്ഞുതീർത്ത പരിഭവങ്ങൾ
പിണക്കങ്ങളിൽ വീഴ്ത്തിയ കണ്ണീരോർത്ത്
മധുരമിഠായി നുണഞ്ഞ് നാം
ഓർത്തുചിരിച്ച നിമിഷങ്ങൾ
എന്റെ മനസ്സിലെ മയിൽപ്പീലിയായ്
നിന്നെ ഞാൻ ഒളിപ്പിച്ചിരുന്നു ഒരിക്കൽ...
കഴിഞ്ഞുപോയി ആ കാലം
കൊഴിഞ്ഞുപോയി ആ പ്രണയദിനങ്ങൾ
നീയും ഞാനും ഇന്ന് അപരിചിതർ
മറക്കുവാൻ ഞാൻ ശ്രമിക്കാറില്ല. കാരണം
ആദ്യ പ്രണയമെ നിന്നെ മർത്യർക്ക് മറന്നീടാൻ
ആകുമോ?



റോസ് തമ്പി

# Pencil Drawing













# ഒരു മൂന്നാം ലോക പ്രണയം

അയാളാകെ അസ്വസ്ഥനായിരുന്നു. ഒരു എഴുത്തുകാരിയെ പ്രണയിക്കണം അവളുടെ മുഖത്തു നോക്കിയാണതയാള് പറഞ്ഞത്. ചിരിച്ചുകൊണ്ടവള് ചോദിച്ചു വിവാഹം കഴിക്കണോ...? "ഉം വേണം" അയാള് മുഖം വെട്ടിച്ചു കളഞ്ഞു അവള് അകത്ത് മുറിയിൽ നിന്ന് ഒരു പേനയും പേപ്പറുമെടുത്തു വന്നു. വാതിൽപടിയിലിരുന്നപ്പോളവളുടെ പാവാട മുട്ടോളമുയർന്ന് പൊങ്ങിനിന്നു. ഒരു പക്ഷെ അവളുടെ ആത്മാർത്ഥ സുഹൃത്തല്ലായിരുന്നുവെങ്കിൽ തുടയിൽ തലവെട്ടിച്ചയാൾ നോട്ടം മാറ്റില്ലായിരുന്നു. ഇതാ... അവൾ എഴുതിക്കഴിഞ്ഞൊരു പേപ്പർ നീട്ടി. അയാൾ അവൾക്കെതിർവശം തിരിഞ്ഞ് നഖം കടിച്ചു കൊണ്ട് നിൽക്കുകയായിരുന്നു. അയാൾ ആ പേപ്പർ വാങ്ങി നോക്കി. നിലവിലുള്ള യുവ എഴുത്തുകാരികളുടെ പേരവൾ പട്ടികപ്പെടുത്തിയിരിക്കുന്നു.

"അവരെല്ലാം നിന്റെ പ്രായത്തിനു താഴെയുള്ളവരാണ്". അവൾ പറഞ്ഞു.

"ഉം... നമുക്കൊരുമിച്ച് പോകാം" പേപ്പർ നോക്കിക്കൊണ്ടയാൾ പറഞ്ഞു. "എവിടെ?" അവൾ ചോദിച്ചു "ഇവരെയെല്ലാം കാണാൻ"... അവൾ കൈകെട്ടി നിന്ന് ചിരിച്ചുകൊണ്ട് തലയാട്ടി. അയാളുമവൾക്കൊപ്പം ചിരിച്ചുകൊണ്ട് പേപ്പർ മടക്കി പോക്കറ്റിലിട്ടു.

ആദ്യത്തെ എഴുത്തുകാരി-

ധാരാളം മുടിയുള്ളവളും ബ്ലോഗെഴുതുന്നവളുമായിരുന്നു. കാലിന്മേൽ കാലുകയറ്റി വച്ച് അവൾ...

ആ എഴുത്തുകാരി...

മറുപടിയായ് അയാളൊടൊരു ചോദ്യമുയർത്തി

"വൈ ഷുഡ് ഐ ലവ് യൂ?"

അയാളുടെ സുഹൃത്തായവളെ നോക്കി താൻ നിസ്സഹായനാണെന്നറിയിച്ചു. "ഞാൻ പ്രണയിക്കുകയാണെന്ന കാരണത്താൽ എന്നെ പ്രണയിച്ചു കൂടേ". അയാൾ എഴുത്തുകാരിയോട് ചോദിച്ചു. എഴുത്തുകാരി ലെസ്ബിയനാണെന്ന് അയാളുടെ സുഹൃത്ത് ഓർമ്മപ്പെടുത്തി. പക്ഷെ അവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് ചിരിച്ചുകൊണ്ടവൾ അയാളോട് പറഞ്ഞു.

"നിങ്ങൾക്ക് വട്ടാണോ...! അതിരിക്കട്ടെ നിങ്ങൾ തൊടാൻ ഏത് വർഷത്തിനോടാണിത്ര ക്രേസ്?" "മേരിക്കൂ... ഞാൻ നിങ്ങളുടെ തെണ്ടുത്തും ഇതുവരെ വായിച്ചിട്ടില്ല. എനിക്കൊരു ഓരോ കോപ്പി തരുമോ" അവൾ ചോദിച്ചു. അവൻ പൊട്ടി ചിരിച്ചുകൊണ്ട് പറഞ്ഞു. "നിങ്ങൾക്ക് ശരിക്കും വട്ടാണെന്ന് മാത്രമല്ല അതൊന്നുമെഴുതുന്നത് പൊന്നമൊന്നല്ല. മഹി ആ ബുസിനെ കിങ്ങോർഡ് റ്റു എക്സ്പ്രസ്സ് ഇന്റർനാറ്റ് റ്റി ... വി.ഗ് അവിടെ നിന്നിറങ്ങിപ്പോൾ അവളുവരോട് പൊന്നമെഴുതുതാത്ത വരുമലെല്ലാം പെരുവഴിക്ക് എന്ന് പറഞ്ഞു. 67 പേരുകളിൽ 67 ഉം വെട്ടിമാറ്റപ്പെട്ട കിഴ്പ്പുണ്ട് മേൽ കാണിച്ചു

കൊണ്ടവൾ അവൾക്ക് ആ പേപ്പർ തരമോ? അത് ചുരുട്ടിയെറിഞ്ഞു കൊണ്ടവൾ അവനോട് ചോദിച്ചു "നിങ്ങൾക്കും വഴി എഴുതാറില്ലേ ?"

"ഉം അവൾ മൂളി"

അവളുടെ കണ്ണുകൾ നിറഞ്ഞു -

അയാളവളുടെ കൈ പിടിച്ചുകൊണ്ടു പറഞ്ഞു

പോകാം—



വിഷ്ണു കെ.എസ്





മാലിനി എം.

# എങ്കിൽ



പറന്നകലുന്ന മേഘത്തിന്റെ കയ്യിൽ
ഒരു കത്തു നൽകാമായിരുന്നെങ്കിൽ;
അകലെയെങ്ങോ ഉള്ള തന്റെ പ്രിയതമനു
ദൂതയയ്ക്കാമായിരുന്നെങ്കിൽ
ഈ ജനലഴികൾ മുല്ലവള്ളികളായിരുന്നെങ്കിൽ
ചങ്ങലക്കണ്ണികൾ പാദസരമായിരുന്നെങ്കിൽ
പഴന്തുണി പട്ടുചേലയായിരുന്നെങ്കിൽ,
അവനെന്നെ തിരിച്ചറിഞ്ഞേനെ...
ഇത്രമേൽ എന്നെ ഞാനല്ലാതാക്കി
ഒരു ഭ്രാന്തിത്തടവുകാരിയാക്കി...



# മാപ്പ്

അനന്ത സ്നേഹത്തിൻ
അധിപതി നീയേ
നിൻ കാൽക്കൽ വീണിതാ ഞാൻ കേഴുന്നു
ഒരിക്കലും പൊറുക്കുകയില്ലെന്റെ
തെറ്റ് നീയെങ്കിലും മാപ്പപേക്ഷിക്കുന്നു ഞാൻ
നിന്നോട് ഞാൻ ചെയ്ത തെറ്റിൻ ഫലമല്ലോ
ഇന്നെൻ പുത്രിമാർ എന്നോട് ചെയ്യുന്നതും
മാപ്പു നൽകുകയെന്നമ്മേ
നിൻ കണ്ണീരിൽ ഞാൻ വെന്തുരുകട്ടെ



റിനു ബെന്നി

# കലി



കാവ്യമോൾ എ.ബി



കലിതുള്ളിയൊഴുകും ഞാൻ മക്കളെ
എന്റെ കലിയടങ്ങിടുന്ന നാൾവരെ
തലചായ്ച്ചിടാനെൻ മണ്ണുതന്നില്ലയോ
ദാഹമകറ്റിടാൻ നീരുറവയും തന്നു
തണലേകിടാനായെൻ മാമരച്ചില്ലയും
സൗരഭ്യമേകുവാൻ പൊൻവസന്തങ്ങളും
കൂടെ കളിക്കുവാൻ ജന്തുജാലങ്ങളും നൽകി
കനിഞ്ഞ ഞാൻ വിഡ്ഢിയല്ല
ആർത്തി പെരുത്തു പെരുമലകേറി നീ
ആരെന്നറിയാതെ പോർവിളികൂട്ടി നീ
ആർക്കുമേ ദോഷം വരുത്താതെ നിലകൊണ്ട
ഭൂമിയെ കുത്തിപിളർന്നുവല്ലോ
നീയി മണ്ണിനെ കുത്തി മുടിച്ചുവല്ലോ
മാനം നശിച്ചൊരു പെണ്ണിന്നുടലുപോൽ
മാലിന്യമൊക്കെ നീ കൂനക്കൂട്ടി
എൻ തെളിനീരു നീ മലീമസമാക്കുമ്പോൾ
വിങ്ങുമെൻ നെഞ്ചകം കണ്ടില്ലയോ
എന്റെ പ്രതികാര ദാഹവും കണ്ടില്ലയോ
വയ്യിനി ക്ഷമിക്കുവാനെൻ പൊന്നുമക്കളെ
വയ്യിനി കേൾക്കയില്ലിനി നിൻ വിളി
ഉള്ളിലടക്കിയെൻ രോദനമെരുകുന്ന-
പൊട്ടിച്ചു ശാന്തി വരിക്കട്ടെ ഞാൻ
ഞാൻ നിനക്കേകിയ വസുധൈവ സ്വർഗത്തിൽ
നാശം വിതച്ച നീ മനുജനാണോ
ഇനിയില്ലടങ്ങുകയില്ലിനിയെന്റെ ക്രൗര്യത്ത-
മടങ്ങുകയില്ലെന്റെ രൗദ്രതാളം
എടുക്കുന്നു സർവ്വവും വെറിയോടെതന്നെ ഞാൻ
തിരികെ തരികയില്ലിനി ഭൂമിയെ
ആർത്തു കുതിച്ചു ഞാൻ താണ്ഡവമാടട്ടെ..
അടക്കട്ടെന്നുള്ളിലെ അഗ്നിജ്വാലം.
നിന്റെ നെഞ്ചകം നീറ്റുന്നൊരഗ്നി ജ്വാലം.



എയ്ഞ്ചൽ ബേബി

# മഴത്തുള്ളികൾ ബാക്കിവച്ചത് മനസ്സിലും ഓർമ്മയിലും

കണ്ണ് അടച്ചൊന്നു തുറന്നപ്പോഴേക്കും ചുറ്റും വെള്ളം. സ്വന്തമെന്ന് നിനച്ചതെല്ലാം ഒരു കുത്തൊഴുക്കിൽ ഒലിച്ചുപോയി. ഭൂമിയുടെ ഗർഭപാത്രം പിളർന്നെത്തിയത്കൊണ്ടാവും വെള്ളത്തിന് മുഴുവൻ ഒരു കലക്കൽ. ആറ് വർഷത്തെ വിദേശപഠനത്തിന് ശേഷം നാട്ടിലെ ഹരിതാഭയിലേക്ക്; അതിന്റെ ഭംഗിയിലേക്ക് വന്നതാ.. പക്ഷേ ഉടുതുണിയല്ലാതെ മറ്റൊന്നും ശേഷിപ്പിക്കാതെ വെള്ളം എല്ലാം കൊണ്ടുപോയി. എല്ലാ പാച്ചിലുകൾക്ക് ഇടയിലും കൈയിൽ തൂക്കിയ ആ സ്റ്റെതസ്കോപ്പും മെഡിക്കൽ ഉപകരണങ്ങളും സർട്ടിഫിക്കറ്റും നെഞ്ചോട് ചേർത്തിരുന്നു. ആഡംബരത്തിന് മാത്രമായി അമ്മച്ചിയുടെ കൈയ്യിലെ കാപ്പ് വിറ്റ് അപ്പച്ചൻ പണിയിച്ച മതിൽ, പുഴ ഗതിമാറി ഒഴുകിയപ്പോൾ മാർഗ്ഗതടസ്സമാവാതെ മണ്ണ് തകർന്ന് കൊടുത്തു. ആഢംബരപ്പൂസിട്ട് നടന്ന കാലുകൾ വെള്ളത്തിൽ കുതിർന്ന് വിളറി. പെർഫ്യൂം പൂശി നടന്ന വേഷത്തിനൊക്കെ മണ്ണിന്റെ, ചെളിയുടെ മണമായി എന്തുകൊണ്ടോ ഒരു വിളിപ്പാടകലെയും ഒരു കൈയകലത്തിന്റെ ദൂരത്തിലും നിർത്തിയിരുന്നവർ തോളോടു ചേർന്ന് ഒരുമിച്ച് നീങ്ങി. ചെന്നെത്തിയത് പണ്ട് "ഷെല്ലോ" വച്ചിരുന്ന സർക്കാർ സ്കൂളിന്റെ മുമ്പിൽ. ക്ഷണിക്കപ്പെടാതെ ഒരുമിച്ച് കൂടിയ ഒരു പറ്റം മനുഷ്യർ. ഒരു വശത്ത് നഷ്ടപ്പെട്ടവയുടെ കണക്ക് കൂട്ടി കൺനിറഞ്ഞവർ. മറുവശത്ത് തിരിച്ച് കിട്ടിയ ജീവനെയോർത്ത് കണ്ണിൽ നക്ഷത്രത്തിളക്കം പടർത്തിയവർ. രണ്ടു പേരുടെയും നടുവിലൂടെ നിർവികാരനായി ഞാൻ നടന്നു. ചെന്നെത്തിയ നാൾ തന്നെ അപ്പച്ചനെയും അമ്മച്ചിയെയും പെങ്ങൾ അവളുടെ വീട്ടിലേക്ക് കൊണ്ടുപോയി. സ്വന്തം കൈ മുറിയാതെയും വെയിൽ കൊള്ളാതെ തണലാവാനുമൊക്കെ ചെറിയ ഇഷ്ടം ഉള്ളോണ്ട് ഞാനിവിടെ തന്നെ നിന്നു. സ്വന്തം ലോകമായി കരുതിയിരുന്ന മൊബൈൽ നഷ്ടപ്പെട്ടതുകൊണ്ട് ഗത്യന്തരമില്ലാതെ ഞാൻ പുറത്തേക്കിറങ്ങി.

"ചേട്ടായി" ഇതൊന്ന് പിടിക്കുവോ? ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കിയപ്പോൾ നാലോ അഞ്ചോ കിലോ തൂക്കം വരുന്ന അരി സഞ്ചി തൂക്കി നിൽക്കുന്ന ഒരു കൊച്ചുപെൺകുട്ടി. അലസമായി പറന്ന ചെമ്പൻ തലമുടി മുഖത്തേക്ക് വീണ് കിടക്കുന്നു

ങ്കെങ്കിലും അവളുടെ കണ്ണിന് മങ്ങാത്ത ഒരു കാന്തി. താമസിക്കാതെ കൈ നീട്ടി സഞ്ചി വാങ്ങി 'അടുക്കള'യിലേക്ക് നീങ്ങി. വെറുതെ കിടന്നിരുന്ന കൈകളിൽ തൂങ്ങിയവളും കൂടെ കൂടി. വായതോരാതെ കൊഞ്ചി കൊഞ്ചി എന്തൊക്കെയോ പറഞ്ഞുകൂട്ടി ആ കുറുമ്പി. ഉച്ചയ്ക്ക് ഭക്ഷണം കഴിച്ചപ്പോളും കുറുമ്പി കൂടെ കൂടി. കുറെ സംസാരിച്ചെങ്കിലും അച്ഛനെയും അമ്മയെയും കുറിച്ച് ചോദിച്ചപ്പോ മുഖം വാടി കുറുമ്പീടെ. തൊട്ടടുത്ത് നിന്നൊരു വയസ്സി പറഞ്ഞു 'അവൾ ആ പുഴക്കരേല് അവളുടെ വല്യമ്മേടെ കൂടെയാ താമസം. ഇന്നോ നാളെയെന്നോ പറഞ്ഞ് കിടക്കണ വയസ്സിയും കൂടെയീ മാലാഖക്കുഞ്ഞും.' എല്ലാ സങ്കടങ്ങളും വേദനയും തട്ടിനിൽക്കുന്ന, ഏകാന്തതയും മടുപ്പും മാത്രം കൂട്ടിനുള്ള വീട്ടിൽ നിന്ന് അവൾക്കൊരു മോചനമാവും ആളും അനക്കവും ഉള്ള ഈ ക്യാംപ്. സ്വന്തം വീട്ടിൽ നിന്ന് അവളുടെ രക്ഷപ്പെടലാവും ഈ പ്രളയം. ഓർമകളായി മാറാൻ ഉള്ള കുറച്ച് ദിനങ്ങളിലെ ആദ്യ മയിൽപീലിയായി ആ കുറുമ്പിയും അവളുടെ കുഞ്ഞുങ്ങിയ ചിരിയും. എന്റെ കഥ കേട്ട് സ്വന്തമായി ആകെയുള്ള ആ പാവക്കുട്ടിയെയും കെട്ടിപിടിച്ച് അവൾ മെല്ലെ മയങ്ങി. ആദ്യമായി അന്നവിടെ വച്ച് വാത്സല്യം കൊണ്ട് ഞാനൊരച്ഛനായി. പിന്നെയും പുറത്തേക്ക് ഇറങ്ങി. മഴ കുസൃതി നിർത്തിയിട്ടില്ല. കൈ മെയ് മറന്ന് പണിയെടുക്കുന്ന ചുറുചുറുക്കുള്ള സന്നദ്ധപ്രവർത്തകർ. മെഡിക്കൽ പ്രഫഷണൽ ആയിട്ട് പോലും ആർത്തവമെന്നോ സാനിട്ടറി പാഡ് എന്നോ ഉറക്കെപറയാൻ ഒരു മടി ആയിരുന്നു. പക്ഷെ അവരുടെ അടുത്ത് നിന്നപ്പോൾ ആ വാക്കുകൾക്ക് പെൺശരീരമായോ, മ്ലേച്ഛവികാരങ്ങളുമായോ യാതൊരു സാമ്യവും തോന്നിയില്ല. എന്റെ അമ്മയ്ക്കും എന്റെ പെങ്ങൾക്കും ഉള്ള ശരീരത്തിന്റെ അതേ വികൃതി. എന്നെ മെനയാൻ അമ്മയെ സഹായിച്ചൊരു വികൃതി. "പെണ്ണ്" എന്നതിനെ വികാരമെന്ന വാക്കിനോട് തളച്ചിടാൻ പ്രേരിപ്പിച്ച എല്ലാത്തിനോടും ഒരു നിമിഷം അറപ്പ് തോന്നി. വസ്ത്രങ്ങളും മറ്റും വിതരണം ചെയ്യാൻ 'മുറികൾ' കയറി

'മുറികൾ' കയറി ഇറങ്ങിയപ്പോൾ മങ്ങിയ, മഷിക്കാറായ കാന്തിയുള്ള ഒരു ജോടി കണ്ണുകൾ എന്റെ കണ്ണിലുടക്കി. കണ്ടു, മറന്നു. ആ മുഖം. പക്ഷെ ആ കണ്ണുകൾ എന്നെ പിന്തുടരുന്നതായി എനിക്ക് തോന്നി. മെഡിക്കൽ ക്യാംപിന് സേവനം ചെയ്യാൻ ഞാനും കൂടെ കൂടി. നീണ്ടു കിടന്ന നിരയിൽ നിന്ന് എപ്പോഴോ അവൾ എന്റെ മുമ്പിലെ കസേരയിലിരുന്നു. ശരീരത്തിൽ മുറിവുകൾ ഒന്നും കണ്ടില്ലെങ്കിലും ആ കണ്ണ് എനിക്ക് അവളുടെ മനസ്സിലെ മുറിപ്പാടുകൾ വരച്ചുകാട്ടി. പ്രായത്തിൽ ഇളയതോ മുതിർന്നതോ എന്നറിയാതെ ആണെങ്കിലും രണ്ടും കല്പിച്ച് 'ചേച്ചി' എന്ന് ഞാൻ ഉറപ്പിച്ചു വിളിച്ചു. എവിടെയോ കളഞ്ഞുപോയ ഓർമയുടെ മഞ്ചാടിക്കുരു ആ കണ്ണിലേക്ക് ഓടിവന്നെന്നോട് പുഞ്ചിരിക്കുന്നതായി തോന്നി. എന്റെ ചോദ്യം മനസ്സിൽ കണ്ടുകൊണ്ടാവണം ചേച്ചി പറഞ്ഞു. 'മോനേ ഇതെന്റെ വിധിയാ... ഇരന്നുവാങ്ങിയ ദുർവിധി' എന്തോ ഭാരം അഴിച്ചുവച്ച നിർവൃതിയിലവർ നടന്നുനീങ്ങി. അധികമൊന്നും മിണ്ടിയില്ലെങ്കിലും പറഞ്ഞ വാക്കുകളിൽ തകർന്ന ദാമ്പത്യവും, വിട്ടു പോകാത്ത ദാരിദ്ര്യവും, വെറുതെ വേണ്ടാന്ന് വച്ച സുഖവും സന്തോഷവും, മാതൃസ്നേഹവും പിതൃവാത്സല്യവുമെല്ലാം നിഴലിച്ചു. കഴുത്തിലൊരു താലി ഉണ്ടെങ്കിലും അത് അവളുടെ അനാഥത്വത്തിന്റെ അളവുകോലായി തോന്നിയെനിക്ക്. അല്ലേലും സ്നേഹവും കൊഞ്ചലും, പിണക്കങ്ങളുമെല്ലാം പ്രണയത്തിന്റെ വരമ്പിൽ നിൽക്കും; ദാമ്പത്യത്തിന് മുഖം കൊടുക്കാതെ. ഒന്നേ മിണ്ടിയുള്ളുവെങ്കിലും ആ മുഖവും മനസ്സിൽ പച്ചകുത്തിയ മട്ടിൽ ആഴ്ന്നിറങ്ങി. ആ ദിനമെന്തോ ഉറക്കം വന്നില്ല രാത്രി തിരിഞ്ഞും മറിഞ്ഞും ഇഴഞ്ഞുനീങ്ങി കുറുമ്പിയുടെ കൊഞ്ചലിൽ പിറ്റേദിവസം ഉണർന്നു. അന്നവൾ എന്നെ സ്കൂൾ വരാന്തയുടെ അറ്റത്തുള്ള ഇരുണ്ട മുറിയിലേക്ക് കൂട്ടികൊണ്ടോടി. അന്നുവരെ കാണാത്ത ഒരു മുഖം ഇരുളിലും ഞാൻ കണ്ടു. വരണ്ട തലമുടിയും നഖപ്പാടുകൾ കൊത്തുപണികളായ മുഖവും കീറിയ ഉടുപ്പും പൊട്ടി മുറിവിൽ ഇറങ്ങിയ കുപ്പിവളകളും...

നാടോടിപ്പെണ്ണ്.. ഞാൻ എന്നോട് തന്നെ ചോദിച്ചു. ആണൊരുത്തൻ മുന്നിൽ നിൽക്കുന്നത് കണ്ടിട്ടാവണം മുട്ടിന് മീതെ തെന്നി നീങ്ങിയ പാവാടയവൾ താഴോട്ട് വലിച്ചിട്ടു. പേടിച്ചരണ്ട് മുഖം താഴ്ത്തിയവൾ മെല്ലെ ചാഞ്ഞു... ചാരിയിരുന്ന ഭിത്തിയുടെ കണ്ണുകൾ പോലും കാമാർത്തിയോടെ നോക്കുന്നുവെന്ന് തോന്നിയതുകൊണ്ടാവും അവൾ കൈകൾ കൊണ്ട് തന്റെ മാറ് മുറുകെ മറച്ചത്. പ്രളയത്തിന്റെ ഇരുണ്ടനാളിൽ എന്നോ ഉടഞ്ഞതാവണം അവളുടെ കുപ്പിവള.. രക്ഷകനായി എത്തിയവനോ.. കൂട്ടാളിയായി നിന്നവനോ.. കാവലായി കൂടിയവനോ.. ആവണം നെറ്റിയിലെ ആ ചുവന്ന പൊട്ട് മായിച്ചത്. ഒന്നും മിണ്ടാതെ കുറുമ്പിയുടെ കൈയ്യും പിടിച്ചിറങ്ങി. അവളുടെ കൈയിലെ ചെറുചൂടുപോലും എന്നെ പൊള്ളിച്ചു. ദുരന്തത്തിന്റെ ആഘാതത്തിനിടയിലും പെണ്ണിനെ പിച്ചിയെറിഞ്ഞ, അവളിൽ കാമം തേടിയ സമൂഹത്തിൽ എന്റെ കൈയ്യിൽ തൂങ്ങുന്ന കുറുമ്പി പോലും സുരക്ഷിതയല്ലായെന്ന തോന്നൽ എന്നെ ഇഞ്ചിഞ്ചായി കൊന്നു. ആഴ്ച തെന്നി നീങ്ങി. തലകറങ്ങിവീണ ആ നാടോടിപെണ്ണിനെ ആളുകൾ എടുത്ത് എന്റെയടുക്കൽ കൊണ്ടുവന്നു. ക്യാമ്പിൽ നിന്ന് വീട്ടിലേക്ക് മാറാനുള്ള വ്യഗ്രതയിൽ ആളുകൾ ഓടിനടന്ന ആ വരാന്തയിൽ എന്റെ സ്റ്റെതസ്കോപ്പിൽ അവളുടെ നെഞ്ചിടിപ്പിന്റെ കൂടെ ഒരു നേർത്ത ഇടിപ്പ് കൂടി ഞാൻ കേട്ടു. അവളുടെ വയറ്റിൽ വളരുന്ന ഒരു കുഞ്ഞ് വിത്തിന്റെ മുളയുടെ വേരുകൾ വളർന്ന് അവളെ ഇറുക്കുന്നതായി എനിക്ക് തോന്നി. 'നീ ഒരു അമ്മയാവാൻ പോകുന്നു'. ഞാൻ മെല്ലെ പറഞ്ഞു. അലസമായി പരതിയിരുന്ന കണ്ണുകൾ ഒരു നിമിഷം എന്നെ തുറിച്ചുനോക്കി പിന്നെയും തെന്നിമാറിമറഞ്ഞു. ആ നോട്ടത്തിന്റെ തീ എന്റെ നെഞ്ചിൽ കനലായി എരിയാൻ തുടങ്ങി. ഓരാഴ്ചത്തെ കൂടിച്ചേരലിന് വിരാമമിട്ട് ക്യാമ്പ് തീർന്നു. വല്യമ്മയുടെ കൈ പിടിച്ച് പാവക്കുട്ടിയെ നെഞ്ചോട് ചേർത്ത് കുറുമ്പി നടയിറങ്ങി പോയപ്പോ എന്നോട് ചോദിച്ചു ചേട്ടായി എന്നെയും കൂടെ കൊണ്ടു പോവ്വോയെന്ന്. കേട്ടില്ലാത്ത മട്ടിൽ നിന്നു എങ്കിലും പരിഭവമില്ലാതെയവൾ എനിക്കൊരു ചുംബനമേകി. കാഴ്ചയിൽ നിന്ന് മറഞ്ഞു ഒരു കൈയ്യിൽ മദ്യകുപ്പിയും മറുകൈയ്യിൽ ബീഡിയും പിടിച്ചുനിന്ന മധ്യവയസ്സനോട് ചേർന്ന് നിന്ന ചേച്ചിയും എന്നോട് നൂറുനൂറു പരിഭവം പറഞ്ഞുവച്ച് നീങ്ങി. അവസാനം അവളും നടന്നെത്തി. ആ നാടോടിപ്പെണ്ണ് ഉള്ളിലൊരു ജീവൻ ഉണ്ടെന്ന് പോലുമറിയാതെ കാലമോ ദേശമോ അറിയാതെ അവളും നടന്ന് നീങ്ങി. ഞാനും ആ മുറ്റത്ത് നിന്നിറങ്ങി. എല്ലാ മുഖങ്ങളും മറന്ന് മനുഷ്യത്വത്തിന്റെ നാമ്പുകൾ ആ മുറ്റത്തെറിഞ്ഞ് വാകപ്പൂക്കളെ ചവിട്ടിയരച്ച് ഞാൻ മുന്നോട്ട് നീങ്ങി. കാരണം പ്രളയം തീർന്നില്ലേ, ഇനി അല്പം സ്വാർത്ഥനാവാം. അല്ലെങ്കിൽ എടുത്ത വിദ്യാഭ്യാസ ലോൺ അടച്ചുതീർക്കാൻ താമസം വരും. ഉള്ളിലെ 'മനുഷ്യൻ' എഴുന്നേറ്റു. ഉറക്കം വിട്ട നല്ല മനുഷ്യൻ വീണ്ടും നിദ്രയിലേക്ക് വഴുതിവീണു. ഇനിയും ഒരു പ്രളയം വരുംവരെ മതിലുകൾ കെട്ടിപൊക്കണം... ഞാനെന്ന എന്നെ വളർത്തണം. അടുത്ത പ്രളയം വരട്ടെ വീണ്ടും ഒരു മനുഷ്യനാവാം... അല്ലേ?...



# പ്രകൃതിയെന്ന അമ്മ

അത്ഭുതങ്ങൾക്കൊണ്ടതിശയിപ്പിക്കുന്ന
ആകാശവും ഭൂപ്രകൃതിയും
നിറവും നിറഭേദവും കൊണ്ട് ജീവനിൽ
ഭൂതവും രാശിയും മാറ്റി കാലവും
ഭൂമിയൊരു ദേവിയായ് കല്പാന്തകാലമായ്
സർവ്വം സഹയെന്നു കീർത്തിപ്പെടുന്നുവോ
പുഴയും മലകളും, കാടും സമുദ്രവും
ഒരു നാളു വറ്റി, ചോദ്യമായ്മായുന്നു
എന്തുകൊണ്ടെന്തുകൊണ്ടീ പ്രകൃതിയിൽ
ആയിരം ക്ഷതം മനുഷ്യൻ കൊടുക്കുന്നു.
ഒരു നാളിലൊരുനാളിൽ ഈ പ്രകൃതിയിൽ
ഇരുളും തണുപ്പും ഒരുമിച്ചു ചേരുമോ?
എന്തുകൊണ്ടെന്തുകൊണ്ടീ പ്രകൃതിയിപ്പഴും
ഉള്ളിന്റെയുള്ളിൽ ഉരുകി ഉരുകി തീരുന്നു
വെട്ടിത്തളിച്ചു മറിയുന്നനന്തമായ്
തൻ മക്കളേൽപ്പിച്ച വേദനകാരണം
തായേ, നിൻ പുഴകളെ ഊറ്റിക്കുടിക്കുന്ന
അരുവികൾ വെട്ടി മതിച്ചു രസിക്കുന്നു
മക്കൾ നിൻ മക്കൾ താൻ നിനക്കു ശത്രുകൾ
എങ്കിലും അമ്മേ സ്വയംഭൂവായി നീ
എന്നിൽ വസിക്കവേ
ജനിമൃതികൾ താണ്ടി നീ ജീവിക്കയല്ലയോ
നിന്നോടു ക്രൂരത കാട്ടുന്ന മക്കളെ
പിന്നെയും തഴുകി തലോടുന്ന നീയെന്നും.





ബിജി ബെന്നി



ബില്ല് കൊടുത്തു രണ്ട് പേരും ഇറങ്ങുന്നു... അഞ്ച് വർഷത്തെ പ്രണയം ആണ് റാമും പ്രിയയും തമ്മിൽ.. ഡിഗ്രി ഫസ്റ്റ് ഇയർ തൊട്ട്... ഇപ്പോൾ പ്രിയ നല്ലൊരു കമ്പനിയിൽ മാനേജർ ആണ്... റാം ജോലിക്കായി അലയുന്ന തിരക്കിലും... അല്പം ഫൈനാൻഷ്യലി വീക്ക് ആയ ഫാമിലി ആണ് റാമിന്റേത്. പ്രിയയുടെ നേരെ തിരിച്ചും... സാധാരണ കണ്ടുവരുന്നത് പോലെ ഈ പ്രണയത്തിനു റാമിന്റെ വീട്ടിൽ സപ്പോർട്ടും പ്രിയയുടെ വീട്ടിൽ എതിർപ്പും ആണ്.. പക്ഷെ റാമിനെ പ്രിയക്ക് ജീവനാണ്.
പ്രിയയെ ബസ് കയറ്റി വിട്ട ശേഷം റാം വീട്ടിലേക്കു തന്റെ ബൈക്കിൽ യാത്ര തുടങ്ങി.. ഇടക്ക് റാമിന്റെ ഫോൺ ഒന്ന് റിംഗ് ചെയ്തു... വണ്ടി ഒതുക്കാതെ തന്നെ റാം ഫോൺ എടുത്ത് സ്ക്രീനിൽ നോക്കി "അമ്മ" എന്ന കോൺടാക്ട് കാണാം. റാം ഫോൺ അറ്റൻഡ് ചെയ്യാതെ തിരികെ പോക്കറ്റിൽ വച്ചു. രണ്ടും മൂന്നും തവണ അത് ആവർത്തിച്ചു. നാലാം തവണ റാം ഫോൺ എടുത്തു...
ഏറെ ദേഷ്യത്തോടെ "എന്താ അമ്മക്ക് വേണ്ടത്। കൊറേ നേരായല്ലോ ഞാൻ വണ്ടി ഓടിക്കുവാ..."
അമ്മ: "രാവിലെ പോയതല്ലേ, ഉച്ചക്ക് ഉണ്ണാനും കണ്ടില്ല, അതോണ്ട് വിളിച്ചതാടാ.."
റാം: ഞാൻ കുഞ്ഞി കൊച്ചൊന്നും അല്ലല്ലോ എന്നെ ഊട്ടാൻ... എനിക്ക് വിശക്കുമ്പോൾ ഞാൻ കഴിച്ചോളാം... അങ്ങോട്ട് തന്നാ വരുന്നത് വേറെ എങ്ങോട്ടും പോകാൻ പോണില്ല.
അമ്മ: ശരി ഡാ സൂക്ഷിച്ച് വാ....
അമ്മ । ഫോൺ വയ്ക്കുന്നു..
റാം ഫോൺ തിരികെ വച്ച ശേഷം പിറുപിറുക്കുന്നു... ഗതികെട്ട തള്ളേടെ വയറ്റീന്നു വന്നതിനു പകരം നല്ല വല്ല കുടുംബത്തിലും ജനിച്ചിരുന്നേൽ... ഈ പ്രശ്നം ഒന്നും ഇല്ലാർന്നു.... പ്രിയയെയും കെട്ടായിരുന്നു, ജോലി തിരക്കി അലയുകയും വേണ്ട.. ഇതും പറഞ്ഞു മുൻപോട്ട് നോക്കുമ്പോഴേക്കും ഒരു ലോറി വന്നു ബൈക്കിൽ ഇടിക്കുന്നു... തെറിച്ചു പോകുന്ന ആ ഒരു നിമിഷം റാം മനസ്സിലാക്കുന്നു താൻ പോകുന്നത്

മരണത്തിലേക്കാണെന്നു... നിമിഷങ്ങൾക്കുള്ളിൽ റാം മരണത്തിലേക്ക് കാൽ വയ്ക്കുന്നു...

മരണത്തിലേക്ക് കാൽ വച്ച തൊട്ടടുത്ത നിമിഷം തന്നെ ഒരു സ്വപ്നത്തിൽ നിന്നെന്ന പോലെ റാം റോഡിനു സൈഡിൽ നിന്ന് ഉണരുന്നു. റാം തന്റെ ഫോൺ റിങ് ചെയ്യുന്ന ശബ്ദം കേൾക്കുന്നു... അത് തന്റെ കാൽച്ചുവട്ടിൽ കിടപ്പുണ്ട്. റാം തന്റെ കൈകൾ കൊണ്ട് ഫോൺ എടുക്കാൻ ശ്രമിക്കുന്നു! എന്നാൽ റാമിന്റെ കൈകൾക്കു അതിൽ സ്പർശിക്കാൻ ആകുന്നില്ല അവൻ ഒരിക്കൽ കൂടെ ശ്രമിക്കുന്നു... ഇത്തവണയും പരാജയപ്പെടുന്നു. റാം മറ്റൊരു സത്യം കൂടെ തിരിച്ചറിയുന്നു തന്റെ കാലുകൾ ഭൂമിയിൽ സ്പർശിച്ചിട്ടില്ല. റാമിന് എന്തെന്നില്ലാത്ത ആശങ്കയായി... പെട്ടന്നു തന്റെ അരികിൽ വെള്ള വസ്ത്രം ധരിച്ച ഇരു ചിറകുകളുള്ള ഒരു മാലാഖയെ റാം കാണുന്നു. റാമിന് നേരെ നോക്കി പുഞ്ചിരിച്ചുകൊണ്ട് ആ മാലാഖ പറയുന്നു..

റാം നീ ആശങ്ക പെടണ്ട

റാം : എന്താ എനിക്ക് പറ്റിയത് നിങ്ങൾ ആരാ എന്താ അവിടെ ഒരു ആൾക്കൂട്ടം...

മാലാഖ : അവിടെ എന്താണെന്ന് നിന്നെ ഞാൻ കാണിക്കാം...

മാലാഖ റാമിനെ തന്റെ തോളിലേറ്റി ആൾക്കൂട്ടത്തിനു മുകളിൽ പറന്നു ചെല്ലുന്നു... ആ യാത്ര റാമിന് ഏറെ കൗതുകം പകരുന്നു. ഒരു സ്വപ്നത്തിൽ എന്ന പോലെ റാം ഉണരാൻ ശ്രമിക്കുന്നു.. എന്നാൽ തൊട്ടടുത്ത നിമിഷം കണ്ട കാഴ്ച, കൗതുകം ഭീതി ആക്കി മാറ്റുന്നു. ചോര വാർന്നു കിടക്കുന്ന റാമിന്റെ ശരീരം... ചിലർ അതിന്റെ ചിത്രം പകർത്തുന്നു... മറ്റു ചിലർ നോക്കി എന്തൊക്കെയോ പറയുന്നു... റാം ആ സത്യം തിരിച്ചറിയുന്നു താൻ മരിച്ചിരിക്കുന്നു....!



മരണത്തിനപ്പുറം എന്ത് എന്ന സംശയം ഏറെ ഉണ്ടായിരുന്ന ആളായിരുന്നു റാം. ഇന്നു തനിക്കു അതിനു ഉത്തരം കിട്ടിയിരിക്കുന്നു... ഒരു നിമിഷം കൗതുകം തോന്നിയെങ്കിലും തൊട്ടടുത്ത നിമിഷം ഇഹലോക ജീവിതം തീർന്നു എന്ന സത്യം റാമിനെ വേദനിപ്പിക്കുന്നു. റാമിന് പൊട്ടിക്കരയണം എന്നുണ്ട് എന്നാൽ കഴിയുന്നില്ല... കരയാൻ ശ്രമിക്കുന്ന റാമിനെ നോക്കി മാലാഖ പുഞ്ചിരിച്ചു കൊണ്ട് പറയുന്നു, "റാം കരയാൻ ഉള്ള അവകാശം മരണത്തിനു മുൻപ് മാത്രമേ ദൈവം തന്നിട്ടുള്ളു.. മരണത്തിനു ശേഷം ചിരിക്കാൻ മാത്രമേ കഴിയൂ..." റാം അല്പം ദേഷ്യത്തോടെ മാലാഖയോട്, "ഞാൻ എങ്ങിനെയാണ് ചിരിക്കുക! എനിക്ക് എന്റെ ജീവിതം നഷ്ടമായിരിക്കുന്നു എന്റെ സ്വപ്നങ്ങൾ നഷ്ടമായിരിക്കുന്നു. എന്റെ പ്രിയയോടൊപ്പം ഞാൻ സ്വപ്നം കണ്ട ജീവിതം, കുട്ടികൾക്കൊപ്പം പ്ലാൻ ചെയ്ത യാത്രകൾ, എന്റെ കരീർ ഡ്രീംസ്... എന്റെ പ്രിയ അവൾ ഇനി ജീവിതം മുഴുവൻ" ഇതെല്ലാം കേട്ടിട്ടും മാലാഖ വീണ്ടും പുഞ്ചിരിക്കുന്നു... ഇത്തവണ റാം ഏറെ ദേഷ്യപ്പെടാൻ ശ്രമിക്കുന്നു പക്ഷെ കഴിയുന്നില്ല.



മാലാഖ ! ഞാൻ പറഞ്ഞില്ലേ റാം നിനക്ക് പുഞ്ചിരിക്കാൻ മാത്രമേ കഴിയുകയുള്ളൂ..

റാം നിശബ്ദനായി നിൽക്കുന്നു. അതേ സമയം റാമിന്റെ ശരീരം ചിലർ എടുത്തു കൊണ്ട് പോകുന്നു... റാം അത് നോക്കി നിന്ന ശേഷം....

"ഇനി ഞാൻ എങ്ങോട്ടാ... സ്വർഗത്തിൽ ആണോ അതോ നരകത്തിൽ ആണോ... നരകത്തിൽ ആയിരിക്കും അതിനെ വഴി ഉള്ളൂ"

മാലാഖ ചെറു പുഞ്ചിരിയോടെ,

"പോകാൻ തിടുക്കമായോ? റാം നിന്നെ എനിക്ക് ഇപ്പോൾ കൊണ്ടുപോകാൻ കഴിയില്ല. നിന്റെ ശരീരം സംസ്കരിച്ച ശേഷമേ പറ്റൂ..."

റാം: അപ്പോൾ എനിക്ക് അത് കാണാൻ കഴിയുമോ, എന്റെ ശവം അടക്ക്...

മാലാഖ: നിനക്ക് അത് കാണണമെങ്കിൽ നിന്നെ ഞാൻ കൊണ്ട് പോകാം...

മാലാഖ റാമിനെ തോളിലേറ്റി പറക്കുന്നു... റാമിന് സമയത്തെ കണക്കു കൂട്ടാൻ കഴിയുന്നില്ല. മണിക്കൂറുകളും ദിവസവും പോലും കടന്ന് പോയത് അവൻ അറിയുന്നില്ല. ആ യാത്ര ചെന്നെത്തുന്നത് റാമിന്റെ കൊച്ചു വീട്ടിൽ ആണ്.. റാമിന്റെ അച്ഛൻ പണ്ടേ റാമിന്റെ അമ്മയെ ഉപേക്ഷിച്ചു പോയതാണ്. ഒറ്റ മകനാണ് റാം. അച്ഛൻ ഇല്ലാത്തവൻ എന്ന പരിഹാസം ഏറെ കേട്ടത് കൊണ്ടാവണം അവനു തന്റെ അമ്മയെയും സ്നേഹിക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ അമ്മക്ക് റാം ജീവനായിരുന്നു. തന്റെ വെള്ള പൊതിഞ്ഞ ശരീരത്തിന് ചുറ്റും ഏറെ പേർ ഇരുന്നു കരയുന്നുണ്ട്. ആദ്യം റാമിന് ആ കാഴ്ച സഹിക്കാനായില്ല അവനും കരയണമെന്നുണ്ട് പക്ഷെ കഴിയുന്നില്ല. പിന്നീട് അവൻ തന്റെ സുഹൃത്തുക്കളെ നോക്കുന്നു അവരും ഏറെ ദുഃഖത്തിൽ.. അവരും കരയുന്നുണ്ട്.

കൂടി നിൽക്കുന്ന നാട്ടുകാരിൽ പോലും പലരുടെയും കണ്ണു നിറയുന്നത് റാം കാണുന്നു അവർക്കൊക്കെ താൻ എത്രത്തോളം പ്രിയപ്പെട്ടവൻ ആയിരുന്നു എന്ന് അവൻ മനസ്സിലാക്കുന്നു.. റാമിന് വല്ലാത്ത സന്തോഷം തോന്നുന്നു.. തനിക്കു അവരെ ഒക്കെ കാണാൻ കഴിയുന്നുണ്ട് എന്ന് ഉറക്കെ അലറണമെന്ന് തോന്നുന്നു... എന്നാൽ തന്റെ അമ്മയുടെ കണ്ണുനീരിനെ അവൻ പുച്ഛിക്കുന്നു.. ഇത് കണ്ട മാലാഖ റാമിനോട്..

"എന്താ റാം അമ്മയുടെ കണ്ണുനീരിനോട് ഒരു പുച്ഛം?"

റാം: ഭൂമിയിലെ എന്റെ ജീവിതം ദുരിതം ആക്കിയത് അവരാണ്, അവരുടെ കയ്യിലിരിപ്പ് കൊണ്ടാവും അച്ഛൻ ഉപേക്ഷിച്ചു പോയത് അച്ഛൻ ഇല്ലാത്തവൻ എന്ന വിളിപ്പേര് അതെന്തു വേദന ആണെന്നോ..

റാം ഒരിക്കൽ കൂടി കരയാൻ ശ്രമിക്കുന്നു പക്ഷെ കഴിയുന്നില്ല.

മാലാഖ ഒരിക്കൽ കൂടി റാമിനെ നോക്കി പുഞ്ചിരിക്കുന്നു.

റാം തന്റെ ചിറകുകൾ കണ്ട ശേഷം മാലാഖക്കൊപ്പം മുകളിലേക്കു പറക്കുന്നു...

മേഘങ്ങൾക്കിടയിലൂടെ ഒരു കൊട്ടാരവാതിൽക്കൽ എത്തുന്നു.. റാം ആശങ്കയിലാണ്..

റാം: ഇത് സ്വർഗ്ഗം ആണോ നരകം ആണോ.. ഇവിടെ ഏത് ദൈവമാ... ജീസസ്സ് ആണോ പരമശിവൻ ആണോ അതോ അല്ലാഹുവോ അതോ വേറെ വല്ല ദൈവവും ആണോ... ഞാൻ ഹിന്ദു അല്ലേ അപ്പോ പരമശിവൻ ആകും അല്ലേ..

മാലാഖ ഇത്തവണ കുറച്ചു പൊട്ടിച്ചിരിച്ചു.

"റാം മതവും ജാതിയും ഒക്കെ മനുഷ്യന്റെ സൃഷ്ടിയല്ലേ.. ഒരു ദൈവമേ ഉള്ളൂ അത് ആരോ പറഞ്ഞ കഥയോ ആരോ വരച്ച ഒരു ചിത്രമോ അല്ല... അത് അരൂപി ആണ്..."

റാമിനെ മാലാഖ കൊട്ടാരക്കെട്ടിനുള്ളിലേക്ക് കടത്തുന്നു. അവിടെ

റാമിനെ പോലെ നിരവധി ആളുകൾ ഉണ്ട് കോടമഞ്ഞു പോലെ എന്തോ ഒന്ന് നിറഞ്ഞ പ്രതലം..

റാം ഒരു അശരീരി കേൾക്കുന്നു...

"റാം നീ സന്തുഷ്ടനാണോ അതോ സങ്കടത്തിലാണോ..."

റാമിന് ശബ്ദം അല്ലാതെ മറ്റൊന്നും കാണാൻ കഴിയുന്നില്ല.

"റാം ഞാനാണ്.. നിന്റെ ദൈവം, നീ ദിവസവും പ്രാർത്ഥിക്കുന്ന ദൈവം... മറുപടി നൽകൂ..."

റാം: മരിച്ചതിൽ സങ്കടമുണ്ട്, എങ്കിലും എന്റെ മരണം എല്ലാവർക്കും തീരാ ദുഃഖം ആണ്.. അത് അവരൊക്കെ എന്നെ ഒരുപാട് ഇഷ്ടപ്പെടുന്നതുകൊണ്ടല്ലേ., അതെനിക്ക് സന്തോഷം നൽകി. എന്റെ പ്രിയ അവൾ ഇനി എന്നെ ഓർത്തു ജീവിക്കും അവൾ എന്നെങ്കിലും മരിക്കുമല്ലോ അന്ന് ഞങ്ങൾ ഇവിടെ വച്ചു ഒന്നിക്കും ഞങ്ങളെ അങ്ങ് അനുഗ്രഹിക്കണം...

ഇതുകേട്ട ദൈവം പൊട്ടിച്ചിരിച്ചു..

"റാം നീ ഇനിയും ഒരുപാട് തിരിച്ചറിയാനുണ്ട്"

ദൈവത്തിന്റെ ശബ്ദം ചിരിയോടെ അകന്ന് പോകുന്നു... ആ ചിരിയുടെ അർത്ഥം മനസ്സിലാകാനാവാതെ റാം സങ്കോചപ്പെടുന്നു. ഒരിക്കൽ കൂടെ മാലാഖ റാമിനെ കൂട്ടിക്കൊണ്ട് പോകുന്നു.. റാം മറ്റു സഹവാസികളെ പരിചയപ്പെടുന്നു ദൈവം ചോദിച്ച അതേ ചോദ്യം എല്ലാവരും റാമിനോട് ചോദിക്കുന്നു അതെ മറുപടി തന്നെ റാം നൽകുന്നു... അവരും ദൈവത്തിന്റെ പുഞ്ചിരി ആവർത്തിക്കുന്നു...

കുറേ അധികം ആളുകളെ പരിചയപ്പെട്ടശേഷം റാമിന് ദേഷ്യം ആകുന്നു... ഇതുകണ്ട മാലാഖ റാമിനോട് പറയുന്നു...

ഒരു വർഷത്തിന് ശേഷം നിനക്ക് ഒരിക്കൽ കൂടെ ഭൂമിയിൽ പോകാനാകും... അന്ന് നിനക്ക് ഈ ചിരിയുടെ അർത്ഥം മനസ്സിലാകും...

റാം അന്ന് തൊട്ട് ഒരു വർഷം കടന്നു പോകുന്നതിനായി കാത്തു. ഓരോ ദിവസവും റാമിനോട് പലരും ആ ചോദ്യം ആവർത്തിച്ചു. റാം മറുപടിയും നൽകി, പക്ഷേ റാമിന് ആ ചിരി അല്ലാതെ മറ്റൊന്നും തിരിച്ചുകിട്ടിയില്ല..

അങ്ങനെ റാം ഏറെ കാത്തിരുന്ന ആ നാൾ എത്തി... മാലാഖ വന്നു ദൈവത്തിന്റെ അനുവാദം വാങ്ങി റാമിനെയും കൂട്ടി ഭൂമിയിലേക്ക് തിരിച്ചു..

റാമിനോട് മാലാഖ ചോദിച്ചു.

ആദ്യം എങ്ങോട്ടാണ്...

ഒന്നാമതൊന്ന് ആലോചിക്കാതെ റാം മറുപടി നൽകി...

പ്രിയയുടെ വീട്ടിലേക്ക്..

റാമിനെകൂട്ടി മാലാഖ പ്രിയയുടെ വീട്ടിലെത്തി.. അവിടെ എന്തോ ആഘോഷം നടക്കുകയാണ്.. വീട്ടു മുറ്റത്തു ഒരു മണ്ഡപം കാണാം അതിൽ എഴുതി വച്ചിരിക്കുന്ന വാചകം റാമിന്റെ മനസ്സിനെ തച്ചുടച്ചു. "പ്രിയ വെഡ്സ് രാജീവ്.." ഒരു നിമിഷം റാം പതറി പോയി പക്ഷെ പിന്നീട് ചിന്തിച്ചു പാവം വീട്ടുകാരുടെ നിർബന്ധം മൂലമാവാം.. റാം അകത്തേക്ക് ചെന്നു. പ്രിയയുടെ റൂമിലേക്ക്.. അവിടെ പ്രിയ ഒരുങ്ങുകയാണ്.. അവൾ ഏറെ സന്തോഷത്തിലാണ്.. അവിടെ മുറിയിലെ ഒരു ചവിറ്റുകൊട്ടയിൽ കണ്ട പിച്ചി ചീന്തിയ ഒരു ചിത്രം റാമിനെ വിഷമിപ്പിച്ചു. അത് റാമും പ്രിയയും ഒന്നിച്ചെടുത്ത ഏക ചിത്രം ആയിരുന്നു. അപ്പുറത്ത് പ്രിയയുടെ മാതാ പിതാക്കൾ ചില വിരുന്നുകാരോട് സംസാരിക്കുന്നത് റാം കേട്ടു.

"പ്രിയേഷ്ക്ക് ആദ്യം ഒക്കെ ആ ചെറുക്കനെ ഓർത്ത് നല്ല സങ്കടം ആയിരുന്നു. പിന്നെ അവൾ തന്നെയാണല്ലോട്ട് പറഞ്ഞത് രാജീവിന്റെ കാര്യം, രാജീവ് നല്ല നിലയിൽ ഉള്ള പയ്യനാണ്. പിന്നീടൊന്നും ആലോചിക്കാതെ ഞങ്ങൾ അങ്ങ് സമ്മതിച്ചു".

അതുംകൂടെ കേട്ടതോടെ ഒരിക്കൽ മരിച്ച റാമിന് ഒന്ന് കൂടെ ആത്മഹത്യ ചെയ്യണമെന്ന് തോന്നി...

മാലാഖ റാമിനെയും കൂട്ടി കൂട്ടുകാർ കളിച്ചുകൊണ്ടിരുന്ന പാടത്ത് വന്നു.. അവിടെ അവർ കളിക്കുന്നുണ്ടായിരുന്നു... റാം നട്ടു വളർത്തിയ ഒരു മരം അവിടെ ഉണ്ടായിരുന്നു എന്നാൽ ഇന്നു അത് കാണുന്നില്ല. അത് മുറിച്ചു മാറ്റിയിരിക്കുന്നു. അത് റാമിനെ വേദനിപ്പിച്ചു. എങ്കിലും അവർ റാമിനെ പറ്റി എന്തെങ്കിലും പറയും എന്ന പ്രതീക്ഷയിൽ റാം മണിക്കൂറുകളോളം അവിടെ നിന്നു പക്ഷെ ആരും പറഞ്ഞില്ല...

മാലാഖ ഒരിക്കൽ കൂടെ പുഞ്ചിരിച്ചുകൊണ്ട് റാമിനോട് ചോദിച്ചു...

"ഇനി എങ്ങോട്ടാണ്..?"

റാം നാട് മുഴുവനും ചുറ്റി. ബന്ധുക്കളോ നാട്ടുകാരോ ആരും ഇപ്പോൾ തന്നെ ഓർക്കുന്നില്ല എന്ന സത്യം അവൻ തിരിച്ചറിഞ്ഞു. ദൈവവും മറ്റു സഹവാസികളും തന്റെ മറുപടിക്കു മുന്നിൽ പരിഹസിച്ചു ചിരിച്ചതിന്റെ അർത്ഥം അപ്പോഴാണ് മനസ്സിലായത്. റാമിന് കരയാൻ ഏറെ കൊതി തോന്നി. പക്ഷെ അയാൾക്ക് കരയാൻ കഴിഞ്ഞില്ല.

മാലാഖ മൂന്നാം തവണയും റാമിനോട് ചോദിച്ചു

"ഇനി എങ്ങോട്ടാണ്...?"

റാം മറുപടി നൽകി.



നമുക്ക് തിരിച്ചുപോകാം.. എനിക്ക് ഈ ഭൂമിയിൽ ആരുമില്ല..

മാലാഖ റാമിനോട് പുഞ്ചിരിയോടെ ചോദിച്ചു--

"അപ്പോൾ റാമിനു വീട്ടിൽ പോകണ്ടേ.."

റാം വേണ്ട കണ്ടിടത്തോളം മതി ഇനിയും വയ്യ.

മാലാഖ : റാം ഇത് ഭൂമിയിലേക്കുള്ള നിന്റെ അവസാന സന്ദർശനം ആണ് ഇനി നിനക്ക് ഭൂമിയിലേക്ക് വരാൻ ആകില്ല വീട് വരെ പോയിട്ട് പോകാം.. മാലാഖയുടെ നിർബന്ധത്തിനു വഴങ്ങി റാം വീട്ടിലേക്ക് പോകാൻ തീരുമാനിച്ചു--

തീരെ താൽപര്യമില്ലാതെ റാം വീട്ടിലേക്ക് തിരിച്ചു.

വീട് പഴയതുപോലെയല്ല, ആകെ നശിച്ചിരിക്കുന്നു. ആൾ താമസമില്ലാത്തതുപോലെ... റാം വീടിനകത്തേക്ക് കടന്നു. മുഴുവൻ ഇരുട്ടാണ്. അതിനുള്ളിലെ രണ്ട് മുറികൾ ശൂന്യം.

മൂന്നാമത്തെ മുറിക്കുള്ളിൽ ഒരു ചങ്ങല കിലുക്കം കേൾക്കാം. റാം അതിനുള്ളിലേക്ക് കടന്നു.

കാലിൽ ഒരു ചങ്ങലയും ആയി റാമിന്റെ അമ്മ... അവർ കയ്യിൽ എന്തോ ഭ്രാന്തമായി മുറുകെ പിടിച്ചിട്ടുണ്ട്. അത് റാമിന്റെ ഒരു ജോഡി ഉടുപ്പ് ആയിരുന്നു... ആ കാഴ്ച കണ്ട റാമിന് എന്തു ചെയ്യണം എന്നറിയാതായി അയാൾ സർവ്വ ശക്തിയും എടുത്തു അമ്മയെ വാരിപ്പുണരാൻ ശ്രമിച്ചു.. പണ്ടെങ്ങോ കുഞ്ഞിലേ കെട്ടിപിടിച്ചതാണ്... അടുത്ത കാലത്തൊന്നും അമ്മയെ റാമിന് ആലിംഗനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അയാൾ അമ്മയെ കെട്ടിപിടിക്കാൻ ശ്രമിച്ചു കൊണ്ടേയിരുന്നു.. പക്ഷെ അയാൾക്ക് സ്പർശിക്കാൻ പോലും കഴിഞ്ഞില്ല. ഇനി ഒരിക്കലും ആ അമ്മയെ സ്പർശിക്കാൻ ആവില്ല എന്ന സത്യം അവന്റെ മനസ്സിനെ കീറിമുറിച്ചു. കരയാൻ അവനു കഴിയില്ലല്ലോ എന്നവൻ ഓർത്തു പക്ഷെ അവൻ പോലും അറിയാതെ അവന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ വാർന്നു വീണിരുന്നു.......



മെൽബിൻ മാത്യു



# പാതയോരങ്ങളിൽ പക്ഷികൾ

നീ കാണുന്നില്ലെ
നിറം കടംവാങ്ങി നിഴലുകൾ
തിക്കിത്തിരക്കുന്ന
ബസ്സുകളുടെ പിൻസീറ്റിൽ
ഞെരിഞ്ഞൊടിയാറായ എന്റെ എല്ലുകളെ?
മൗനമാസങ്ങളെ പൊതിഞ്ഞ
തുകൽസഞ്ചിയിൽ നിന്ന്
നിനക്കയക്കുവാൻ കഴിയാതെ പോയ
കത്തുകളെടുത്ത്
ആരൊക്കെയോ
ഒരു കിടക്കയിലെ പഞ്ഞി മുഴുവനും
കീറിപ്പറത്തുന്നു.
കാറ്റിൽ
പഞ്ഞികൾ
മഞ്ഞുകളെന്നു തോന്നുന്നു
പക്ഷെ
തൊട്ടുനോക്കുവാൻവയ്യ
തണുപ്പില്ലെന്നറിഞ്ഞാൽ
വിരലുകളറ്റുപോയേക്കും.
വായിച്ചുതീരാത്ത പുസ്തകങ്ങളിൽ നിന്ന്,
ശവപ്പെട്ടിത്തടിയുടെ വേരുകളിൽ നിന്ന്
ഞാനാ തെരുവോരങ്ങളിൽ
വഴിയറിയാതെ നിൽപുണ്ടാവും
നീ വരണം.

നനഞ്ഞ ചെങ്കല്ലുകൾ പോലെ പൊടിയുന്ന
എന്റെ കണ്ണുകൾക്ക്
കൊഴിഞ്ഞുവീണ പക്ഷികളുടെ
നിറമായിട്ടില്ലെന്ന് ഉറപ്പിക്കുവാനെങ്കിലും,
മുഖം മറയ്ക്കുന്ന തൊപ്പികളണിയാതെ,
കണ്ണടയുടച്ച്.

ഈ തിരക്ക്
ഇതിലെ മനുഷ്യർ
അവരുടെ വാഹനങ്ങൾ
സർവ്വോപരി ഈ വഴിതന്നെയാകുന്നു
തമ്മിൽ വെറുതേ നോക്കിനിൽക്കുന്നതാം
പാതയോരങ്ങളെ വേർപെടുത്തുന്നത്
എന്നു നമ്മളറിയുംവരെ,
ഉഷ്ണനദിയിൽ
എല്ലാ തൂവലും കൊഴിഞ്ഞുപോകും
എന്നു ഋതുക്കളറിയുംവരെ,
ഞാനിവിടെ കാത്തുനിൽക്കും..



# അടരുമ്പോൾ ഇലകൾ ചെയ്യുന്നത്..



പി. എസ്. അമൽ

(ഇലക്ട്രിക് കസേരയിലിരുത്തപ്പെട്ട
എണ്ണമറ്റ കുറ്റവാളികൾക്കു വേണ്ടി.)

നീലവരമ്പുള്ള ചുവന്ന പുഴകൾ
നിനക്ക് വഴിതെളിക്കട്ടെ.
വിശപ്പറിഞ്ഞപ്പോൾ
വെയിൽ വിളഞ്ഞ കുഴാങ്ങളിൽ നിന്ന്
ഉറുമ്പുകളെവിടേക്കു കുന്നുകൂട്ടുന്നു
എന്റെ മാംസത്തിന്റെ പങ്ക് നിനക്കുവെക്കാതെ?

പാതം നിറയെ കുരുവികളാണ്,
കൂടുകൂട്ടാനാകാം കൂട്ടമാകുന്നത്
മതിലിനപ്പുറം തീയാളുന്നുണ്ട്,
എന്റെ നീലവരമ്പുള്ള ചുവന്ന പുഴകൾ
നിനക്കു വഴിതെളിക്കട്ടെ.
പനിനീർപൂക്കളുടെയും
മുന്തിരിക്കുലകളുടെയും
മാതളപ്പഴങ്ങളുടെയും
കഥകളില്ലാതിനി
ഇലക്ട്രിക് കസേരയിൽ
എന്റെ മെഴുകുരുകിയൊലിക്കണം.

പിന്നെയും ചങ്കിൽ
പിറക്കുന്നുവോ പഴയ സാഗരം
തിരകൾ... തിരകൾ...
പുനർജന്മത്തിന്റെ പൂതിയിൽ പൊലിക്കുന്ന
പതനുരകൾ

അടരുമ്പോൾ
നിന്റെ കണ്ണുകൾ
വഞ്ചികളെപ്പോലെയാണ്
നിലാവുകളേറെ പെയ്തുതീർന്നിട്ടും
അതെന്നിൽത്തന്നെ തുഴയുകയാണ്.
തിമഞമേറ്റുറങ്ങുമ്പോൾ
ഇല്ലാതെപോയെന്റെ പകലേ
ഒരു സന്ധ്യയും
നിനക്കു നൽകുവാനായ് എനിക്കിന്ന്
വേർപാടിൽ
ഇലകൾ പിടയുകയും
ചില്ലകൾ നിശബ്ദമാവുകയും ചെയ്യുന്നു.



# അവൾ കറുമ്പിയാണ്

അവൾ കറുമ്പിയാണ്
നീയും, ഞാനും കല്പിച്ച
മേനിയഴകവൾക്കില്ല.
താമര മിഴിയില്ല, കരിമഷി കണ്ണില്ല,
ചെമ്പൂചൊടിയില്ല, വശ്യനോട്ടമില്ല
കല്പിതസൗന്ദര്യമൊട്ടും തന്നെയില്ല
എന്നാലവളൊരു ദേവതയാണ്
നീയും ഞാനും ആരാധിക്കുന്ന ദേവത,
സാക്ഷാൽ അഴകിന്റെ ദേവത,
ഗ്രീക്കുകാർക്കവൾ അഫ്രോഡൈറ്റ്
റോമാക്കാർക്കിവൾ വീനസ്
നിനക്കുമെനിക്കുമവൾ ലക്ഷ്മി.



ജസ്റ്റിൻ ജേക്കബ്

# FERVOUR SOUL

Nothing can halt the upstreaming
Aspirations that comes out from
The infinite desires of amenity,
Where I'm also a part.

My scuffles to append is vain
It dragged me into a vigorous veil
Where no one can retrieve me;
A state of Lost.

My screaming and lamentations
In rainy nights are futile one
But I used to cry for
The sake of my soul

I feign that am fine
But still my soul echoes…
To dwell in fairy land where
Am blessed with sorcerous power.



Densy John



# ദേവമാതാ കോളേജ് സ്റ്റുഡന്റ് കൗൺസിൽ

## 2018-19 വർഷത്തെ പ്രവർത്തന റിപ്പോർട്ട്




## യൂണിയൻ തിരഞ്ഞെടുപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ കോളേജുകളിലേക്കുമുള്ള തിരഞ്ഞെടുപ്പ് 2018 സെപ്റ്റംബർ മാസം 11-ാം തീയതി നടന്നു. കുറവിലങ്ങാട് ദേവമാതാ കോളേജിലും അന്നേ ദിവസം നടന്ന തിരഞ്ഞെടുപ്പിൽ താഴെ പറയുന്ന വിദ്യാർത്ഥികൾ അതാത് സ്ഥാനങ്ങളിലേക്ക് പാർലമെന്ററി സംവിധാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടു.

| | |
|---|---|
| ചെയർമാൻ | - സച്ചിൻ. എസ് |
| വൈസ് ചെയർമാൻ | - തൃഷ രാജ് |
| ജനറൽ സെക്രട്ടറി | - അഭിഷേക് മോഹൻ |
| ആർട്സ് ക്ലബ് സെക്രട്ടറി | - അരവിന്ദ്. ആർ |
| മാഗസിൻ എഡിറ്റർ | - ശ്വേത. പി.വി |
| യു.യു.സി (1) | - മെൽബിൻ മാത്യു. പി.ബി |
| യു.യു.സി (2) | - പ്രദീഷ് പ്രദീപ് |
| ലേഡി റെപ്പ് (1) | - മേഘന സാജൻ |
| ലേഡി റെപ്പ് (2) | - അനീറ്റ്. ഗ്രേസ് ജോസ് |
| I. ഡി.സി. റെപ്പ് | - സിറാജുദ്ദീൻ എൻ.എ |
| II. ഡി.സി റെപ്പ് | - ബിബിൻ ഷാജു |
| III. ഡി.സി റെപ്പ് | - ജോസിൽ ജോബി |
| I. പി.ജി റെപ്പ് | - റിന്റോ സാബു |
| II. പി.ജി റെപ്പ് | - ജോമൽ സണ്ണി |

സ്പോർട്സ് സെക്രട്ടറിയായി മെബിൻ ജോജുവിനെ നോമിനേറ്റ് ചെയ്ത് തിരഞ്ഞെടുത്തു. സുവോളജി വിഭാഗം മേധാവി ഡോ. പ്രിയ ജോസഫ്, മലയാളം വിഭാഗം അദ്ധ്യാപിക ഡോ. മിനി സെബാസ്റ്റ്യൻ, ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകൻ ശ്രീ സുബിൻ വർഗ്ഗീസ്, മാത്തമാറ്റിക്സ് വിഭാഗം അദ്ധ്യാപകൻ ശ്രീ. റെന്നി എ ജോർജ് എന്നിവരെ യൂണിയൻ അഡ്വൈസർമാരായി 13 അംഗ പാനൽ ചെയർമാൻ സച്ചിന്റെ കീഴിൽ നിയോഗിക്കപ്പെട്ടു

## സത്യപ്രതിജ്ഞ

ദേവമാതാ കോളേജിലെ 2018-19 അദ്ധ്യയന വർഷത്തെ യൂണിയൻ 2018- സെപ്റ്റംബർ മാസം 13-ാം തീയതി സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറി. യൂണിയൻ ഇലക്ഷൻ റിട്ടേണിംഗ് ഓഫീസർ ഡോ. സി.എം. ജോർജ്ജ് അദ്ധ്യക്ഷനായ ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോ. ജോജോ. കെ.ജോസഫ് സത്യവാചകം ചൊല്ലിക്കൊടുത്തു.

യൂണിയൻ അഡ്വൈസർമാരായ ഡോ. മിനി സെബാസ്റ്റ്യൻ, ഡോ. പ്രിയ ജോസഫ്, ശ്രീ.റെന്നി എ. ജോർജ് എന്നിവർ ആശംസകൾ നേർന്നു.

കോളേജിന്റെയും അധ്യാപക വിദ്യാർത്ഥികളുടെയും ഉന്നമനത്തിനായി അച്ചടക്കത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തുമെന്നും വേർതിരിവുകൾ ഒന്നും തന്നെ ഇല്ലാതെ എല്ലാ വിദ്യാർത്ഥികളെയും ഒരു പോലെ കാണുമെന്നും യൂണിയൻ അംഗങ്ങൾ പ്രതിജ്ഞ ചെയ്തു. ചടങ്ങിന് കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി നന്ദി രേഖപ്പെടുത്തി.

## ദ്വിദിന വ്യക്തിത്വ വികസന ക്ലാസ്സ്

യൂണിയൻ ഉദ്ഘാടനത്തിനു മുന്നോടിയായി യൂണിയൻ ഭാരവാഹികൾക്കും മറ്റെല്ലാ ക്ലാസ്സ് ലീഡർമാർക്കുമായി കോളേജ് പ്രിൻസിപ്പൽ സംഘടിപ്പിച്ച ദ്വിദിന വ്യക്തിത്വ വികസന ക്ലാസ്സ് സെപ്തംബർ മാസം 17-18, തിങ്കൾ, ചൊവ്വ ദിവസങ്ങളിലായി നടന്നു. കൗൺസിലിംഗ് വിദഗ്ധനും അധ്യാപകനുമായ ശ്രീ ജയന്തി അവർകൾ ക്ലാസ്സുകൾ നയിച്ചു. വ്യക്തിത്വ വികസനം, പ്രവൃത്തി പരിചയം, പ്രസംഗ പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഏവരും ഏറെ താത്പര്യത്തോടെ പങ്കെടുത്തു. രണ്ടാം ദിവസത്തെ ക്ലാസ്സിന്റെ അവസാനം കോളേജ് യൂണിയൻ ഈ വർഷം നടത്താൻ പോകുന്ന ചെറുതും വലുതുമായ എല്ലാ പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ച് ഒരു ആക്ഷൻ പ്ലാനായി സമർപ്പിക്കാനും സാധിച്ചു.

## യൂണിയൻ ഉദ്ഘാടനം- പ്രയാണം 2018

കുറവിലങ്ങാട് ദേവമാതാ കോളേജ് യൂണിയൻ പ്രവർത്തനോദ്ഘാടനം 2018 ഒക്ടോബർ 29-ാം തീയതി തിങ്കളാഴ്ച നടന്നു. ആധുനിക മലയാള കവികളിൽ ഏറെ ശ്രദ്ധേയനായ ശ്രീ കുരീപ്പുഴ ശ്രീകുമാർ ഭദ്രദീപം കൊളുത്തി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. യൂണിയൻ ചെയർമാൻ സച്ചിൻ എസ് അധ്യക്ഷത വഹിച്ചു. ചടങ്ങിന് സ്വാഗതം ആശംസിച്ചത് വൈസ് ചെയർപേഴ്സൺ തൃഷ മാത്യു ആണ്. കോളേജ് പ്രിൻസിപ്പൽ ആമുഖ പ്രഭാഷണം നൽകി.

കോളേജിലെ ആർട്സ് ക്ലബിന്റെ ഉദ്ഘാടനം പ്രശസ്ത ഗാനരചയിതാവും ഗായകനുമായ ശ്രീ നാസിർ. പി. നിർവ്വഹിച്ചു. മുൻ എം.ജി യൂണിവേഴ്സിറ്റി കലാപ്രതിഭകൂടിയായ അദ്ദേഹം വിദ്യാർത്ഥികളെയും അധ്യാപകരെയും അഭിസംബോധന ചെയ്തു സംസാരിച്ചു.
യൂണിയൻ അഡ്വൈസറായ ശ്രീ മാനി എ ജോർജ് ആശംസകൾ നേർന്നു. ജനറൽ സെക്രട്ടറി കൃതജ്ഞത നേർന്ന ശേഷം സംഗീത ആൽബം അവതരണവും നാടൻപാട്ട്, നൃത്ത പരിപാടികൾ തുടങ്ങിയവയും അരങ്ങേറി.

## പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ

കോളേജ് യൂണിയനും മറ്റ് വിദ്യാർത്ഥിസംഘടനകളും കൂടി ചേർന്ന് പ്രളയത്തിൽ പഠനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് അവ എത്തിച്ചു നൽകാനുള്ള ശ്രമത്തിൽ സജീവമായി പങ്കെടുത്തു. ക്യാമ്പസിനുള്ളിൽ വിദ്യാർത്ഥികളുടെ സഹായത്തോടെ സ്വരൂപിച്ച പണവും പഠന സാമഗ്രികളും കുട്ടനാട്ടിലെയും മറ്റ് താഴ്ന്ന പ്രദേശങ്ങളിലെയും സ്കൂളുകളിൽ എത്തിച്ചു കൊടുക്കുവാൻ സാധിച്ചു. തുടർന്നും പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ചെറുതും വലുതുമായ സഹായങ്ങൾ യൂണിയനും യൂണിയൻ അംഗങ്ങൾക്കും നൽകാനായി.

## സഹപാഠിക്ക് ഒരു കൈത്താങ്ങ്

നമ്മുടെ കോളേജിലെ രണ്ടാം വർഷ സുവോളജി വിദ്യാർത്ഥിയുടെ പിതാവിന് അപ്രതീക്ഷിതമായി സംഭവിച്ച ആരോഗ്യ പ്രശ്നങ്ങൾ അതിജീവിക്കാൻ ഏറെ കാര്യങ്ങൾ ചെയ്യുവാൻ സാധിച്ചു.



കോളേജിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അകമഴിഞ്ഞ സഹായസഹകരണത്തോടെയും യൂണിയൻ അംഗങ്ങളുടെയും മറ്റ് വിദ്യാർത്ഥി സുഹൃത്തുക്കളുടെയും അധ്വാനവും ചേർന്ന് അദ്ദേഹത്തെ ജീവിതത്തിലേക്ക് തിരികെ വിളിക്കുവാൻ നമുക്കായി.

## കേരളപ്പിറവി ആഘോഷവും എത്ത്നിക് ഡേ ആചരണവും

പ്രളയം കവർന്നെടുത്ത ഓണത്തിനുശേഷം കേരളീയത്തനിമയും മലയാളിത്തവും ക്യാമ്പസിൽ ആവിഷ്കരിക്കാനായി 2018 നവംബർ മാസം ഒന്നാം തീയതി നമ്മുടെ കോളേജിൽ എത്ത്നിക് ഡേ ആയി ആചരിച്ചു. കേരളീയ വസ്ത്രങ്ങൾ ധരിച്ചെത്തിയ വിദ്യാർത്ഥികളും അധ്യാപകരും കോളേജ് യൂണിയൻ നേതൃത്വം നൽകിയ ഈ ആശയത്തിന് പൂർണ്ണ പിന്തുണ നൽകി. തുടർന്ന് കോളേജിലെ നാടൻപാട്ട് സംഘമായ നാട്ടുപൊലികയുടെ കലാപരിപാടികൾ കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു.

## ഇന്റർ കോളേജ് ക്രിക്കറ്റ് ടൂർണമെന്റ്

ഭാരതമാതാ കോളേജിന്റെ സമീപ ചരിത്രത്തിൽ ആദ്യമായി നമ്മുടെ കോളേജ് ഗ്രൗണ്ടിൽ ഒരു ഇന്റർ കോളേജ് ക്രിക്കറ്റ് ടൂർണമെന്റ് നവംമ്പർ 26-ാം തീയതി സംഘടിപ്പിക്കാൻ ഈ യൂണിയന് സാധിച്ചു. സ്പോർട്സ് സെക്രട്ടറി തരുൺ തോമസ് വിനോടൊപ്പം മറ്റ് യൂണിയൻ ഭാരവാഹികളും വിദ്യാർത്ഥികളും വിദ്യാർത്ഥി സുഹൃത്തുക്കളും ടൂർണമെന്റിന്റെ സുഗമമായ നടത്തിപ്പിനായി സഹകരിച്ചു. 16 ടീമുകൾ മത്സരിച്ചു. ഈ ടൂർണമെന്റിൽ തലയോലപ്പറമ്പ് ദേവസ്വംബോർഡ് കോളേജ് കപ്പ് നേടി. പുതുവേലി മാർ കുര്യാക്കോസ് കോളേജ് ഫസ്റ്റ് റണ്ണേഴ്സ് അപ്പ് ആയി.

## കോളേജ് ആർട്സ് ഡേ- സൗഹൃദമ ഹൃദയാഹ്ലാദകാരിയായ സന്നാഹം

പാഠ്യ വിഷയങ്ങളിലെ മികവിനോടൊപ്പം കോളേജിലെ വിദ്യാർത്ഥികളുടെ കലാപരമായ വാസനകൾക്കും ചിന്തകൾക്കും പ്രോത്സാഹനമായി നമ്മുടെ കോളേജിലെ യുവജനോത്സവം ജനുവരി -31, ഫെബ്രുവരി 1 തീയതികളിലായി നടന്നു. 31- ന് രാവിലെ ലളിതമായ ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. ജോജോ. കെ. ജോസഫ് ഉദ്ഘാടനകർമ്മം നിർവഹിച്ചു. 28 ഇനങ്ങൾ നാല് വേദികളിലായി അരങ്ങേറിയപ്പോൾ മുന്നൂറോളം മത്സരാർത്ഥികളാണ് രജിസ്റ്റർ ചെയ്ത്. തുടർന്നുള്ള ദിവസങ്ങളിലെ ഓൺ സ്റ്റേജ് മത്സരങ്ങളിലും വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം ശ്രദ്ധേയമായി. ഓവറോൾ പോയിന്റുകളുടെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് വിഭാഗം കലാകിരീടം ഉയർത്തി. അവസാന മത്സരം വരെയും ആവേശം അലയടിച്ചു. പോരാട്ടത്തിൽ ഫിസിക്സ് വിഭാഗം രണ്ടാമതെത്തി. മാത്തമാറ്റിക്സ്, ഇക്കണോമിക്സ്, കൊമേഴ്സ്, സുവോളജി, ട്രിപ്പിൾ മെയിൻ തുടങ്ങിയ ഡിപ്പാർട്ട്മെന്റുകൾ പോയിന്റ് പട്ടികയിൽ ശ്രദ്ധേയമായ ചലനമുണ്ടാക്കി.

## കൾച്ചറൽ ഈവനിംഗ്

പഠനത്തിന്റെ ആലസ്യം വിട്ട് അരമണിക്കൂർ എന്ന ആശയവുമായി കോളേജ് യൂണിയൻ നടത്തിയ കൾച്ചറൽ ഈവനിംഗ് ഫെബ്രുവരി 13-ാം തീയതി അരങ്ങേറി. അരമണിക്കൂർ സമയം ഉപയോഗിച്ച് കോളേജിലെ കുട്ടികൾ വേദിയിൽ കലാപരിപാടികൾ അവതരിപ്പിച്ചു. പരിപാടികൾ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പുതുമയാർന്ന അനുഭവമായി.





## ഇന്റർ ഡിപ്പാർട്ട്മെന്റൽ ഗെയിംസ്

ആരോഗ്യപരമായ കായികസംസ്കാരം ക്യാമ്പസിൽ വളർത്തിയെടുക്കുവാൻ ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ വിവിധ പാഠ്യേതര മത്സരങ്ങൾ വിദ്യാർത്ഥികൾക്കായി നടത്തി. പാഠ്യസമയത്തെ ഒട്ടും ബാധിക്കാതെ രാവിലെയും വൈകിട്ടുമായി ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ, ഷട്ടിൽ ബാഡ്മിന്റൺ തുടങ്ങിയ മത്സരങ്ങൾ ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ നടത്തി. ആദ്യമായി ഈ മത്സരത്തിനും എവർറോളിംഗ് ട്രോഫിയും ഏർപ്പെടുത്തി വിപുലമായി സംഘടിപ്പിക്കാൻ ഈ അധ്യയന വർഷത്തെ യൂണിയന് സാധിച്ചു. ക്രിക്കറ്റ് മത്സരത്തിൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിനെ പരാജയപ്പെടുത്തി മാത്തമാറ്റിക്സ് അസോസിയേഷൻ വിജയികളായി.

ഫുട്ബോൾ മത്സരത്തിൽ ഇക്കണോമിക്സ് വിഭാഗം വിജയികളായപ്പോൾ ഇംഗ്ലീഷ് വിഭാഗം റണ്ണേഴ്സ് അപ്പ് ആയി. വോളിബോൾ മത്സരത്തിൽ ഇക്കണോമിക്സ് വിഭാഗം ഒന്നാമതെത്തിയപ്പോൾ ബി.കോം സെൽഫ് ഫിനാൻസിംഗ് രണ്ടാം സ്ഥാനം അലങ്കരിച്ചു. ബാസ്കറ്റ്ബോൾ മത്സരത്തിലും ബി.കോം എയ്ഡഡ് വിഭാഗത്തിനെ തോൽപ്പിച്ച് ഇക്കണോമിക്സ് വിഭാഗം ഒന്നാമതെത്തി. ഷട്ടിൽ ബാഡ്മിന്റൺ- ആൺകുട്ടികളുടെ മത്സരത്തിൽ മലയാളം വിഭാഗം ഒന്നാമതെത്തിയപ്പോൾ ബി.കോം സെൽഫ് ഫിനാൻസിംഗ് റണ്ണേഴ്സ് അപ്പ് ആയി. പെൺകുട്ടികളുടെ വിഭാഗത്തിൽ ബി.കോം എയ്ഡഡ് ഒന്നാമതെത്തിയപ്പോൾ ഫിസിക്സ് അസോസിയേഷൻ രണ്ടാമതെത്തി.

## എം.ജി യൂണിവേഴ്സിറ്റി കലോത്സവം- അലത്താളം 2019

കോളേജ് കലോത്സവത്തിന്റെ അടുത്ത തലം എന്ന നിലയ്ക്ക് നമ്മുടെ കോളേജിലെ വിദ്യാർത്ഥികൾക്ക് ഭാവനകളെ പ്രകടിപ്പിക്കാനുള്ള ഏറ്റവും മികച്ച വേദിയായി ഈ വർഷത്തെ യൂണിവേഴ്സിറ്റി കലോത്സവം നമ്മുടെ കോളേജിൽ നിന്നും വ്യത്യസ്ത ഇനങ്ങളിൽ ഒന്നാം സ്ഥാനത്തു വന്ന മുഴുവൻ കുട്ടികളും കലോത്സവത്തിനു രജിസ്റ്റർ ചെയ്തു. കോട്ടയത്തു നടന്ന മത്സരങ്ങളിൽ ദേവമാതാ കോളേജിൽ നിന്നും മോണോആക്ട് പങ്കാളിത്തം ഉറപ്പാക്കി. ആർട്സ് ക്ലബ് സെക്രട്ടറി അരവിന്ദ്. ആർ ന്റെ നേതൃത്വത്തിൽ മറ്റ് യൂണിയൻ ഭാരവാഹികൾ കൂടി ചേർന്ന് പ്രവർത്തിച്ചപ്പോൾ വർഷങ്ങൾക്ക് ശേഷം പോയിന്റ് പട്ടികയിൽ കോളേജിന്റെ പേര് എഴുതിച്ചേർക്കാൻ നമുക്കായി. 15 ഓളം ഗ്രൂപ്പുകൾ കോളേജിലെ കുട്ടികൾ ഒന്നിച്ചെത്തിയപ്പോൾ രണ്ടാം വർഷ ഫിസിക്സ് വിദ്യാർത്ഥി വിഷ്ണു എസ് വിൻഡ് ഇൻസ്ട്രുമെന്റ്സ് ഈസ്റ്റേൺ (നാദസ്വരം) മത്സരത്തിൽ യൂണിവേഴ്സിറ്റി തലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. മുൻ വർഷത്തെ അപേക്ഷിച്ച് കലോത്സവവേദികളിലെ യൂണിയൻ അംഗങ്ങളുടെ സജീവ സാന്നിധ്യം നമ്മുടെ കോളേജിലെ മത്സരാർത്ഥികൾക്ക് ഏറെ സഹായകരമായി ഓരോ മത്സരവേദിയിലും യൂണിയൻ അംഗങ്ങളുടെ സാന്നിധ്യം മത്സരാർത്ഥികൾക്ക് ഏറെ ആശ്വാസമായിരുന്നു.

## കോളേജ് ഡേ- അമ്പും വില്ലും

ഈ യൂണിയന്റെ ഔദ്യോഗിക സമാപനം മാർച്ച് മാസം ആറാം തീയതി കോളേജ് ഡേ ആഘോഷങ്ങളോടുകൂടി സമാപിച്ചു. ഔദ്യോഗിക സമ്മേളനം പ്രശസ്ത സിനിമാ


താരം അസ്കർ അലി ഉദ്ഘാടനം ചെയ്തു. കോളേജ് മാനേജർ ആർച്ച് പ്രീസ്റ്റ് റവ.ഡോ.ജോസഫ് താന്നിൽ, കോളേജ് പ്രിൻസിപ്പൽ ഡോ. ജോജോ കെ ജോസഫ്, ബർസാർ റവ. ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ, യൂണിയൻ അഡ്വൈസർ ശ്രീ സുബിൻ വർഗീസ്, ചെയർമാൻ സച്ചിൻ എസ്, യുയുസി മെൽവിൻ മാത്യു പി.ജി തുടങ്ങിയവർ സംസാരിച്ചു. കോളേജിലെ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പ്രിൻസിപ്പൽ അവതരിപ്പിച്ചു. പഠനപാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് പുലർത്തിയ വിദ്യാർത്ഥികൾക്ക് ഈ അവസരത്തിൽ സമ്മാനങ്ങൾ നൽകി. കോളേജ് യൂണിയന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ റിപ്പോർട്ടായി കോളേജ് യൂണിയൻ ജന.സെക്രട്ടറി അവതരിപ്പിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ കലാപരിപാടികളോടുകൂടി കോളേജ് ഡേ ആഘോഷങ്ങൾ അവസാനിച്ചു.

## കോളേജ് യൂണിയൻ കൗൺസിൽ മീറ്റിംഗുകൾ

മേരിമാതാ കോളേജ് 2018-19 യൂണിയന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും യൂണിയൻ അംഗങ്ങളും അധ്യാപകരും പ്രിൻസിപ്പലും തമ്മിലുള്ള ആശയ സംവേദനത്തിനും പ്രവർത്തനങ്ങളുടെ വിലയിരുത്തലിനുമൊക്കെയായി പത്തിലധികം തവണ യൂണിയൻ മീറ്റിംഗുകൾ കൂടി. തുറന്ന ചർച്ചകളും വേറിട്ട അഭിപ്രായങ്ങളും യൂണിയന്റെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കി. ഏതൊരു പ്രധാന പരിപാടിക്ക് മുമ്പ് ആലോചനായോഗവും അതിന് ശേഷം അവലോകനയോഗവും കൃത്യമായി ചേർന്നിരുന്നു. യൂണിയൻ കൗൺസിൽ എടുക്കുന്ന തീരുമാനങ്ങൾ കോളേജിലെ മറ്റ് വിദ്യാർത്ഥികളിലും എത്തിക്കുന്നതിനായി വ്യത്യസ്തമായ മാർഗ്ഗങ്ങൾ യൂണിയൻ സ്വീകരിച്ചിരുന്നു.

## പി.ജി ഫെസ്റ്റ്

മേരിമാതാ കോളേജ് 2018-19 അധ്യയന വർഷത്തെ ബിരുദാനന്തരബിരുദ വിദ്യാർത്ഥികളുടെ കൂട്ടായ്മ പി ജി ഫെസ്റ്റ് 2019 ഏപ്രിൽ 6 ശനിയാഴ്ച സമുചിതമായി ആഘോഷിച്ചു. ലോക പഞ്ചഗുസ്തി ചാമ്പ്യനായ ശ്രീ. ജോബി മാത്യു ഉദ്ഘാടനം നിർവ്വഹിച്ചു. മോട്ടിവേഷണൽ സ്പീക്കർ എന്ന നിലയിൽ പ്രശസ്തനായ അദ്ദേഹം ഒരു മണിക്കൂർ നേരം വിദ്യാർത്ഥികളോട് സംവദിച്ചു. പ്രിൻസിപ്പൽ ഡോ.ജോജോ കെ. ജോസഫ് സർ അധ്യക്ഷത വഹിച്ച ചടങ്ങിൽ കൊമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും പ്രോഗ്രാം കൺവീനറുമായ ഡോ. ദീപു ജോസ് സെബാസ്റ്റ്യൻ ആശംസകളർപ്പിച്ചു. രണ്ടാം വർഷ പി.ജി വിദ്യാർത്ഥി പ്രതിനിധി ജോയൽ സണ്ണി സ്വാഗതവും, ഒന്നാം വർഷ പി.ജി വിദ്യാർത്ഥി പ്രതിനിധി റിന്റോ സാബു നന്ദിയും പറഞ്ഞു. കാര്യപരിപാടിക്കു ശേഷം പി.ജി വിദ്യാർത്ഥികളുടെ വർണ്ണാഭമായ കലാപരിപാടികളും നടന്നു. മികച്ച അധ്യാപക-വിദ്യാർത്ഥി പ്രാതിനിധ്യം കൊണ്ട് വിജയം നേടിയ പരിപാടിയിൽ വിഭവസമൃദ്ധമായ സദ്യയും ഉണ്ടായിരുന്നു.



# NIYA STUDIOS, EVENTS & TRAVELS

VIDEOGRAPHY/PHOTOGRAPHY
MULTI CAMERA WORKS
LIVE MIXING & EDITING
LIVE INTERNET STREAMING
LED VIDEO WALL FOR RENT
LED TV & PROJECTORS
JIMMY JIB, 4K CAMS
SOUND & LIGHTS
STAGE DECORATION
HOSTESS & ANCHORS



MEMENTOS & TROPHIES
ID CARDS & LAMINATION
WEDDING CARDS
PHOTO FRAMES & FRAMING
LASER PRINTING
FLEX, CLOTH PRINTING
ALL ONLINE SERVICES
NSDL PAN CARD FECILITATION CENTRE
DIGITAL SEVA COMMON SERVICE CENTRE
FLIGHT, TRAIN & BUS TICKET BOOKING

**KURUPPANTHARA JN., MOB: 9577550978, 9544998584**



തുടർച്ചയായി 7-ാം തവണയും എം.ജി യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ
ദേവമാതാ കോളേജ്, യോഗാ ടീം



# ഓർമ്മകളിലേയ്ക്ക്...

## A Destiny Fulfilled

**നിലയ്ക്കാത്ത കാലത്തിനൊപ്പം ആഴമുണ്ട് ചില ഓർമ്മകൾക്ക്, ഓർമ്മകളിൽ ഏറ്റവും തിളക്കമേറിയത് മൂന്ന് വർഷം ഒരുമിച്ച് ഒരു കുടുംബം പോലെ കഴിഞ്ഞവർ ഒരുമിച്ച് പോകുന്ന ഒരു മൂന്ന് ദിവസത്തെ യാത്രയാണ് കോളേജ് ടൂർ.**

സംഭവബഹുലമായ പ്ലാനിങ്ങിനും കാത്തിരിപ്പിനും ശേഷം പുതുവർഷത്തിന്റെ മാധുര്യം നുണയുവാനും വയനാടിന്റെ മനോഹാരിതയും ഊട്ടിയുടെ തണുപ്പും അനുഭവിച്ചറിയുവാനും ഒരു യാത്ര. യാത്രയാക്കാൻ വന്ന പ്രിൻസിപ്പൽ ജോസഫ് സാറിനെ ഇനി അടുത്ത വർഷം കാണാം എന്ന വാക്കുകൾ എന്നും അനുസ്മരിപ്പിക്കും. ഞങ്ങളുടെ ഒരു വർഷം തകർപ്പുമേറിയ ആ യാത്രാനുഭവത്തെ. പഠിപ്പിക്കുന്ന അധ്യാപകരുടെയും മറ്റുള്ളവരുടെയും അനുഗ്രഹത്തോടെ 2016 ഡിസംബർ 31-ാം തീയതി രാത്രി 8.30 ന് മുത്തിക്കാട്ടുള്ള ഗേറ്റിൽ നിന്നും ദീനാമ്മയും മനോജ് സാറിനൊപ്പം കൂട്ടി എസ്.ആന്റ് എസ് ടൂർ ആന്റ് ട്രാവൽസിനൊപ്പം ഒന്ന് ചെറ്റയുടെ കൂടെ ഞങ്ങൾ യാത്ര തുടങ്ങുമ്പോൾ ഞങ്ങളുടെ മാതാപിതാക്കളുടെയും മനസ്സിൽ ഉറപ്പുണ്ടായിരുന്നു ജീവിതത്തിലെ ഏറ്റവും സുന്ദരമായ മൂന്ന് ദിവസങ്ങളാണ് ഇനി വരാനുള്ളത് എന്ന്.

## നടുറോഡിലെ പുതുവർഷം

"എന്റെ ജീവിതത്തിലെ ഏറ്റവും മെമ്മറബിൾ ആയിട്ടുള്ള ഒരു ന്യൂ ഇയർ ആഘോഷമായിരുന്നു ഇത്തവണത്തേത്. നടുറോഡിൽ ന്യൂ ഇയർ ആഘോഷിക്കുന്നത് ഇത് ആദ്യമായിട്ടാണ്. ഇറ്റ് വാസ് എ വെരി മെമ്മറബിൾ എക്സ്പീരിയൻസ്" എന്ന ദീന മിസ്സിന്റെ വാക്കുകൾ പറഞ്ഞു തരും എത്രമാത്രം സുന്ദരമായിരുന്നു ഞങ്ങളുടെ പുതുവർഷം എന്ന്. സമയം അർദ്ധരാത്രിയോടടുത്തപ്പോൾ പടക്കം പൊട്ടിച്ചും കമ്പിത്തിരികളും മത്താപ്പ് പൂത്തിരികളും കത്തിച്ച്. വിശാലമായ ആകാശത്തേക്ക് നോക്കി ഉറക്കെ ഹാപ്പി ന്യൂ ഇയർ എന്ന് ഒരേ ശബ്ദത്തിൽ അലറി വിളിച്ചും സന്തോഷം പങ്കിട്ട് ഒരു ടൂറിന് കിട്ടാവുന്ന ഏറ്റവും നല്ല തുടക്കമായിരുന്നു.

## വയനാടിന്റെ കുളിരോർമ്മകളിൽ

അയ്യേ വയനാടോ..? വയനാട് ഒക്കെ ഇവിടെ അടുക്കുന്നതല്ലേ അതാണോ കോളേജ് ടൂർ ? എന്ന ഒരുപാട് പേരുടെ ചോദ്യത്തിനു മറുപടിയായിരുന്നു വയനാടിന് ഞങ്ങൾക്ക് നൽകുവാനുണ്ടായിരുന്നത് മനോഹര ദിശകളിൽ കിടക്കുന്ന സ്ഥലങ്ങളാണ് പലപ്പോഴും വയനാട്ടിലെ യാത്ര ദുഷ്കരമാക്കുന്നത്. ഒരു സ്ഥലത്തും നിന്നും മറ്റൊരു സ്ഥലത്തേക്ക് കുറച്ചധികം ദൂരം യാത്ര ചെയ്യേണ്ടി വരുന്നതിനാൽ ഒരു പാട് സ്ഥലങ്ങളിൽ പോകാതെ പോകുന്ന സ്ഥലങ്ങളിൽ നന്നായി അടിച്ചു പൊളിക്കുക എന്നതായിരുന്നു ഞങ്ങളുടെ പ്ലാൻ.

രാവിലെ 6.00 മണി ആയപ്പോൾ ഞങ്ങൾ വയനാട് എത്തിച്ചേർന്നു. വയനാട്ടിൽ ഞങ്ങളുടെ ആദ്യ ലക്ഷ്യം കുറുവ ദ്വീപ് ആയിരുന്നു. തണുപ്പിനൊപ്പമുള്ള ചൂട് ഏറ്റവും നല്ല കോമ്പിനേഷൻ ആണ് ഒരു [illegible] പ്രഭാത ഭക്ഷണത്തിനും ശേഷം അമ്മയോടൊപ്പം [illegible] ഞങ്ങൾക്ക് അവിടെ ഒരു [illegible] കാത്തിരിപ്പുണ്ടായിരുന്നു. സ്വകാര്യ [illegible] തിനാൽ [illegible] കുടിക്കാനിറങ്ങിയ വിനോദസഞ്ചാരികളുടെ [illegible] അസ്വസ്ഥപ്പെടുത്തി [illegible] ചങ്ങാടങ്ങളിലൊരുക്കി കാത്തിരിക്കാനാരംഭിച്ചു. കബനി [illegible] നദിയുടെ നടുവിൽ ഏകദേശം 150 ചെറു ദ്വീപുകൾ ചേർന്ന കുറുവ ദ്വീപിലേക്ക് എത്തിച്ചേരുവാനുള്ള ഒരേ ഒരു മാർഗ്ഗം മുളകൊണ്ട് കെട്ടിയുണ്ടാക്കിയ

...ഒരു ചങ്ങാടമായിരുന്നു. ആദ്യമായി ചങ്ങാടത്തിൽ കയറാൻ പോകുന്നതിന്റെ ആകാംക്ഷ പലരുടെയും മനസ്സിൽ [illegible] ബഹളവും ചോദ്യം [illegible]. കാത്തിരിപ്പിനു വിരാമം കുറിച്ചുകൊണ്ട് അല്പം [illegible] ചങ്ങാടത്തിൽ കയറി ഞങ്ങൾ കുറുവ ദ്വീ[illegible] ലെത്തി.

വെള്ളത്തെയും കാടിനെയുമൊക്കെ ഇഷ്ടപ്പെടുന്നവരെ ഏറെ ആകർഷിക്കുന്ന ഒരു പ്രദേശമാണ് കുറുവ. ഒറ്റവഴി [illegible] ഒരു കിലോമീറ്റർ ഉള്ളിലേക്ക് നടന്നാൽ കബനി [illegible] ഇറങ്ങുവാൻ പാകത്തിനു മുട്ടോളം വെള്ള[illegible] സ്ഥലങ്ങളിൽ എത്തിച്ചേരാം. ഇന്ത്യയിലെ ഏറ്റവും [illegible] ആൾപാർപ്പില്ലാത്ത ദ്വീപിൽ പലതരം പാറക്കൂട്ടങ്ങളിൽ [illegible] ഒഴുകുന്ന കബനിയുടെ മനോഹര ശബ്ദമോ കാടിന്റെ [illegible] നിശബ്ദതയോ നമുക്ക് അനുഭവിക്കാൻ കഴിയില്ല. [illegible] വിനോദ സഞ്ചാരികളുടെ തിരക്കാലും, അവരുടെ വെള്ളത്തിൽ കളികളും കുളികളുമെല്ലാം ആഹ്ലാദപ്രകടനങ്ങ[illegible] ശബ്ദമുഖരിതമായ ഒരു അന്തരീക്ഷമാണ് അവിടെ. ഉച്ചവരെ അവിടെ ചിലവഴിച്ച ശേഷം ഞങ്ങൾ അവിടെ നിന്ന് ഞങ്ങളുടെ അടുത്ത ലക്ഷ്യസ്ഥാനമായ ബാണാസുര സാഗർ ഡാമി[illegible] ലേക്ക് യാത്ര തിരിച്ചു.

മണ്ണ് കൊണ്ട് നിർമ്മിച്ച ഇന്ത്യയിലെ ഏറ്റവും വലിയ ഡാം എന്ന പ്രത്യേകത ബാണാസുരയെ ഒരു വിനോദ സഞ്ചാര കേന്ദ്രമാക്കി. വൈകുന്നേരത്തോടുകൂടിയാണ് ഞങ്ങൾ അവിടെ എത്തിച്ചേർന്നത്. ഇളം വെയിലും തുടർച്ചയായി വീശുന്ന കാറ്റും വിശാലമായ ഡാമും തൊട്ടടുത്തുള്ള [illegible] ഞങ്ങൾക്ക് ഞങ്ങളുടെ ടൂറിനെ ഏറ്റവും മനോഹരമായ രീതിയിൽ ആഘോഷിക്കുവാൻ [illegible] സഹായകമായി. കളിചിരികളും തമാശകളുമായി അവിടെ [illegible] സമയം ചിലവഴിച്ച ശേഷം അന്നത്തെ യാത്രക്ക് വിരാമമിട്ടുകൊണ്ട് ഞങ്ങൾ ഹോട്ടലിൽ തിരിച്ചെത്തി. അന്നത്തെ ആഘോഷം ഇനി ഹോട്ടൽ മുറിയിൽ ഒതുങ്ങു[illegible] പ്രതീക്ഷിച്ച ഞങ്ങളെ കാത്തിരുന്നത് ബസ്സിന്റെ ഡ്രൈവർ ചേട്ടന്മാരായ അരുണേട്ടന്റെയും രാജീവേട്ടന്റെയും വക ഒരു അടിപൊളി ഡിജെ പാർട്ടിയായിരുന്നു. [illegible] ഡാൻസ് ചെയ്ത് ക്ഷീണിച്ച ശേഷം പുതപ്പിനടിയിൽ ചുരുണ്ടുകൂടുമ്പോഴും എല്ലാവരും അടുത്ത ദിവസം വയനാട് കാത്തുവെച്ചിരിക്കുന്ന അത്ഭുതങ്ങളെപ്പറ്റി അറിയുവാൻ ആകാംക്ഷഭരിതരായിരുന്നു.





## മൂന്നിൽ ഒന്നാമൻ രണ്ട്

പുതുമയുള്ള എന്തെങ്കിലും വേണമെന്ന ആഗ്രഹമായിരുന്നു വയനാട്ടിലേക്ക് പോകുന്നവർ സ്ഥിരം പോകാറുള്ള എടക്കൽ ഗുഹയും [illegible] വെള്ളച്ചാട്ടവും ഞങ്ങൾ ഒഴിവാക്കിയത്. പുതുമ തേടിയുള്ള ആ യാത്ര ഞങ്ങളെ കൊണ്ടെത്തിച്ചത് ഒരു തീപിടുത്തത്തിനെ തുടർന്ന് [illegible] ചെമ്പ്ര കൊടുമുടിയിലേക്കും അധികമാരും പോകാത്ത സൂചിപ്പാറ വെള്ളച്ചാട്ടത്തിലേക്കുമാണ്. ഒരു പക്ഷെ പുതുമയാർന്ന ആ രണ്ടു സ്ഥലങ്ങൾ തിരഞ്ഞെടുത്തതിനാലാവണം മൂന്ന് ദിവസങ്ങളിൽ ഒന്നാമതായി എല്ലാവരുടെയും മനസ്സിലേക്ക് കടന്നുവരുന്നത് രണ്ടാം ദിനമാണ്.

രണ്ടാം ദിനം എല്ലാവരും എഴുന്നേറ്റത് പുത്തൻ ഉണർവ്വോടെ ആയിരുന്നു. ആദ്യ ദിവസത്തെ ക്ഷീണങ്ങളെല്ലാം കാറ്റിൽ പറത്തി പ്രഭാതഭക്ഷണത്തിനുശേഷം രണ്ടാം ദിനത്തിലെ ആദ്യ ലക്ഷ്യസ്ഥാനമായ ചെമ്പ്രയിലേക്ക് പുറപ്പെട്ടു. വയനാട് ജില്ലയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയാണ് ചെമ്പ്ര കൊടുമുടി. ടൂറിന്റെ ഏറ്റവും വലിയ ആകർഷണമായി ഞങ്ങൾ പറഞ്ഞുകൊണ്ടിരുന്നത് ചെമ്പ്ര ട്രക്കിങ് ആയിരുന്നെങ്കിലും ഞങ്ങൾക്ക് മുമ്പേ ചെമ്പ്ര വന്ന് കണ്ടിട്ട് പോയ സീനിയേഴ്സ് [illegible] പറഞ്ഞ അധികം നല്ലതല്ലാത്ത അനുഭവങ്ങൾ മനസ്സിലുണ്ടായിരുന്നു. മൂന്നു മണിക്കൂർ കയറ്റമുള്ള ട്രക്കിങ്ങിന്റെ മുഴുവൻ ദൂരം നാലര കിലോമീറ്ററാണ്. ഇതിൽ ഒരു കിലോമീറ്റർ ജീപ്പിൽ സഞ്ചരിച്ച് ഞങ്ങൾ വാച്ച് ടവറിന്റെ അടുത്തെത്തി. ജീപ്പിലിരുന്നു നോക്കുമ്പോൾ കാണാവുന്ന കൂറ്റൻ മലമുകളിലേക്ക് എങ്ങനെയെത്തും എന്നൊരു ആശങ്ക എല്ലാവരുടെയും മനസ്സിൽ ഉണ്ടായിരുന്നു. എന്നാൽ ദൈവാനുഗ്രഹമെന്നോണം പ്രകൃതിപോലും ഞങ്ങളോട് [illegible] അനുകൂലമായിരുന്നു. ചെമ്പ്രയുടെ സവിശേഷതകൾ വിവരിച്ച് തരാൻ ഗൈഡായി [illegible] ചേട്ടനും ഞങ്ങൾക്കൊപ്പം കൂടി. വാച്ച് ടവറിൽ നിന്നും മുകളിലേക്ക് [illegible] പുല്ലിനും നടുവിലൂടെ ചെമ്പ്ര കൊടുമുടിയെ കീഴടക്കാനുള്ള യാത്ര ഞങ്ങൾ ആരംഭിച്ചു.

പുലരിയുടെ ചെറുതണുപ്പിനോട് ചേർന്നുള്ള [illegible] തുടർച്ചയായുള്ള കയറ്റമെല്ലാം പ്രകൃതി ഞങ്ങൾക്ക് സമ്മാനമായി നൽകിയപ്പോൾ ഞങ്ങൾ ക്ഷീണവും ആശങ്കയും മറന്നു. ആദ്യമൊന്നുമുള്ള വഴികളിൽ ഒരു കൂട്ടർ വേഗം നടന്നപ്പോൾ മറ്റു ചിലർ പതുക്കെ ആസ്വദിച്ച് ആ വഴികൾ താണ്ടി. താഴേക്ക് ഇറങ്ങാൻ [illegible] വന്നാൽ [illegible] കൊടുക്കുവാൻ പോലും സമയമില്ലാത്തതായിരുന്നു



കുന്നുകയറ്റത്തിലേക്കുള്ള ഇടുങ്ങിയ പാത. പുതുമയാർന്ന ഒരനുഭവമായിരുന്നു ഏവർക്കുമത്. ഏകദേശം രണ്ട് കിലോമീറ്റർ മുകളിലേക്ക് മലനിരകളെ താണ്ടി എത്തിച്ചേർന്ന ഞങ്ങളെ കാത്തിരുന്നത് പ്രകൃതിയുടെ മനോഹരമായൊരു സൃഷ്ടിയായിരുന്നു. ഹൃദയസരസ്സ് എന്നറിയപ്പെടുന്ന ഹൃദയത്തിന്റെ ആകൃതിയിലുള്ള ഒരിക്കലും വറ്റാത്ത ഒരു തടാകം. തടാകത്തിനും അതിന്റെ പരിസരപ്രദേശങ്ങളിലും കുറെ സമയം ചിലവഴിച്ചതിനുശേഷം വീണ്ടും ഒരു കിലോമീറ്റർ കൂടി കയറി ചെമ്പ്രയുടെ ഏറ്റവും മുകളിലേക്ക് പോകാതെ മലയിറങ്ങാൻ തീരുമാനിച്ചു.

ചെമ്പ്രയുടെ മുകളിൽ നിൽക്കുമ്പോൾ ഏവർക്കും ലഭിക്കുന്ന അനുഭൂതികൾ വ്യത്യസ്തമാണ് എങ്കിലും അത് ഏവർക്കും അനുഭവവേദ്യമാകുന്നതും അതേസമയം തന്നെ മനസ്സിന് പുതിയൊരു ഉണർവേകുന്നതുമാണ്. അതുകൊണ്ടൊക്കെത്തന്നെയാവാം പോലെ എല്ലാവർക്കും ഒരു പോലെ പോരേണ്ടതിൽ ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലമായി ചെമ്പ്ര മാറിയത്. പ്രതികൂലമായ കാലാവസ്ഥ കാരണം ക്ഷീണിച്ചവശരായി ചെമ്പ്രമല കയറിയതുകൊണ്ടാവണം ഇതിനുമുമ്പ് പോയ ആൻസൺ ടീച്ചർ ചെമ്പ്ര പോയി 'അനുഭവിച്ചിട്ട് വരാൻ' ഞങ്ങളോട് പറഞ്ഞത്. എങ്കിലും മലയിറങ്ങുമ്പോൾ ടീച്ചറോട് പറയാൻ ഞങ്ങൾക്കൊരു മറുപടിയുണ്ടായിരുന്നു. ടീച്ചറേ ഞങ്ങൾ ചെമ്പ്ര അനുഭവിച്ചിട്ട് തന്നെയാണ് പോന്നത് എന്ന്.

ശേഷം ഞങ്ങൾ അടുത്ത ലക്ഷ്യമായ സൂചിപ്പാറയിലേക്ക് യാത്ര തിരിച്ചു. യാത്രാമധ്യേ വയനാടിന്റെ പേരും പെരുമയും വിളിച്ചോതുന്ന ഒരു അത്യുഗ്രൻ വയനാടൻ ബിരിയാണിയും കഴിച്ച് ഉച്ചതിരിഞ്ഞപ്പോൾ ഞങ്ങൾ സൂചിപ്പാറയിൽ എത്തി. ടിക്കറ്റെടുത്തശേഷം കുറച്ചു ദൂരം നടക്കുവാനുണ്ടായിരുന്നു അങ്ങോട്ടേക്ക്. ദൂരെനിന്ന് തന്നെ വെള്ളച്ചാട്ടത്തിന്റെ ശബ്ദം കേൾക്കാമായിരുന്നു. അതുകൊണ്ട് തന്നെ ഏവരും ആകാംക്ഷയിലായിരുന്നു അങ്ങോട്ടുള്ള നടത്തവും. മുകളിൽ നിന്ന് കാണുമ്പോൾ തന്നെ ഏവരെ സന്തോഷം നൽകുന്ന ഒരു കാഴ്ചയാണ് സൂചിപ്പാറ. ഇറങ്ങുന്നില്ല എന്ന് പറഞ്ഞ് വന്നവരും: ഒന്ന് തലകാണിക്കണം എന്ന് പറഞ്ഞ് വന്നവരും വെള്ളത്തിലിറങ്ങി ഒരുപാട് നേരം ചിലവിടാൻ കാരണമായത് സൂചിപ്പാറയുടെ മനോഹാരിതയാണ്. വഴുക്കലുള്ള പാറയിൽ ചവിട്ടി ഇറങ്ങിയ മുക്കാൽ പങ്ക് കൂട്ടുകാരും വീണത് ഏവരുടെ ഉള്ളിലും ചിരിപടർത്തി. തൊടാനായ ആഗ്രഹം ആരെയും തന്റെ പ്രായം പോലും മറക്കാൻ സഹായിക്കും എന്നതിന്റെ വലിയ ഉദാഹരണമായിരുന്നു ആ വെള്ളത്തിൽ നിന്ന് ഏറ്റവും അവസാനം കയറി പോകാൻ പറഞ്ഞ് വന്ന വിസിലടി ശബ്ദം ഞാൻ ഒന്നുകൂടി തലമുങ്ങിച്ചിട്ടുവരാം എന്ന് പറഞ്ഞ് പോയ തന്റെ സഹപാഠി. അവിടുത്തെ മലപരിപാടികൾക്ക് ശേഷം ഒരു ചെറു ചായയും കുടിച്ച് ഞങ്ങൾ ഊട്ടിയിലേക്ക് പുറപ്പെട്ടു.



## ഊട്ടിയിലെ സാറ്റുകളി

അർധരാത്രിയോടടുത്താണ് ഞങ്ങൾ ഊട്ടിയിൽ എത്തിച്ചേർന്നത്. തണുപ്പും ക്ഷീണവും[illegible] നിന്നും രക്ഷനേടാനായി ഏവരും മുറികളിൽ പുത[illegible]യിൽ ചുരുണ്ടുകൂടി. ആ ദിവസമവസാനിക്കു[illegible] ജീവിതത്തിലെ ഏറ്റവും മനോഹരമായ യാത്ര[illegible] അവസാനം സംഭവിക്കുമെന്ന വിഷമവും ഉള്ളിലെ[illegible]യിരുന്നു. അടുത്ത ദിവസം ഞങ്ങൾ ആ[illegible]. എങ്കിലും എല്ലാ സങ്കടങ്ങൾക്കും ഒരു താൽക്കാലി[illegible] അവധി നൽകി ആ ദിവസവും എന്നും ഓർമയിൽ സൂക്ഷിക്കാൻ ഞങ്ങൾ ഒരുങ്ങി.

യാത്രക്കനുകൂലമായൊരു കാലാവസ്ഥയായിരുന്നു ഊട്ടിയും സമ്മാനിച്ചത്. ഊട്ടിയിലെ തേയില ഫാക്ടറിയിലേക്കാണ് ഞങ്ങൾ ആദ്യം പോയത്. തേയില നിർമാണവും കണ്ട് നിന്ന് ഒരു ചൂടു ചായയും കുടിച്ച് ഞങ്ങൾ



...യുമുള്ള ചോക്ലേറ്റ് ഫാക്ടറിയിലേക്ക് പോയി. അവിടെ നിന്ന് മധുരമേറിയ ചോക്ലേറ്റുമായി അടുത്ത സ്ഥലമായ ദൊഡ്ഡബെട്ടയിലേക്ക് യാത്ര തിരിച്ചു. ഊട്ടിയിലെ ഏറ്റവും ഉയരം കൂടിയ പ്രദേശമാണ് ദൊഡ്ഡബെട്ട. ജീപ്പിൽ യാത്ര ചെയ്ത് ... ഞങ്ങൾ അവിടെയെത്തി. അവിടെ സ്ഥാപിച്ചിട്ടുള്ള ടെലിസ്കോപ്പിലൂടെ നോക്കിയാൽ ഊട്ടി നഗരം ഒരു ... കാണാമായിരുന്നു. അവിടെ നിന്ന് ചെറിയ ... ശേഷം ഞങ്ങൾ തിരഞ്ഞെടുത്തതായിരുന്നു ... "കർണാടക ഗാർഡൻ". ഏറെ വ്യത്യസ്തമായ ... സുന്ദരമായൊരു പൂന്തോട്ടം. ജീവിതത്തിൽ ... മറക്കില്ലാത്ത സന്ധ്യകളിൽ ഒന്നായിരിക്കും എന്നും. കർണാടക ഗാർഡൻ എന്നു പറയുമ്പോൾ മനസ്സിലേക്ക് ഓടി എത്തുക അവിടുത്തെ ട്രീഹൗസിലൂടെയും ഗാർഡനിലൂടെയും ... നടന്ന് കഴിച്ച സമയങ്ങളായിരിക്കും. ... അത്രമേൽ മനോഹരമായിരുന്നു അത്.

പിന്നീട് ഞങ്ങളുടെ ഒരു വ്യത്യസ്തമായിരുന്നു ഊട്ടിയിൽ നിന്നും ഞങ്ങൾ തിരികെ പോരാൻ കയറിയത് ബസിലായിരുന്നില്ല. ട്രെയിൻ ... ഊട്ടിയിൽ നിന്നും കൂനൂർ വരെ വണ്ടി ... അവിടെ വന്ന് കാത്തു നിൽക്കാം എന്ന് ഏറിയിരുന്നു; ... വിളിച്ച് പുകയും തുപ്പി ചീറിപ്പായുന്ന ഒരു തീവണ്ടി.

നീലഗിരി തീവണ്ടി ഒരു വ്യത്യസ്തമായ ട്രെയിനിൽ ഇരുന്നു കഴിച്ച അനുഭവങ്ങളും കാഴ്ചകളും കൊണ്ടായിരുന്നു. 1.30 ന് ഊട്ടിയിൽ നിന്നും പുറപ്പെട്ട തീവണ്ടി ഏകദേശം 2.30 ആയപ്പോൾ കുന്നൂർ എത്തിച്ചേർന്നു. അതുവരെയുള്ള സമയം ചുറ്റുമുള്ള കാഴ്ചകൾ കണ്ടും പാട്ടുകൾ പാടിയും. തീവണ്ടി തുരങ്കങ്ങളിലൂടെ കടന്നു പോകുമ്പോൾ അലറി വിളിച്ചും ഞങ്ങൾ യാത്ര ഒരു വിധം ... യാത്ര ചിലർ പാതി വഴിയിൽ ഇറങ്ങി. മറ്റു ചിലർ കോളേജിൽ കാത്തു നിന്ന വീട്ടുകാരുടെ കൂടെ പോയി. മറ്റു ചിലർ ടൂറിന്റെ



ഓർമകളും തീരല്ലേ എന്ന സങ്കടവും പേറി അന്ന് കോളേജിൽ ചിലവഴിച്ചു.

ഓരോ യാത്രയും ഓരോ അനുഭവമാണ്. പലതും അറിയുവാനും മനസ്സിലാക്കുവാനും പുതിയ പലതിനെ കണ്ടെത്താനുമൊക്കെ വേണ്ടിയുള്ളത്. പുതുമ തേടിയുള്ള ഒരു കുട്ടിയുടെ ആവേശം എന്നും നമ്മളെ ... ചെന്നതും കർണാടക ഗാർഡനുമൊക്കെ ഇന്നും ആ ... ഉറപ്പ് നൽകുന്നു. എന്നെന്നുമോർമ്മിക്കുവാനും ഓർക്കുമ്പോൾ കണ്ണു നിറയുവാനും വീണ്ടുമൊന്നു കൂടി പോകണമെന്ന് തോന്നിപ്പിക്കുവാനും പാകത്തിനു ഈ യാത്രയെ മാറ്റിയെടുത്തത് ഞങ്ങളൊരോരുത്തരുമാണ്. യാത്രകളെന്നാണ് പോകുന്നവരുടെ മനസ്സിനോടും പോകുവാനുള്ള ആഗ്രഹങ്ങളോടുമാശ്രയിച്ചിരിക്കും അത് നൽകുന്ന ഓർമകളും.

തയ്യാറാക്കിയത് : ജിതിൻ എസ്
ഫോട്ടോഗ്രഫി : കോളിൻ ജോൺസൺ, ആഷിക് ഉണ്ണികൃഷ്ണൻ









# സൺ ഡയറക്റ്റ്

**ദക്ഷിണേന്ത്യയുടെ No: 1 "DTH" ഓപ്പറേറ്റർ എന്നും ജനങ്ങൾക്കൊപ്പം..**

നിങ്ങളുടെ സൺ ഡയറക്റ്റുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം ഞൊടിയിടയിൽ അതും തലയോലപ്പറമ്പിൽ നിന്നും.. കുറുപ്പന്തറയിൽ നിന്നും

- സൗജന്യ റെക്കോർഡിങ്ങോട് കൂടിയ "SD+/HD+" കണക്ഷനുകളിലേക്ക് മാറൂ നിങ്ങളുടെ ഇഷ്ട പരിപാടികൾ റെക്കോർഡ് ചെയ്തു കാണൂ..

- നിലവിലുള്ള കണക്ഷൻ "SD+/HD+" ലേക്ക് മാറ്റുന്നതിന് ആകർഷകമായ ഓഫറുകൾ..

1. "SD" – "SD+" Rs. : 499*/-
2. "SD" – "HD+" Rs. : 699*/- (* Rs. :150/- Processing charge Extra..)

- നിങ്ങളുടെ നിർജീവമായിരിക്കുന്ന സൺ ഡയറക്റ്റ് കണക്ഷനുകൾ സജീവമാക്കാൻ പ്രത്യേകം ഓഫറുകൾ ലഭ്യമാണ്..

<u>കമ്പിനിയുടെ നേരിട്ടുള്ള സേവനങ്ങൾക്കു ബന്ധപ്പെടുക.....</u>

**SUNshine store**

**GURUSURYA ASSOCIATES, ALIKUNJU ARCADE, CENTRAL JUNCTION, Thalayolaparambu.**

**Contact No. 9961010691, 8547168101 & 9[illegible]220162**

**GURUSURYA ASSOCIATES**
**KALLARA ROAD, KURUPPANTHARA, MANJOOR**
**Contact No. 8893394399**

# അലത്താളത്തിലെ അലയടികൾ...

## എം.ജി യൂണിവേഴ്സിറ്റി കലോത്സവം



വിഷ്ണു എസ്
2nd Prize with A Grade
(Wind Instrument Eastern)



അതുല്യ സി.
A Grade
(Bharathanatyam & Folk Dance)



കണ്ണൻ ബാബു
A Grade
(Other Forms of Classical Dance)



ശ്രീലക്ഷ്മി പി. കുമാർ
A Grade
(Keralanadanam
Mohiniyattam)



ശ്രീഹരി പി.
A Grade
(Light Music Vocal Indian)



അലക്സാണ്ടർ പി. ജോയി
A Grade
(English Poetry Recitation
English Elocution
Malayalam Elocution)



പ്രവീണ പ്രകാശ്
A Grade
(Hindi Poetry Recitation)



അല ട്രീസ ജെയിംസ്
A Grade
(Ottanthullal)



സെബാസ്റ്റ്യൻ കെ.പി
A Grade
(English Essay Writing)



അനഘ എസ്.
A Grade
(Classical Music)



എം.എസ് മാർവിക
A Grade
(Western Vocal Solo)

# Gallery




























CJPHOTOGRAPHY




SUVI
GROUP OF COLOUR LABS & DIGITAL PRESS
THALAYOLAPARAMBU
e-mail : suvitlpa@gmail.com
(04829) 236688 , 9544902275, 9539505333
PHOTO PRINTING | LAZER PRINTING
PHOTO LAMINATION | PHOTO CALANDAR
DIGITAL ALBUMS | MUG PRINTING
ALBUM DESIGNING | CLOCK WITH PHOTO
PHOTO RE-MAKING | MOMENTOS


Café D'oro
Monday to saturday
10 am to 10 pm
Near Kurisupalli
and Civil Station
Opp. Govt HSS
Pala
Come and enjoy the Luscious taste of Italian Coffees,


Best Compliments from...
CARNIVAL
CINEMAS


വസ്ത്രങ്ങൾക്ക്
Sana Fashions
Pallikkavala, Kuravilangad, Kottayam
Ph: 233440, 9446 196852

# വലിയ തലയുള്ള പെൺകുട്ടി



ഒന്നുറങ്ങണമെന്നുണ്ടായിരുന്നു. ആ പുതപ്പിന് കീഴെ പഴയ ആ കുട്ടിയെപ്പോലെ കാലുനെഞ്ചിനോട് ചേർത്ത് വെച്ച്... ഫാനിന്റെ താളം കേട്ട്... അങ്ങനെ അങ്ങനെ... തലയുടെ ഭാരം മാത്രം കുറയുന്നില്ല. രാത്രിയിലെ ആ മൽപ്പിടിത്തവും, തെറിവിളികളും, വിയർപ്പിച്ച ചൂടും, ആ മുഖവും... അത് ബസ്സിലെ കാറ്റ് കൊണ്ടിരുന്നപ്പോഴും ഓർത്തു... ഒന്നും തോന്നിയില്ല... ഇപ്പോൾ ഒന്നും തോന്നാറുമില്ലല്ലോ... ഉറങ്ങുന്നതിന് മുൻപ് കൃഷ്ണ ഇന്നും ചോദിച്ചു "ഉറങ്ങിയില്ല അല്ലേ?" 'ഇല്ല' മുഷിഞ്ഞ ഒരു ചിരിയോടെ പറഞ്ഞു "ഇല്ല ഉറങ്ങിയില്ല..." ആ മുഖം.. അത് വീണ്ടും.. വീണ്ടും.. ഓഫീസ് റൂമിലേക്കുള്ള പടികയറുമ്പോഴാണ് ഓർത്തത് ഒന്നും കഴിച്ചില്ല. 'ഓ.. ഇനി വേണ്ട' പതിയെ ചെന്ന് കസേരയിൽ ഇരുന്നു. തല വല്ലാതെ പുകയുന്നു മുൻപിലിരുന്ന പുസ്തകം വെറുതെ തുറന്നു. മനസ്സറിഞ്ഞ് വായിച്ചതാണ്. മുല കുടിക്കുന്ന കുഞ്ഞിനെപ്പോലെ അത് എന്റെ മാറിൽ നിന്ന് അകലുന്നേയില്ല. അകറ്റാൻ എനിക്ക് കഴിയുന്നില്ല. വെറുതെ തുറന്ന് വായിച്ചു. ചുവന്ന മഷിയിൽ അടിവരയിട്ട വാക്കുകൾ മാത്രം എഴുന്നു നിന്നു. 'ഷീ വാസ് ലൈക്ക് എ പോയം ഹൂ വാസിന്റ് ഏബിൾ ടു എക്സ്പ്ലെയിൻ വെർ ഇറ്റ് പാർട്ട്സ് ബട്ട് ഓൺലി ഇറ്റ് വാസ്.' ഖാലിദ്.. എന്നിലും ഇന്നു മുഴങ്ങുകയാണ്... എന്നിലേക്കും പ്രവേശിക്കുകയാണ്... ആ ചിരി.. ആ മുഖം. ഇരിക്കാൻ സാധിച്ചില്ല. പതിയെ എഴുന്നേറ്റ് നടന്നു. ജനാലിനടുത്തെത്തിയപ്പോൾ ഒരു കാറ്റ് വന്ന് കൂടെ നിന്നു... പതിയെ എന്റെ മുടിയിൽ. എന്റെ ചുമലിൽ. എന്റെ ചെവിയിൽ ഇരുണ്ട് കൂടുകയാണ്. ഓരോ തവണ ഇരുണ്ട് കൂടുമ്പോഴും ഞാൻ ചോദിക്കാറുണ്ട്. അപേക്ഷിക്കാറുണ്ട്.. ഒന്ന് പെയ്തൊഴിഞ്ഞുകൂടെ...

കേരളപാണിനീയത്തോടും, ഭാഷാ സാഹിത്യ ചരിത്രത്തോടുമുള്ള മൽപ്പിടുത്തം അവസാനിപ്പിച്ച് ക്ലാസ് മുറി വിട്ടപ്പോൾ വൈകി. ബാഗ് എടുത്ത് ബസ് സ്റ്റോപ്പിലേക്ക് നടന്നപ്പോഴും [illegible] തലയിലേക്കാണ് നീണ്ടത്. വല്ലാതെ പുകയുന്നു. വീട്ടിലെത്തിയതും ഫോൺ വന്നു "നീ എന്തു തീരുമാനിച്ചു?". "അമ്മയുടെ ഇഷ്ടംപോലെ". പറഞ്ഞപ്പോൾ ഞാൻ തന്നെ ഒന്നു നടുങ്ങി. ഒന്നും ആരും ആഗ്രഹിക്കുന്നപോലെ അല്ലല്ലോ... "നിന്റെ അച്ഛൻ പോയതിൽ പിന്നെ ഞാൻ എങ്ങനാ നിന്നെ നോക്കിയെ എന്ന് നിനക്ക് അറിയാമല്ലോ. നീ ഇതിന് സമ്മതിക്കണം". സ്ഥിരമെങ്കിലും ഇന്ന് വാക്കുകളിൽ ഒരു തരം യാന്ത്രികതയാണ് തോന്നിയത്.

ആവർത്തിക്കപ്പെട്ടതിന്റെ യാന്ത്രികത. 'ആം' എന്ന് മൂളി ഞാൻ ഫോൺവെച്ചു.

'അച്ഛൻ' ഒരു പക്ഷെ എന്റെയും അമ്മയുടെയും ജീവിതം യാന്ത്രികമായത് അന്നാവാം. അച്ഛൻ പോയ അന്ന്. സ്വയമേ വലിച്ചിട്ട ആ അദൃശ്യമായ കയറിൽ അമ്മ.. ആ ചങ്ങല കയറിന്റെ അറ്റം എന്റെ കാലിലും... 'അച്ഛൻ' ഒന്നുകൂടി മന്ത്രിച്ചു. ഖാലിദിനെ ഒന്നുകൂടി ഓർത്തു; ആ വേദനയെയും...

അന്ന് ഇറങ്ങി ഓടിയപ്പോഴും ഇതേ ചൂടായിരുന്നു. മുടികെട്ടിയ മാനത്തിന് കീഴെ. സകലതും കിടന്ന് പുഴുങ്ങും പോലെ ചൂട്. ആദ്യമായ് ഓടിയത് ഉറങ്ങാൻ അനുവദിക്കാതെ അമ്മ പുലമ്പിയ ആ രാത്രിയിലാണ്... പിന്നീട് അപമാനിച്ച കണക്ക് ക്ലാസ്സിൽ നിന്ന്... പിന്നീട് പ്രണയം പറഞ്ഞ പുരുഷനിൽ നിന്ന്... പതിയെ പതിയെ എന്നിൽ നിന്നുതന്നെ. ഇന്നും ഞാൻ ഓടുകയാണ് അവസാനമില്ലാതെ... ഓടുംതോറും ആ ശബ്ദം ഏറി വരുന്നു. "നിനക്ക് ഞാനെ ഉള്ളൂ. ഒരു സാരി തുമ്പിൽ തീർക്കാവുന്നതെയുള്ളൂ. ഞാൻ അത് ചെയ്യും. ഞാൻ അതു ചെയ്യും... എനിക്ക് അതിന് ധൈര്യം ഉണ്ട്." വീണ്ടും പുലമ്പുകയാണ്. ഉറക്കെ ഉറക്കെ എന്റെ കാലിൽ ചങ്ങല മുറുക്കുകയാണ്... വീണ്ടും വീണ്ടും...



'അമ്മക്ക് വല്ലാത്തതാണ്. നീ വേദനിപ്പിക്കരുത്' പരിചയമില്ലാത്തവർ പോലും പറഞ്ഞു. അമ്മയൊടുള്ള സ്നേഹത്തിൽ ഞാനും എരിഞ്ഞു. ചിന്തകളിൽ അലഞ്ഞലഞ്ഞ് തിരിഞ്ഞ് നടക്കവെ വീണ്ടും ആ വേദന.. തലയുടെ അഗ്രഭാഗത്ത്. 'നിനക്ക് ഒന്നുകിടന്നുകൂടെ?' കൃഷ്ണയുടെ ചോദ്യം വന്നപ്പോഴേക്കും ഞാൻ എഴുന്നേറ്റ് റൂമിലേക്ക് നടന്നു... 'ശ്രമിക്കാം' ഒരു ചിരിയോടെ ഞാൻ പറഞ്ഞു. ചിരിയെ പോലെ കബളിപ്പിക്കുന്ന മറ്റെന്ത്?

നിൽക്കാതെ പെയ്യുകയാണ്. ഞാൻ ആഗ്രഹിച്ചതുപോലെ... തുള്ളിതോരാതെ... വല്ലാതെ ശക്തമായ്... കാതടപ്പിക്കുംപോലെ... നോക്കി നിൽക്കുന്തോറും ഏറിവരുന്നതായ് തോന്നി.. കാലങ്ങൾക്ക് ശേഷം ഞാൻ കരയുകയാണ്. ആ പുതുമണ്ണിന്റെ മണത്തോട് ചേർന്ന് ഞാൻ പറയുകയാണ്... കാലമിത്രയും നീ എന്നെ നനയ്ക്കാത്തതെന്ത്? എന്നാണ് നീ എന്നെ പിരിഞ്ഞത്? വീണ്ടും വീണ്ടും ശക്തമായ് ഞാൻ കരയുകയാണ്. എന്റെ ബാല്യത്തിൽ അമ്മ വീട്ടിൽ നിന്ന് കൊണ്ടുവന്ന. പട്ടാളക്കാരന്റെ ചിട്ടയിൽ മുറിക്കപ്പെട്ട ആ മാമ്പഴത്തിന്റെ മണമാണ് എന്നിൽ മഴക്ക്. ഓരോ തവണ പെയ്യുമ്പോഴും എന്നെ നനച്ച്. എന്നിൽ ലയിച്ച്. എന്നിൽ പടർന്ന്...

ഞാൻ അവളെ വീണ്ടും കണ്ടു.. ആ കുട്ടിയെ അവൾ ആ നിശബ്ദമായ വീടിന്റെ മുറ്റത്ത് "വലിയ തലയുള്ള പെൺകുട്ടിയെ" കാലുകൊണ്ട് മണലിൽ വരയ്ക്കുകയാണ്. നഷ്ടപ്പെട്ട എന്തിനെയോ ദൂരെ വേദനിപ്പിക്കാതെ... എന്റെ കാലുകൾ എന്റെ മനസ്സിനരികെ. എന്റെ ഹൃദയമിടിപ്പ് എന്റെ ചെവിയിൽ. കണ്ടത് പോലെ ഞാൻ അവളിലേക്ക് നടക്കുകയാണ്. അടുക്കുംതോറും അവൾ മാറുന്നു... അവൾ നിന്നിടത്തെത്തിയപ്പോൾ ഞാൻ തെളിഞ്ഞു കണ്ടു. വലിയ തലയുള്ള ആ പെൺകുട്ടിയെ! നിലത്തെ മണലിൽ അവൾ ചിരിക്കുന്നു.... 'തലയില്ലാതെ... നിസ്സഹായമല്ലാതെ... നടുക്കമില്ലാതെ.. പതിയെ ഒരു മഴ അവളെ മായിച്ചുകളയുകയാണ്.... മായിച്ചുകളയുകയാണ്.... വേദനിപ്പിക്കാതെ... എന്റെ കാലുകൾ എന്റെ മനസ്സിനരികെ.. എന്റെ ഹൃദയമിടിപ്പ് എന്റെ ചെവിയിൽ...



അനുപമ സാന്റോ

# NATIONAL STUDENTS PARLIAMENT : A CELEBRATION OF DEMOCRACY

Kerala Legislative Assembly's Diamond Jubilee Celebrations entered a niche phase with the curtains raised for the National Students Parliament organized as a part of Festival on Democracy.

Five students from Deva Matha College, also took part in NSP,2019. Alexander Joy from the PG department of Chemistry, Merlin Joy and Angel from the department of Triple Main, Merin Sabu and Amal Jayakumar from the department of Mathematics and Alex from the department of Commerce.

Aimed to inculcate in youth love for democratic values and the democratic way of life, and to instill a craving for democracy as a system, thought and vision, the three day conclave of socially and politically active youth from various Universities across the nation was conducted. The discussions covered the focal points of faith and affinity towards politics and parliamentary democracy, a plurality of thought, the essence and spirit of the Constitution, the need of ethics in public life, the vision of sustainable development and the emergence of an enlightened new world through information gateways. This was held from 23rd to 25th of February 2019.

For us, it was a chance to showcase our ideas, interact with various eminent persons and also to express our own political and social views. Further, there were informal gathering of student groups to discuss on variety of topics, which was titled, 'Rings of Fire' that witnessed the young aspirants breaking all the rings with their keen observation on social realities.



Carefully curated cultural programmes were also staged. The talk highlighted the huge response of youth across the country to take part in the democracy and the actions that would pave the way for momentous change among the minority who do not believe in democratic values. The discussions on Uniform Civil Code, Inter caste marriages, Secularism and Nationalism, Caste and its Discontents , Cultural symbiosis, One nation one Election, Neo liberalism, Inclusive Education, sustainable development etc., in which the invited personalities and student delegates actively participated were real grounds of identification and analysis of various aspects in those areas. Interactions with eminent people like Swami Agnivesh, Binoy Viswam, Rajan Gurukkal, Prakash Karat, Dr.Yasmin Ali Haque, Vijoo Krishnan, Jignesh Mevani, Dr.Valson Thampu , Shashi Tharoor and Kanhaiya Kumar were really inspiring.

One of the biggest exposures that we, the student delegates received at NSP was the hands on feel of mooting and passing Resolutions.

The entire conclave commemorated the ideology of "Vasudaivakutumbakam" so as to express the real meaning of Unity in diversity, the real reflection of cultural and social symbiosis in our mother land. The vibrant voices that echoed across the walls of our 'Niyamasabha mandiram' reminded us the need of regaining the scientific temper of our nation and making up the nomic and social fabric of India. Festival on Democracy witnessed artistic events like Folk mega shows and the last day reverberated the sounds of different instruments which came alive in the hands of 300 instrumentalists accompanied by more than fifty performers.

The meet deliberated on the need to restructure our developmental paradigms in our land, giving more importance to thfarmers and common men by utilizing the fruitful outcomes of our educational reforms, which will eradicate unemployment and poverty to a great extend.

And it was surely another progressive affirmation of Enlightenment !!!fruitful outcomes of our educational reforms, which will eradicate unemployment and poverty to a great extend.


And it was indeed another progressive affirmation of Enlightenment !!!
























മുൻപേ നടന്ന് വഴികാട്ടിയവർക്കും
കൂടെ നടന്ന് ശക്തി പകർന്നവർക്കും
പുറകിൽ നടന്ന് പിന്തുണച്ചവർക്കും
കലാസൃഷ്ടികൾ നൽകിയവർക്കും
പ്രതിസന്ധികൾ തരണം
ചെയ്യുവാൻ പ്രോത്സാഹിപ്പിച്ച
അദ്ധ്യാപകർക്കും, പ്രിൻസിപ്പാളിനും
പരസ്യം തന്ന് സഹായിച്ചവർക്കും
ചമൽക്കാരങ്ങളോടെ ഈ മാഗസിൻ
സാർത്ഥകമാക്കിയ എല്ലാവർക്കും
കൃതജ്ഞതാപൂർവ്വം കൂപ്പുകൈ...

എഡിറ്റർ





Let the less chosen path lead you... This is never an end...

(College Union 2018-19)




# size?

## SHOES & BAGS

Penattu Tower's,

MC.Road, Koothattukulam

Ph: 9995455617

*Authorised Distributors Of*


ORCHID
DESIGNS
Your Dream Our Design
FABRIC - DESIGN - STITCH
SPECIALISED IN BRIDAL & PARTY WEARS
CUSTOMISED DESIGNING
DESIGNER FABRICS
CUSTOMISED FABRIC DYEING
EMBROIDERY WORKS
Ph : 04822230515, Mob: 7559922515
GROUND FLOOR, ORCHID HOMES, VAIKOM ROAD, KURAVILANGAD
EASY TO ACCESS
LUXURIOUS
Orchid Holidays
Make your Holidays Memberable with Orchid Holidays
Fully Furnished A/C Apartments for Rental (Daily / Monthly)
VILLAS AND APARTMENTS, ORCHID DESIGNS
ORCHID EVENT AND WEDDING PLANER
ORCHID HOLIDAYS